بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 8

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം 4

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2023 ജനു: 26/ഹി.ശം. 1402 സ്വുൽഹ് 26: ഹിജ്റ 1444 റജബ് 3


## അല്ലാഹുവിന്റെ വചനം

اِنَّ شَرَّ الدَّوَآبِّ
عِنۡدَ اللّٰہِ الصُّمُّ الۡبُکۡمُ
الَّذِیۡنَ لَا یَعۡقِلُوۡنَ○

'തീർച്ചയായും അല്ലാഹുവിന്റെ ദൃഷ്ടിയിൽ ജന്തുക്കളിൽ ഏറ്റവും നികൃഷ്ടമായ ജന്തുക്കൾ (കാര്യങ്ങൾ) ഗ്രഹിക്കാത്ത ബധിരരും ഊമകളുമായ ആളുകളാണ്' (8:23)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹു ത്തആല ബിനസ്റിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയ വും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# ഖാദിയാൻ ദാറുൽ അമാനിൽ 127-ാമത് ജൽസ സാലാന വിജയകരമായി സമാപിച്ചു.

**ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയുടെ ഉദ്ദേശ്യമായി പറഞ്ഞിട്ടുള്ളത് ദീനീപരവും ആത്മീയപരവും ധാർമികപരവുമായ പുരോഗതിയാണ്**

**1891-ലെ ജൽസസാലാനയിൽ 75 പേരും 1892 ലെ ജൽസയിൽ 327 പേരും പങ്കെടുത്തു. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹവർഷം എത്രത്തോളമാണെന്നാൽ അല്ലാഹു എല്ലാ രാജ്യത്തും ആയിരക്കണക്കിന് പങ്കെടുക്കുന്നവരെ നമുക്ക് കാണിച്ചുതരുന്നു.**

**തങ്ങൾ പരിശുദ്ധമാറ്റം ഉള്ളിലുണ്ടാക്കുമെന്നും ബയ്അത്തിന്റെ നിബന്ധനകൾ കഴിവിന്റെ പരമാവധി നിറവേറ്റുമെന്നും ജൽസയിൽ പങ്കെടുക്കുന്ന ഓരോരുത്തരും പ്രതിജ്ഞ ചെയ്യുക. അല്ലാഹു അതിന് നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.**

**mta ഇന്റർനാഷണലിലൂടെ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ഇസ്ലാമാബാദ് യു.കെ യിൽ നിന്ന് സമാപനപ്രഭാഷണം**

★കോവിഡ് 19 നുശേഷം പൂർണമായ തയ്യാറെടുപ്പോടുകൂടി ജൽസയുടെ സംഘാടനം ★ മൂന്നു ദിനങ്ങളിലും ജൽസപരിപാടികളുടെ ലൈവ് സ്ട്രീമിംങ് ★ലൈവ് സ്ട്രീമിംങിലൂടെ 82500 ആളുകൾ ജൽസാപരിപാടികൾ കാണുകയും കേൾക്കുകയും ചെയ്തു. ★ 14500 പേർ ജൽസയിൽ പങ്കെടുത്തു. ★37 രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ ★ ചില ആഫ്രിക്കൻ രാജ്യങ്ങളിലെ ജൽസകളും സമാപന പ്രഭാഷണത്തിൽ പങ്കാളിത്തവും ★ സമാപനം പ്രഭാഷണം കേൾക്കാൻ ഇസ്ലാമാബാദ് മസ്ജിദ് മുബാറക്കിൽ 1404 പേരും ബയ്ത്തുൽ ഫുതൂഹിൽ 1200 പേരും മസ്ജിദ് ഫള്ലിൽ 400 പേരും പങ്കെടുത്തു. ★ തഹജ്ജുദ് നമസ്കാരം ★ദറസുൽഖുർആൻ, ദൈവസ്മരണ നിറഞ്ഞ അന്തരീക്ഷം ★ഉലമാഇന്റെ വിജ്ഞാനഭരിതമായ പ്രസംഗങ്ങൾ ★ 9 ഭാഷകളിൽ പരിപാടികളുടെ തൽസമയ തർജമ ★ ഡോക്യുമെന്ററികളും പ്രദർശനങ്ങളും ★ നിക്കാഹുകളുടെ വിളംബരം ★പ്രിന്റ് & ഇല്ക്ട്രോണിക് മാധ്യമങ്ങളിൽ ജൽസയുടെ കവറേജ് ★ ശാന്തിനിർഭരവും സമാധാനസമ്പൂർണവുമായ അന്തരീക്ഷത്തിൽ ജൽസയുടെ സമാപനം (റിപ്പോർട്ടിംഗ്: മൻസ്വൂർ അഹ്മദ് മസ്റൂർ)

അൽഹംദുലില്ലാഹ് ജൽസ സാലാന ഖാദിയാൻ ബുസ്താനെ അഹ്മദിന്റെ വിശാലമായ അങ്കണത്തിൽ 2022 ഡിസംബർ 23, 24, 25 തിയതികളിൽ(വെള്ളി, ശനി, ഞായർ)സംഘടിപ്പിക്കപ്പെട്ടു. ഇതിനുമുമ്പേ കൊറോണ പകർച്ചവ്യാധി കാരണം 2019 ലും 2020 ലും ജൽസ സാലാന സംഘടിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. 2021-ൽ വളരെ പരിമിതമായ ഹാജർ നിലയോടെയാണ് ജൽസ നടന്നത്. അൽഹംദുലില്ലാഹ് ഈ വർഷം ഖാദിയാൻ അതിന്റെ പൂർണകഴിവോടുകൂടി സംഘടിപ്പിച്ചു. അടുത്തും ദൂരത്തുമുള്ള സ്ഥലങ്ങളിൽനിന്ന് അഹ്മദിയ്യത്തിന്റെ പ്രേമഭാജനങ്ങൾ അത്യധികം അഭിലാഷത്തോടും താൽപര്യത്തോടും കൂടി ജൽസയിൽ പങ്കെടുക്കുന്നതിന് ഖാദിയാനിൽ ഹാജരായി. ജൽസയുടെ ദിനങ്ങൾ അടുത്തടുത്ത് വരുന്നതോടുകൂടി ഖാദിയാൻ ദാറുൽഅമാനിന്റെ ശോഭയിൽ വർധന ഉണ്ടായിക്കൊണ്ടിരുന്നു. അങ്ങനെ ഖാദിയാൻ പൂർണമായും അതിഥികളെക്കൊണ്ടു നിറഞ്ഞു. എവിടെപോയാലും എവിടെ നോക്കിയാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ മാത്രമാണ് കണ്ടിരുന്നത്. വിദേശത്തുനിന്നും വൻതോതിൽ അതിഥികൾ ജൽസയിൽ പങ്കെടുത്തിരുന്നു. ഖാദിയാൻ ദാറുൽഅമാനിലെ പ്രിയപ്പെട്ട ഗ്രാമം ഒരിക്കൽ കൂടി സന്തോഷത്താലും തിളക്കത്താലും ഭരിതമായി. അതിഥികൾ വന്നു തുടങ്ങുന്നതിന് മുമ്പേതന്നെ കറന്റ്-വെളിച്ചം വിഭാഗം എല്ലാ ഇടവഴികളും റോഡുകളും ട്യൂബ്ലൈറ്റുകൾകൊണ്ട് പ്രകാശമാനമാക്കിയിരുന്നു. ബിഹിശ്തിമഖ്ബറ, ദാറുൽമസീഹ്, മസ്ജിദ് മുബാറക്, മസ്ജിദ് അഖ്സ്വാ, മിനാരത്തുൽ മസീഹ് എന്നിവയെ നവവധുവിനെപ്പോലെ അലങ്കരിച്ചൊരുക്കിയിരുന്നു. ഇപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ആത്മീയഗ്രാമം അതിന്റെ ആഭ്യന്തരമായ വെട്ടിത്തിളക്കത്തോടൊപ്പം ബാഹ്യമായ നിലയിലും വെട്ടിത്തിളങ്ങി.

## പ്രവർത്തനങ്ങളുടെ പരിശോധന

2022 ഡിസംബർ 19 തിങ്കളാഴ്ച രാവിടെ 10.45ന് ജൽസാഗാഹ് ബുസ്താനെ അഹ്മദിൽ, അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലായുടെ പ്രതിനിധി നാള്വിർ അഅ്ലാ യും ഖാദിയാൻ അഹ്മദിയ്യ ജമാഅത്തിന്റെ അമീറുമായ മുഹമ്മദ് ഇനാം ഗോറി സാഹിബിന്റെ അധ്യക്ഷതയിൽ പ്രവർത്തനങ്ങൾ വിലയിരുത്തി. ഹുദൂറിന്റെ പ്രതിനിധി ആഗതനായപ്പോൾ അദ്ദേഹത്തെ *അഹ്ലൻ വ്വ സഹ്ലൻവ്വ മർഹബ*യുടെ മുദ്രാവാക്യത്തോടെ സ്വീകരിച്ചു. അദ്ദേഹം ഏറ്റവുമാദ്യം ഓരോ വകുപ്പിന്റേയും ബാനറിന്റെ പിന്നിൽ അണിനിരന്നിരുന്ന പ്രവർത്തകർക്ക് കൈകൊടുത്തു. അതിനുശേഷം അദ്ദേഹം സ്ത്രീകളുടെ പന്തലിൽ പോയി. ഈ പരിപാടി വിശുദ്ധ ഖുർആൻ പാരായണത്തോടെയാണ് ആരംഭിച്ചത്. അത് നിർവഹിച്ചത് ജാമിഅ അഹ്മദിയ്യ വിദ്യാർഥി ഹുമയൂൺ കബീർ സാഹിബാണ്. പാരായണം ചെയ്ത വാക്യങ്ങളുടെ തർജമയും അദ്ദേഹം കേൾപ്പിച്ചു. അതിനുശേഷം ഹുദൂറിന്റെ പ്രതിനിധി ഉപദേശ പ്രസംഗം നടത്തി. അദ്ദേഹം പറഞ്ഞു, "ഒരിക്കൽകൂടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സ്വീകരിക്കാൻ നമ്മൾ തയ്യാറായി എന്നത് അല്ലാഹുവിന്റെ അനുഗ്രഹവും അവന്റെ ഔദാര്യവുമാണ്. ഇത് നിസ്സാരമായ സമ്മേളനമല്ല. പ്രത്യുത അല്ലാഹുവിന്റെ വിധിയുടെ നിമിത്തമായി ഉണ്ടായിട്ടുള്ള അസാധാരണമായ ജൽസയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രാജധാനിയായ ഖാദിയാൻ ദാറുൽഅമാനിൽ ഇതു സംഘടിപ്പിക്കപ്പെടുന്നുവെന്നത് ഇതിനെ മറ്റു സമ്മേളനങ്ങളിൽനിന്ന് വേറിട്ടു നിറുത്തുന്നു. ഈ ജൽസയുടെ സമാപന ദിവസം അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ജൽസയിൽ പങ്കെടുക്കുന്നവരെ സംബോധന ചെയ്ത് സംസാരിക്കുന്നതാണ്. മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ ഇന്റർനാഷണൽ ഇത് സംപ്രേഷണം ചെയ്യുന്നതുകൊണ്ട് അതിന് ഒരു ആഗോളതലവും കൈവരുന്നു. മസീഹ് മൗഊദ്(അ)ജനിച്ച സ്ഥലവും ആ പുണ്യാത്മാവിന്റെ താമസസ്ഥലവും എന്നതിന്റെ അടിസ്ഥാനത്തിൽ മുഴുലോകത്തുനിന്നും ആളുകൾ വളരെ താൽപര്യത്തോടെയും ആവേശത്തോടെയും ഈ ജൽസയിൽ പങ്കെടുക്കുന്നു." ഹുദൂറിന്റെ പ്രതിനിധി പറഞ്ഞു: "ഈ ജൽസയുടെ ഒരുക്കങ്ങളെ മൂന്നു വകുപ്പുകളായി വീതിച്ചിരിക്കുന്നു. 1. അതിഥികളുടെ താമസവും ഭക്ഷണവും വകുപ്പ്. 2. രണ്ടാമത്തേത് ജൽസാഗാഹിന്റെ ഏർപാടുകളാണ്. ഇതിൽ ജൽസാഗാഹും നമസ്കാരത്തിനുള്ള സൗകര്യമൊരുക്കലും. 3. മൂന്നാമത്തേത് ഖിദ്മത്തെ ഖൽഖ് വകുപ്പാണ്. എല്ലാ സേവകരും

(ശേഷം പേജ് 7ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

നമ്മുടെ ജമാഅത്തിലുള്ളവരുടെ വിശ്വാസത്തിൽ വർധനയുണ്ടാകേണ്ടതാണ്. അല്ലാഹുവുമായി സുദൃഢ വിശ്വാസവും ജ്ഞാനവും ഉണ്ടാവേണ്ടതാണ്. സൽകർമങ്ങളിൽ അലസത പാടില്ല......... സൽകർമങ്ങളനുഷ്ഠിക്കാനുള്ള കഴിവ് ഉണ്ടാക്കാതിരിക്കുകയും സൽകർമങ്ങളിൽ മുന്നേറാനുള്ള ആവേശമില്ലാതിരിക്കുകയും നന്മയിൽ മുന്നേറാനുള്ള അഭിനിവേശവും ഇല്ലാതിരിക്കുകയാണെങ്കിൽ നാമുമായി ബന്ധം സ്ഥാപിക്കുന്നത് വ്യർഥമായിരിക്കും

'ആരാണോ സമാധാനാവസ്ഥയിൽ അപകടത്തിൽ പെട്ടവനെപോലെ ഭയം കൈക്കൊള്ളുന്നത്, ആരാണോ സമാധാനാവസ്ഥയിൽ അല്ലാഹുവിനെ വിസ്മരിക്കാത്തത് അവനുമേൽ അല്ലാഹുവിന്റെ കാരുണ്യമുണ്ടാകും. അല്ലാഹു അവനെ പ്രയാസഘട്ടത്തിൽ വിസ്മരിക്കുന്നതല്ല. അതുപോലെതന്നെ ആരാണോ സമാധാനാവസ്ഥയിൽ സുഖലോലുപതയിൽ കഴിച്ചുകൂട്ടുകയും പ്രയാസഘട്ടത്തിൽ ദുആകളിൽ മുഴുകുകയും ചെയ്യുന്നത് അവന്റെ ദുആകൾ സ്വീകരിക്കപ്പെടുന്നതുമല്ല.'

ഇതൊരു അടിസ്ഥാന തത്ത്വമാണ്. നമ്മളൊരിക്കലും നമ്മുടെ ആരാധനകളിലും ദുആകളിലും അലസത കാണിക്കാതിരിക്കേണ്ടതാണ്.

ദുആക്ക് ഒന്നാമതായി വേണ്ട സംഗതി ഇതാണ്; ദുആ ചെയ്യുന്ന ആൾ ഒരിക്കലും ക്ഷീണിച്ച് നിരാശനാകരുത്. അല്ലാഹുവിൽ ദുർഭാവന വെച്ച് പുലർത്തരുത്. ഇനി ഒന്നും തന്നെ നടക്കില്ല എന്ന് അല്ലാഹുവിൽ ദുർഭാവന നടത്തരുത്.

**നമസ്കാരത്തിൽ ദൈവസമക്ഷം നിൽക്കുമ്പോൾ സ്വന്തം അസ്തിത്വത്താൽ വിനയവും വിധേയത്വവും പ്രകടിപ്പിക്കുക അനിവാര്യമാണ്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ ദുആയുടെ യാഥാർഥ്യം, അതിന്റെ മര്യാദ, നമ്മുടെ ഉത്തരവാദിത്വം, അതിന്റെ ആവശ്യത, അല്ലാഹുവിലുള്ള ദൃഢവിശ്വാസം എന്നിവയെ കുറിച്ചുള്ള വിവരണം.**

**ഖുത്ബ ജുമുഅ 2022 ഡിസംബർ 16/1401 ഫതഹ് 16**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ദുആയെ കുറിച്ച് പലരും ചോദ്യങ്ങൾ ഉന്നയിക്കാറുണ്ട്. പ്രത്യേകിച്ച് ഇക്കാലത്ത് ദൈവത്തെ കുറിച്ചും ദുആയെ കുറിച്ചും ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്നു. മാത്രമല്ല നിരീശ്വരവാദത്തെ പിന്തുണക്കുന്നവർ കൃത്യമായ അജണ്ടകളോടെ ദൈവാസ്തിത്വത്തിന്മേലും മതവിശ്വാസത്തിന്മേലും ശക്തമായ കടന്നാക്രമണങ്ങൾ നടത്തുകയാണ്. വിവിധ മാർഗങ്ങളിലൂടെ മനുഷ്യനെ ദൈവത്തിൽനിന്നും മതത്തിൽനിന്നും അകറ്റാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. മനുഷ്യനോടുള്ള സഹാനുഭൂതിയോടെ പുറമോടി അണിഞ്ഞ് ശയ്ത്വാനും മനുഷ്യരെ ദീനിൽനിന്നും ദൈവത്തിൽനിന്നും അകറ്റാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ ചിലയിടങ്ങളിൽ ചില സന്ദർഭങ്ങളിൽ നമ്മുടെ ആളുകളിലും ശയ്ത്വാനിന്റെ ചിന്തകൾ സ്വാധീനം ചെലുത്തുന്നു. ലൗകികരുടെയും മതവിരോധികളുടെയും വാക്കുകൾ അവരിൽ ദൈവത്തെ കുറിച്ചും മതത്തെ കുറിച്ചും ആരാധനകളെ കുറിച്ചും അസ്വസ്ഥതകൾ ഉളവാക്കാൻ തുനിഞ്ഞിരിക്കുന്നു. അല്പജ്ഞരായവരുടെ ഹൃദയങ്ങളിൽ അപ്രകാരം സംശയങ്ങൾ ഉടലെടുക്കുന്നു. അവർക്ക് എന്തെങ്കിലും പരീക്ഷണം നേരിട്ടാൽ അല്ലെങ്കിൽ പരാജയം അഭിമുഖീകരിക്കേണ്ടി വന്നാൽ ദുർബല വിശ്വാസികളും അല്പജ്ഞരുമായ അവർ ഉടൻ തന്നെ ചിന്തിക്കുക ഒന്നുകിൽ നമ്മൾ പിൻപറ്റുന്ന മതം ശരിയല്ല, അതിന് ഒരു യാഥാർഥ്യവുമില്ല. അല്ലെങ്കിൽ ദൈവത്തിന്റെ അസ്തിത്വം കരുണ ചെയ്യുകയും ദുആകൾ കേൾക്കുകയും നമ്മെ പരീക്ഷണങ്ങളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും മോചിപ്പിക്കുകയും ചെയ്യാത്ത ഒന്നാണ്, (നഊദു ബില്ലാഹ്)നമ്മൾ ഈ അവസ്ഥയിലായത് അല്ലാഹു നമുക്കുമേൽ അക്രമം പ്രവർത്തിച്ചതിനാലാണ് എന്നൊക്കെയായിരിക്കും! ദുആകൾ ചെയ്തിട്ടും തങ്ങളുടെ പ്രശ്നങ്ങളൊന്നും തന്നെ മാറുന്നില്ല എന്നവർ കരുതുന്നു. ഇപ്രകാരമുള്ള ഒരുപാട് ചോദ്യങ്ങൾ പലരുടെയും മസ്തിഷ്കത്തിൽ ഉദിക്കാറുണ്ട്. പ്രത്യേകിച്ച് ലൗകികതയിൽ മാത്രം കണ്ണും നട്ടിരിക്കുന്നവരിൽ! ചിലർ എനിക്കെഴുതാറുണ്ട്. അവർ തങ്ങളുടെ അവസ്ഥകൾ വിവരിച്ചുകൊണ്ട് ഇത്തരം ചോദ്യങ്ങൾ ചോദിക്കാറുമുണ്ട്. അതിൽനിന്ന് മനസ്സിലാകുന്നത് അവരുടെ ഹൃദയങ്ങളിൽ അല്ലാഹുവിന്റെ അസ്ത്വത്തിൽ വേണ്ടത്ര ഈമാൻ ഇനിയും ഉണ്ടായിട്ടില്ലെന്നാണ്. അവർ ജീവിക്കുന്ന സാഹചര്യത്തിൽ എന്തെങ്കിലും ചെറിയ പരീക്ഷണംപോലും നേരിട്ടാൽ ഉടൻതന്നെ അവരിൽ നിഷേധാത്മക ചിന്തകൾ ഉടലെടുക്കുകയും സംശയങ്ങൾ തലപൊക്കുകയും ചെയ്യുന്നു. എന്നാൽ, അവർ തങ്ങളുടെ അവസ്ഥയിൽ വിചിന്തനം നടത്തുകയാണ് വേണ്ടത്. അല്ലാഹുവിനോടുള്ള കടമകൾ നമ്മൾ എത്രത്തോളം നിറവേറ്റാൻ ശ്രമിക്കുന്നുണ്ട്, എത്രത്തോളം നമ്മൾ നമ്മുടെ ആരാധനകൾ ഭംഗിയായി നിറവേറ്റാൻ ശ്രമിക്കുന്നുണ്ട്, എത്രമാത്രം നമ്മുടെ ദുആകളുടെ നിലവാരം ഉയർന്നിട്ടുണ്ട്, അല്ലാഹുവിലുള്ള നമ്മുടെ വിശ്വാസത്തിന്റെ അവസ്ഥ എന്താണ്? എന്നിവയൊക്കെയാണ് നമ്മൾ പരിശോധിക്കേണ്ടത്. ഏതായാലും ഇന്ന് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദേശങ്ങളുടെ വെളിച്ചത്തിൽ 'ദുആ' എന്ന വിഷയം അവതരിപ്പിക്കുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലിഖിതങ്ങളിലും ഉപദേശ നിർദേശങ്ങളിലും ഇതു സംബന്ധിച്ച് ഒരുപാട് പരാമർശങ്ങൾ നമുക്ക് കാണാം. സാഹിത്യങ്ങളിലും ഇതുണ്ട്. ഏതായാലും ചില കാര്യങ്ങൾ ഞാൻ വിവരിക്കുന്നതായിരിക്കും. അതിലൂടെ ദുആയുടെ യാഥാർഥ്യം, അതിന്റെ മര്യാദകൾ, നമ്മുടെ ഉത്തരവാദിത്വങ്ങൾ, ദുആയുടെ ആവശ്യകത അല്ലാഹുവിലുള്ള വിശ്വാസം എന്നിവയെ കുറിച്ചുള്ള കുറച്ച് വിശദാംശങ്ങൾ ലഭിക്കുന്നതായിരിക്കും. എന്നല്ല ഒരുപാട് കാര്യങ്ങൾ വിശദീകരിക്കപ്പെടുന്നതായിരിക്കും.

നമ്മൾ ക്ഷേമാവസ്ഥയിലും അല്ലാഹുവിനെ ആരാധിക്കുകയും ദുആകളിലേക്ക് ശ്രദ്ധ ചെലുത്തുകയും ചെയ്താൽ മാത്രമേ ആപത്ഘട്ടങ്ങളിൽ നമ്മുടെ ദുആകൾ അല്ലാഹു കേൾക്കുകയുള്ളു എന്ന കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ആരാണോ സമാധാനാവസ്ഥയിൽ അപകടത്തിൽപെട്ടവനെപോലെ ഭയം കൈക്കൊള്ളുന്നത്, ആരാണോ സമാധാനാവസ്ഥയിൽ അല്ലാഹുവിനെ വിസ്മരിക്കാത്തത് അവനുമേൽ അല്ലാഹുവിന്റെ കാരുണ്യമുണ്ടാകും. അല്ലാഹു അവനെ പ്രയാസഘട്ടത്തിൽ വിസ്മരിക്കുന്നതല്ല. അതുപോലെതന്നെ ആരാണോ സമാധാനാവസ്ഥയിൽ സുഖലോലുപതയിൽ കഴിച്ചുകൂട്ടുകയും പ്രയാസഘട്ടത്തിൽ ദുആകളിൽ മുഴുകുകയും ചെയ്യുന്നത് അവന്റെ ദുആകൾ സ്വീകരിക്കപ്പെടുന്നതുമല്ല.

ദൈവശിക്ഷ ഇറങ്ങുന്ന സമയത്ത് പശ്ചാത്താപത്തിന്റെ വാതിൽ അടക്കപ്പെടുന്നതാണ്. ദൈവശിക്ഷ ഇറങ്ങുന്നതിനു മുമ്പേ ദുആയിൽ വ്യാപൃതനാകുകയും ദാനധർമങ്ങൾ ചെയ്യുകയും ദൈവകൽപനയെ മാനിക്കുകയും ദൈവസൃഷ്ടികൾക്കുമേൽ കരുണ കാണിക്കുകയും തന്റെ കർമങ്ങളെ അലങ്കരിക്കുകയും ചെയ്യുന്നത് അവനെത്ര ഭാഗ്യം ചെയ്തവനാണ്. ഇതു തന്നെയാണ് സൗഭാഗ്യത്തിന്റെ ലക്ഷണം. അവിടന്ന് പറഞ്ഞു: വൃക്ഷം അതിന്റെ ഫലങ്ങളാലാണ് തിരിച്ചറിയപ്പെടുന്നത്. അതുപോലെ തന്നെ സൗഭാഗ്യവാനും ഹതഭാഗ്യനും ആരാണെന്നു എളുപ്പം തിരിച്ചറിയാനാകും. സൗഭാഗ്യവാനും ഹതഭാഗ്യനും ആരാണെന്നു തിരിച്ചറിയാനും എളുപ്പമാണ്.(മൽഫൂദാത്ത്, വാള്യം 4, പേജ് 229 –230,1984 പതിപ്പ്)

ആയതിനാൽ ഒരു യഥാർഥ വിശ്വാസിയുടെ പ്രവൃത്തി ഇപ്രകാരമായിരിക്കണം. നല്ല കാലത്ത് ദൈവത്തിനോടുള്ള കടമകളും അവന്റെ സൃഷ്ടികളോടുള്ള കടമകളും ഒരിക്കലും വിസ്മരിക്കരുത്. അവൻ ഇപ്രകാരം തന്റെ കടമകൾ നിറവേറ്റുകയാണെങ്കിൽ പ്രയാസ ഘട്ടങ്ങളിൽനിന്ന് അല്ലാഹു അവനെ സ്വയം പുറത്തു കൊണ്ടുവരുന്നതായിരിക്കും. അവന്റെ ദുആകൾ സ്വീകരിക്കുന്നതാണ്. അതുകൊണ്ടു തന്നെ ഇതൊരു അടിസ്ഥാന തത്ത്വമാണ്. നമ്മളൊരിക്കലും നമ്മുടെ ആരാധനകളിലും ദുആകളിലും അലസത കാണിക്കാതിരിക്കേണ്ടതാണ്. ഭൗതികമായ തിരക്കുകൾ നമ്മളെ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിൽനിന്ന് ഹതഭാഗ്യരാക്കരുത്.

അല്ലാഹുവിനോടു ചോദിക്കുന്ന സമയത്ത് നമ്മുടെ അവസ്ഥ എന്തായിരിക്കണമെന്നും അതിനുള്ള ആചാര മര്യാദകൾ എന്തെല്ലാമാണെന്നും പ്രസ്തുത മര്യാദകൾ നമ്മെ അല്ലാഹു എങ്ങനെയാണു പഠിപ്പിച്ചതെന്നും വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവിനോടു സഹായം തേടുന്നതിന് ചില മര്യാദകളുണ്ടാകേണ്ടത് അനിവാര്യമാണ്. ബുദ്ധിയുള്ള ഒരാൾ രാജാവിനോ

ടെന്തെങ്കിലും അർഥിക്കുമ്പോൾ എപ്പോഴും ചില മര്യാദകൾ പാലിക്കുന്നതാണ്. അതുകൊണ്ടുതന്നെ ഫാതിഹ അധ്യായത്തിൽ അല്ലാഹു എങ്ങനെയാണു അവനോടു ചോദിക്കേണ്ടതെന്ന് നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അതിൽ നമ്മെ പഠിപ്പിച്ചിരിക്കുന്നത് *അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ* എന്നാണ്. അതായത് എല്ലാ പ്രശംസകളും എല്ലാ പ്രപഞ്ചങ്ങളുടെയും നാഥനായ അല്ലാഹുവിലാണ്. ഏറ്റവുമാദ്യം അല്ലാഹുവിനെ സ്തുതിക്കുക. അവൻ അർറഹ്മാനാണ്. ഒന്നും ചോദിക്കാതെയും ആവശ്യപ്പെടാതെയും നൽകുന്നവനാണ്. അതുപോലെ അർറഹീമും ആണ്. അതായത് മനുഷ്യന്റെ ആത്മാർഥ പരിശ്രമങ്ങൾക്ക് സൽഫലങ്ങൾ നൽകുന്നവനാണ്. ഇവിടെ ആത്മാർഥ പരിശ്രമങ്ങളെന്ന വാക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അവൻ റഹീമാണ്. അല്ലാഹു ആത്മാർഥ പരിശ്രമങ്ങൾക്ക് ഫലം നൽകുന്നു. ആത്മാർഥ പരിശ്രമങ്ങളുടെ നിലവാരം എന്തായിരിക്കണമെന്ന് അല്ലാഹു സ്വയം വിവരിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ ഒരു ജിഹാദ് അഥവാ തീവ്രയജ്ഞംതന്നെ നടത്തേണ്ടതുണ്ട്. തുടർന്ന് പറഞ്ഞു, *മാലിക്കി യൗമിദ്ദീൻ*. ശിക്ഷയും രക്ഷയും അവന്റെ കൈകളിലാണ്. അവനു രക്ഷിക്കുകയുമാകാം ശിക്ഷിക്കുകയുമാകാം. പരലോകത്തെയും ഇഹലോകത്തെയും പ്രതിഫലങ്ങളും ശിക്ഷകളുമൊക്കെ അവന്റെ കൈകളിലാണ്. പരലോകത്തുള്ള പ്രതിഫലവും ശിക്ഷയും മാത്രമല്ല ഈ ലോകത്തും നമ്മൾ ചെയ്യുന്ന പ്രവൃത്തികളെ കുറിച്ചുള്ള വിധി നടപ്പിലാക്കുന്നതും അല്ലാഹുവിന്റെ കാര്യങ്ങളിലാണ്. പറയുന്നു; ഇത്രയും അല്ലാഹുവിനെ സ്തുതിക്കുമ്പോൾ മനുഷ്യൻ ചിന്തിക്കും അവൻ എത്ര വലിയ ദൈവമാണെന്ന്! അവൻ റബ്ബാണ്. റഹ്മാനുമാണ്. റഹീമുമാണ്. അവനെ അദൃശ്യനായി കണക്കാക്കുന്നു. എന്നിട്ട് അവനെത്തന്നെ ഹാജരുള്ളവനായി കരുതി വിളിച്ച് പ്രാർഥിക്കുന്നു. അതായത് ഈ കാര്യങ്ങളൊക്കെ മുന്നിൽ ഇല്ലാത്ത ഒരു വ്യക്തിയെ കുറിച്ചാണ് പറയപ്പെടുന്നത്. ശേഷം അല്ലാഹു സന്നിഹിതനാണെന്ന നിലക്ക് അവനെ വിളിച്ചു പ്രാർഥിക്കുകയാണ്. *ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ*. അതായത് അല്ലാഹുവേ! ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു, അഥവാ നിന്നെ ആരാധിക്കാൻ ഉദ്ദേശിക്കുന്നു. അതിനുവേണ്ടി നിന്നോടുമാത്രം സഹായം അർഥിക്കുന്നു. പിന്നെ *ഇഹ്ദിനസ്സിറാത്വൽ മുസ്തഖീം*. അതായത് നേരായ മാർഗത്തിൽ. ഒരുതരത്തിലുള്ള വക്രതയുമില്ലാത്ത മാർഗത്തിൽ. ഒരു മാർഗം എന്നത് അന്ധന്മാർ സ്വീകരിക്കുന്നതാണ്. എത്ര പരിശ്രമിച്ച് അവശരായാലും ഒരു ഫലവും അവർക്ക് ലഭിക്കുന്നില്ല. മറ്റൊരു മാർഗം എന്നത് പരിശ്രമിച്ചാൽ ഫലം ലഭിക്കുന്ന മാർഗമാണ്. തുടർന്ന് *സ്വിറാത്വല്ലദീന അൻഅംത അലയ്ഹിം.* അതായത് നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. അത് നേരായ മാർ ഗം തന്നെയാണ്. അതിലൂടെ സഞ്ചരിച്ചാണ് അനുഗ്രഹങ്ങൾ സിദ്ധിക്കുന്നത്. തുടർന്ന് *ഗയ്രിൽ മഗ്ളൂബി അലയ്ഹിം* ആണ്. അതായത് നിന്റെ കോപം ഉണ്ടായവരുടെ മാർഗത്തിലല്ല. ശേഷം *വലള്ളാല്ലീൻ*. അതായത് വഴികേടിലായവരുടെ മാർഗത്തിലുമല്ല. തുടർന്ന് പറയുന്നു: *ഇഹ്ദിനസ്സിറാത്വൽ മുസ്തഖീം* എന്നതുകൊണ്ട് ദീനിന്റെയും ദുൻയാവിന്റെയും എല്ലാ മാർഗങ്ങളും വിവക്ഷിതമാണ്. ഉദാഹരണത്തിന് ഒരു വൈദ്യനുണ്ട്. അയാൾ ആരെയെങ്കിലും ചികിത്സിക്കുമ്പോൾ അവനു നേരായ മാർഗം ലഭിച്ചിട്ടില്ലെങ്കിൽ അവന്റെ ചികിത്സ ഫലിക്കില്ല. അതുപോലെതന്നെ വക്കീൽമാരുടെയും എല്ലാത്തരം ഉദ്യോഗങ്ങളിൽ ഏർപ്പെട്ടവരുടെയും വൈജ്ഞാനികമേഖലകളിൽ ഉള്ളവരുടെയും കാര്യത്തിലും ഒരു നേരായ മാർഗമുണ്ട്. അതവർക്ക് കരഗതമായാൽ അവരുടെ പണി എളുപ്പമാകുന്നു. അതുകൊണ്ടുതന്നെ ഭൗതിക ജോലികളിലും നേരായ മാർഗം അന്വേഷിക്കേണ്ടതുണ്ട്. എന്നാൽ, അത് ലഭിക്കുക അല്ലാഹുവുമായി ബന്ധം ഉണ്ടാകുമ്പോഴാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം വിവരിക്കുന്ന സദസ്സിൽ ഒരു വ്യക്തി പ്രവാചകന്മാർക്ക് ഈ ദുആയുടെ ആവശ്യമെന്താണ്? ഇത് സാധാരണക്കാർക്ക് വേണ്ടിയുള്ള ദുആയല്ലേ? പ്രവാചകന്മാർക്ക് ഈ ദുആയുടെ ആവശ്യമെന്തുണ്ട്.? നബി(സ)തിരുമേനി എന്തിനാണ് ഈ ദുആ ചെയ്തത്? അദ്ദേഹം മുമ്പേതന്നെ നേരായ മാർഗത്തിലല്ലേ ഉണ്ടായിരുന്നത്? എന്നൊക്കെയുള്ള ആക്ഷേപം ഉന്നയിച്ചിരുന്നു. അപ്പോഴാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം വിവരിച്ചത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അവർ ഈ ദുആ തങ്ങളുടെ പദവികളും സ്ഥാനങ്ങളും അഭിവൃദ്ധിപ്പെടുത്താൻ വേണ്ടിയാണു ചെയ്തിരുന്നത്. മാത്രമല്ല *ഇഹ്ദിനസ്സിറാത്വൽ മുസ്തഖീം* പരലോകത്തും വിശ്വാസികൾ ചെയ്യുന്നതാണ്. കാരണം ഏതുപോലെ അല്ലാഹുവിന് ഒരു പരിമിതിയും ഇല്ലയോ അതുപോലെതന്നെ അവൻ നൽകുന്ന പദവികൾക്കും സ്ഥാനങ്ങൾക്കും അഭിവൃദ്ധിപ്പെടുന്നതിൽ ഒരു പരിമിതിയും ഇല്ലതന്നെ. (മൽഫൂദാത്ത്, വാള്യം 4, പേജ് 399–400,1984 പതിപ്പ്)

ഈ മര്യാദകൾ മുൻനിറുത്തിയാണ് നമസ്കാരം അനുഷ്ഠിക്കേണ്ടതും ദുആ ചെയ്യേണ്ടതും. അപ്പോൾ മാത്രമാണ് മനുഷ്യന് അല്ലാഹുവിന്റെ സാമീപ്യവും അവനോടു തന്റെ ആവശ്യങ്ങൾ അർഥിക്കാനുള്ള ശരിയായ ഗ്രാഹ്യവും ലഭിക്കുന്ന സ്ഥിതിവിശേഷം സംജാതമാകുന്നത്.

അപ്രകാരംതന്നെ ദുആയുടെ മര്യാദകൾ കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ദുആ ഒരു വിചിത്രമായ സംഗതിയാകുന്നു. എന്നാൽ, പരിതാപകരമെന്ന് പറയട്ടെ ഇക്കാലഘട്ടത്തിൽ ദുആ ചെയ്യിക്കുന്നവർ അതിന്റെ മര്യാദകളെകുറിച്ച് അറിവില്ലാത്തവരും ദുആ ചെയ്യുന്നവർ അതിന്റെ രീതികളെ കുറിച്ചും ദുആ സ്വീകാര്യതയെ കുറിച്ചും അറിവില്ലാത്തവരുമാണ്. മാത്രമല്ല യഥാർഥത്തിൽ അവർക്ക് ദുആയുടെ യാഥാർഥ്യത്തെ കുറിച്ച് ഒരു വിവരവുമില്ല. ചിലരാകട്ടെ അതിനെ തീർത്തും നിഷേധിക്കുന്നു. അതേസമയം ചിലർ ദുആയെ നിഷേധിക്കുന്നവർ അല്ലെങ്കിലും അവരുടെ അവസ്ഥ എന്തായിരിക്കുമെന്നാൽ ദുആയുടെ മര്യാദകളെ കുറിച്ചുള്ള അറിവില്ലായ്മയാൽ അവരുടെ ദുആകൾ സ്വീകരിക്കപ്പെടുന്നില്ല. കാരണം അവരുടെ ദുആ യഥാർഥ നിലയിൽ ദുആയേ ആകുന്നില്ല. ദുആയുടെ യഥാർഥ അർഥം എന്താണോ അത് ഉൾകൊണ്ടുള്ള ദുആ ആകാത്തതിനാൽ അത് സ്വീകാര്യയോഗ്യമാകുന്നില്ല. അതുകൊണ്ടു തന്നെ അവരുടെ അവസ്ഥ ദുആ നിഷേധികളെക്കാളും അധമമാണ്. അവരുടെ കർമാവസ്ഥ കാരണം മറ്റുള്ളവർ നിരീശ്വരവാദത്തിലേക്ക് അടുത്തിരിക്കുകയാണ്. ദുആക്ക് ഒന്നാമതായി വേണ്ട സംഗതി ഇതാണ്; ദുആ ചെയ്യുന്ന ആൾ ഒരിക്കലും ക്ഷീണിച്ച് നിരാശനാകരുത്. അല്ലാഹുവിൽ ദുർഭാവന വെച്ച് പുലർത്തരുത്. ഇനി ഒന്നും തന്നെ നടക്കില്ല എന്ന് അല്ലാഹുവിൽ ദുർഭാവന നടത്തരുത്.

ചില സമയങ്ങളിൽ കണ്ടുവരുന്നത് ഒരുപാട് ദുആ ചെയ്ത് അതിന്റെ ലക്ഷ്യം പൂവണിയാൻ പോകുന്ന സമയത്ത് ദുആ ചെയ്യുന്നവർ തളർന്നു പോകുന്നു. അതിന്റെ ഫലമായി പരാജയവും ഹതാശയും ഉണ്ടാകുന്നു. ആ പരാജയം എത്രത്തോളം അവരിൽ ദുഷ്പ്രഭാവം ചെലുത്തുന്നുവെന്നാൽ ദുആയുടെ സ്വാധീനത്തെതന്നെ അവർ നിഷേധിച്ചു തുടങ്ങുന്നു. ക്രമേണ അവർ ദൈവത്തെതന്നെ നിരാകരിക്കുന്ന അവസ്ഥയിലേക്ക് കൂപ്പ് കുത്തുന്നു. നാസ്തികത അതിജയിക്കുന്നു. അവർ പറയും ദൈവമുണ്ടെങ്കിൽ, അവൻ ദുആകൾ സ്വീകരിക്കുന്നവനാണെങ്കിൽ പിന്നെ എന്തുകൊണ്ട് ഇത്രയും ദീർഘകാലം ചെയ്ത ദുആകൾ സ്വീകരിക്കപ്പെട്ടില്ല. എന്നാൽ, ഇങ്ങനെ ചിന്തിക്കുന്നവരും അടിപതറുന്നവരും തങ്ങളുടെ അസ്ഥിരതയും ചാഞ്ചല്യവും വിലയിരുത്തുകയാണെങ്കിൽ ഈ നഷ്ടങ്ങളുടെയൊക്കെ അടിസ്ഥാന കാരണം അവന്റെ ധിറുതിപ്പെടലും അസഭ്യം പുലമ്പലുമാണെന്ന് മനസ്സിലാകുന്നതാണ്. ഇന്നത്തെ അവസ്ഥയായിരിക്കില്ല നാളത്തെ അവസ്ഥ. ഒരു സ്ഥിരചിത്തതയുമില്ല. അവന്റെ പ്രകൃതത്തിൽതന്നെ എടുത്തുചാട്ടമുണ്ട്. അങ്ങനെയാണെങ്കിൽ തെറ്റുകുറ്റങ്ങളൊക്കെ അവന്റേതുതന്നെയാണ്. സ്ഥിരചിത്തത ഉണ്ടെങ്കിൽ, എടുത്തുചാട്ടമില്ലെങ്കിൽ, ഈമാൻ സുദൃഢമാണെങ്കിൽ ഇങ്ങനെ ഒരു അവസ്ഥ തന്നെ ഉണ്ടാകുകയില്ല. ദുആ സ്വീകരിക്കപ്പെട്ടില്ലെങ്കിലുള്ള എടുത്തു ചാട്ടത്തിന്റെ ഫലമാണിത്. പറയുന്നു: ആരാണോ ആരിലാണോ ദൈവത്തിന്റെ ശക്തി മാഹാത്മ്യങ്ങളെ കുറിച്ച് ദുർഭാവനയും പരാചയത്തിൽ കലാശിക്കുന്ന തരത്തിലുള്ള നിരാശയും ഉടലെടുക്കുന്നത് അവർ തളരാതെ പരിശ്രമിച്ചുകൊണ്ടേ ഇരിക്കേണ്ടതാണ്. (മൽഫൂദാത്ത്, വാള്യം 4, പേജ് 415–417,1984 പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഭൗതികമായ ഉദാഹരണങ്ങൾ സമർപ്പിച്ചുകൊണ്ട് ദുആ ചെയ്യുന്ന വ്യക്തിക്ക് ഉണ്ടായിരിക്കേണ്ട ക്ഷമയെ കുറിച്ച് ഒരിടത്ത് ഇപ്രകാരം വിവരിക്കുകയുണ്ടായി.

'നോക്കൂ ദുആയുടെ അവസ്ഥ ഒരു കർഷകൻ തന്റെ കൃഷിസ്ഥലത്ത് വന്നു വിത്ത് വിതയ്ക്കുന്നതിന് സമാനമാണ്. ബാഹ്യദൃഷ്ടിയാ നോക്കുകയാണെങ്കിൽ അയാൾ ഒരു നല്ല ധാന്യമണി മണ്ണിന്നടിയിൽ കുഴിച്ചിടുകയാണ് ചെയ്യുന്നത്. എന്നാൽ, ആ സമയത്ത് ആ ധാന്യം ഒരു നല്ല വൃക്ഷമായി വളർന്ന് കായ്കനികൾ നല്കുന്നതാണെന്ന് ആർക്കാണ് മനസ്സിലാക്കാൻ കഴിയുക. പുറംലോകത്തിനും ആ കൃഷിക്കാരനുതന്നെയും ആ ധാന്യം ഉള്ളിൽ ഒരു ചെടിയായി രൂപാന്തരപ്പെടുന്നത് കാണുന്നതല്ല. എന്നാൽ, ഏതാനും ദിവസങ്ങൾക്കകം അതിനകത്ത് ചെടി നാമ്പിടുകയും വളർന്നു വരികയും ചെയ്യുന്നതാണ്. അങ്ങനെ അത് മുളപൊട്ടി പുറത്തുവരുന്നു. വിത്തിന്റെ ഒരു പ്രത്യേകത എന്താണെന്നുവെച്ചാൽ അതിൽനിന്ന് ആദ്യം വേരുകൾ ഇറങ്ങുന്നു. എന്നിട്ട് അത് നിലവുമായി ബന്ധം ഉറപ്പിക്കുന്നു. അതിനുശേഷം അതിന്റെ പുറത്ത് നാമ്പുകൾ പൊട്ടിമുളയ്ക്കുന്നു. അപ്പോൾ മറ്റുള്ളവർക്കും അത് കാണാൻ സാധിക്കും. ഇനി നോക്കുക ആ ധാന്യം ഭൂമിക്കടിയിൽ എറിയപ്പെട്ടതു മുതൽ അതൊരു ചെടിയായായി വളരാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങുന്നതാണ്. എന്നാൽ, ബാഹ്യദൃഷ്ടികൾക്ക് അത് കാണാൻ സാധിക്കുന്നതല്ല. അതേസാമയം അതിന്റെ തളിരില പുറത്തു വന്നാൽ എല്ലാവർക്കും കാണാൻ സാധിക്കുന്നതുമാണ്. എന്നാൽ, ബുദ്ധി ഇല്ലാത്ത ഒരു കുട്ടിക്ക് അപ്പോഴും അതിൽ തക്ക സമയത്ത് കായ്കനികൾ ഉണ്ടാകുമെന്ന് മനസ്സിലാക്കാൻ സാധിക്കുകയില്ല. അങ്ങനെ ചെടി പുറത്ത് വരുന്നു. ഇനി അതിൽ ഫലമുണ്ടാകേണ്ട ഘട്ടം ബാക്കിയാണ്. അപ്പോഴും ബുദ്ധി ഇല്ലാത്ത കുട്ടിക്ക് ഈ ചെറിയ ചെടിയിൽ ഫലമുണ്ടാകുമെന്ന് തോന്നുകയേ ഇല്ല. അവൻ കരുതുക ഇപ്പോൾത്തന്നെ എന്തുകൊണ്ട് ഇതിൽ ഫലമുണ്ടാകുന്നില്ല എന്നായിരിക്കും. എന്നാൽ, ബുദ്ധിയുള്ള കൃഷിക്കാരൻ അതിൽ എപ്പോഴാണ് ഫലമുണ്ടാകുക എന്ന് നല്ലവണ്ണം മനസ്സിലാക്കുന്നതാണ്. അവൻ ക്ഷമയോടെ അതിനെ നിരീക്ഷിക്കുന്നു. അതിനെ പരിപാലിച്ച് കൊണ്ടിരിക്കുന്നു. അങ്ങനെ ഒരു സമയം വരുമ്പോൾ ഫലം ഉണ്ടാകുന്നു. അത് പഴുക്കുകയും ചെയ്യുന്നു. ഇതുതന്നെയാണ് ദുആയുടെയും അവസ്ഥ. ഇതേപോലെ തന്നെയാണ് ദുആ പരിപാലിക്കപ്പെടുന്നതും ഫലദായകമായി മാറുന്നതും. എടുത്തുചാട്ടക്കാരൻ മുമ്പേതന്നെ തളർന്നുപോകുന്നു. എന്നാൽ ക്ഷമ കൈക്കൊള്ളുന്നവൻ, അതിൽ നിന്നു ഫലം കാംക്ഷിക്കുന്ന വ്യക്തി സ്ഥിരചിത്തതയോടെ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ദീർഘദൃഷ്ടിയുള്ള ആളുകൾ, അതുപോലെ ഫലം ലഭിക്കാനായി ക്ഷമയോടെ നോക്കിനിൽക്കുന്ന ആളുകൾ സ്ഥിരചിത്തതയോടെ തങ്ങളുടെ പ്രവർത്തനങ്ങളിൽ മുഴുകുന്നു. ദുആകളിൽ മുഴുകുന്നു. അങ്ങനെ അവർ തങ്ങളുടെ ലക്ഷ്യം പ്രാപിക്കുന്നു. (മൽഫൂദാത്ത്, വാള്യം 4, പേജ് 417,1984 പതിപ്പ്)

മറ്റൊരിടത്ത് ദുആ ചെയ്യുന്നവരുടെ ക്ഷമയുടെ നിലവാരം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ദുആയിൽ വലിയ വലിയ ഘട്ടങ്ങളും സ്ഥാനമാനങ്ങളും ഉണ്ടെന്നത് സത്യമാണ്. അവയെ കുറിച്ചുള്ള അജ്ഞത കാരണം ദുആ ചെയ്യുന്നവർ സ്വയം നഷ്ടം വരുത്തി വെക്കുന്നു. അവർ എപ്പോഴും തിരക്കുപിടിച്ച അവസ്ഥയിലായിരിക്കും. അവർക്കൊരു ക്ഷമയും ഉണ്ടാകുകയില്ല. എന്നാൽ,

അല്ലാഹുവിന്റെ പ്രവർത്തനങ്ങളിൽ ഘട്ടം ഘട്ടം എന്ന അവസ്ഥ ഉണ്ടാകുന്നു.

നോക്കുക ഒരാൾ ഇന്ന് വിവാഹം കഴിച്ചാൽ നാളെ തന്നെ അവന്റെ വീട്ടിൽ ഒരിക്കലും കുഞ്ഞു പിറക്കുന്നതല്ല. എന്നാലോ അല്ലാഹു താനുദ്ദേശിക്കുന്നതൊക്കെ നടത്താൻ സർവ്വശക്തനാണു താനും. പക്ഷേ, അവൻ നിശ്ചയിച്ച നിയമങ്ങളും വ്യവസ്ഥകളും അനിവാര്യങ്ങളാണ്. സസ്യലതാദികൾ വളരുന്നതുപോലെ ഒന്നും തന്നെ ആദ്യം അറിയാൻ സാധിക്കുന്നതല്ല. ചെടികളും തൈകളും വളർന്നു വരുമ്പോൾ ആദ്യം ഒന്നും തന്നെ മനസ്സിലാകുന്നതല്ല. അതുപോലെ മനുഷ്യനായാലും ഏതെങ്കിലും മൃഗമായാലും ജനിക്കുന്ന സമയത്തെ കുറിച്ച് ഒന്നും തന്നെ നിശ്ചയിക്കാൻ സാധിക്കുന്നതല്ല. മനുഷ്യന്റെ ഉദാഹരണംതന്നെ എടുക്കാം. ആദ്യത്തെ നാലുമാസം ഒന്നും തന്നെ പറയാൻ സാധിക്കുന്നതല്ല. പിന്നീട് കുറച്ച് അനക്കവും ചലനവും അനുഭവിച്ചു തുടങ്ങുന്നു. അങ്ങനെ പൂർണമായ ഘട്ടം കഴിഞ്ഞാൽ വളരെ യാതനകൾ സഹിച്ച ശേഷം ഒരു കുഞ്ഞു ജന്മമെടുക്കുന്നു." ഡോക്ടർ ആയാലും ഇപ്പോൾ പന്ത്രണ്ടു ആഴ്ചകൾക്കുശേഷമാണ് സ്കാൻ ചെയ്ത് എന്തെങ്കിലും പറയുന്നതുതന്നെ. എല്ലാ ആധുനിക സാങ്കേതിക വിദ്യകളുമുണ്ടായിട്ടും ഇന്നും ഡോക്ടർ ഒരു കുട്ടിയെ കുറിച്ച് സ്കാൻ ചെയ്ത് ഉറപ്പിക്കുന്നതു തന്നെ പന്ത്രണ്ടു ആഴ്ച കഴിഞ്ഞാണ്. ആ കാലഘട്ടത്തിൽ അത്രത്തോളം സാങ്കേതിക വിദ്യകളൊന്നും ഇല്ലാത്ത കാലത്താണ് ഈ പ്രകൃതി നിയമത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിക്കുന്നത്. ഒരു കുട്ടി ജനിക്കുന്നതോടൊപ്പം ഒരു മാതാവും ജന്മമെടുക്കുന്നു. ഒരു കുട്ടിയുടെ ജന്മത്തോടൊപ്പം അത് സംഭവിക്കുന്നു. വളരെ സുഖകരമായി പ്രസവം നടക്കുകയല്ല ചെയ്യുന്നത്. ഒരു മാതാവും അതോടൊപ്പം പുതുതായി ജന്മമെടുക്കുന്നു. പറയുന്നു: പുരുഷന് ചിലപ്പോൾ ഈ പ്രശ്നങ്ങളുടെയും പ്രയാസങ്ങളുടെയും പ്രസവകാലത്ത് ഒരു സ്ത്രീ സഹിക്കുന്ന യാതനകളുടെയും അവസ്ഥയെ കുറിച്ച് ഊഹിക്കാൻ പോലും സാധിക്കുകയില്ല. എന്നാൽ, ഒരു സ്ത്രീക്ക് ഒരു പുതിയ ജന്മമാണ് എടുക്കേണ്ടിവരുന്നതെന്നത് വാസ്തവമാണ്. ഇനി ചിന്തിക്കുക! ഒരു സ്ത്രീക്ക് തന്റെ കുഞ്ഞിനുവേണ്ടി ആദ്യം ഒരു മരണം സ്വീകരിക്കേണ്ടി വരുന്നു. അങ്ങനെ മാത്രമാണ് അവൾക്ക് ആ സന്തോഷം കാണാൻ സാധിക്കുന്നത്. അപ്രകാരംതന്നെ ദുആ ചെയ്യുന്നവരും തങ്ങളുടെ ധിറുതിയും എടുത്തു ചാട്ടവും ഉപേക്ഷിച്ചുകൊണ്ട് എല്ലാ പ്രയാസങ്ങളും സഹിക്കേണ്ടതുണ്ട്. ഒരിക്കലൂം ധിറുതിപ്പെടരുത്. കഷ്ടതകൾ സഹിക്കുകയും ദുആയിൽ മുഴുകുകയും വേണം. ദുആ സ്വീകരിക്കപ്പെടുന്നില്ല എന്ന വ്യാകുലത ഒരിക്കലും ഉണ്ടാകരുത്. ഒരുനാൾ എന്തായാലും ആ സമയം വരുന്നതാണ്. ദുആയുടെ ഫലം ഉളവാകുന്ന സമയം എത്തിച്ചേരുന്നതാണ്. അങ്ങനെ അഭീഷ്ടങ്ങളുടെ കുഞ്ഞു ജന്മമെടുക്കുന്നതാണ്. ആ ഒരു അവസ്ഥയിലും നിലവാരത്തിലും എത്തിച്ചേരേണ്ടത് ദുആക്ക് ഒഴിച്ച് കൂടാനാവാത്തതാണ്. അവിടെ എത്തിയാൽ മാത്രമേ അതിന്റെ ഫലം ഉളവാകുകയുള്ളു. ആദ്യം ദുആയെ ആ നിലവാരത്തിലേക്ക് കൊണ്ടുപോകേണ്ടത് ആവശ്യമാണ്. പറയുന്നു: ഏതുപോലെ ബർണിങ് ലെൻസിന് കീഴിൽ സൂര്യകിരണങ്ങൾ ആ ലെൻസിൽ സ്വാംശീകരിക്കപ്പെടുകയും അതിന്റെ താപനിലയും ഊഷ്മാവും ഉയർന്നുയർന്നു അവസാനം ആ തുണിക്കഷണത്തെ കത്തിച്ചു കളയുകയും ചെയ്യുന്നു. ആ സമയത്ത് പെട്ടെന്നാണ് തുണിക്ക് തീ പിടിക്കുന്നത്. തികച്ചും ഇതുപോലെതന്നെ ദുആയേയും അത്തരം ഒരു അവസ്ഥയിലേക്ക് കൊണ്ടെത്തിക്കുകയും നിരാശകൾ കത്തിച്ച് ചാമ്പലാക്കാനും ലക്ഷ്യം പ്രാപിക്കാനും അത് ശക്തമായിത്തീരുകയും വേണം."(മൽഫൂദാത്ത്, വാള്യം 4, പേജ് 418,1984 പതിപ്പ്)

അതിനാൽ ദുആ ചെയ്യുന്ന ഏവനും താൻ ഈ നിലവാരം കരസ്ഥമാക്കിയോ ഇല്ലയോ എന്ന് ആത്മപരിശോധനയിലൂടെ സ്വയം മനസ്സിലാക്കേണ്ടതാണ്. അല്ലാഹുവിനെ സംബന്ധിച്ച് അവിടന്ന് ഫാർസി പദ്യത്തിന്റെ ഒരുവരി ഉദാഹരണം നല്കിക്കൊണ്ട് പറയുന്നു:

*പയ്ദാ അസ്ത് നദാരാ കെ ബുലൻദ് അസ്ത് ജനാബത്ത്.* നിന്റെ സന്നിധാനം സമുന്നതമാണെന്ന് വിലാപത്തിൽനിന്ന് വ്യക്തമാണ്.

അദ്ദേഹം പറയുന്നു: ദീർഘകാലം മനുഷ്യന് ദുആകളിൽ മുഴുകേണ്ടതായി വരുന്നു. ഒടുവിൽ അല്ലാഹു വെളിപ്പെടുത്തുന്നു. ഒരു കാര്യത്തിൽ നീണ്ടകാലംവരെ മൗനം ദീക്ഷിച്ചാൽ വിജയപ്രതീക്ഷയ്ക്ക് വകയുണ്ടെന്നാണ് സ്വന്തം അനുഭവത്തിൽ നിന്ന് ഞാൻ ദർശിച്ചിരിക്കുന്നത്. മുൻകാല മഹത്തുക്കളുടെ അനുഭവങ്ങളും ഇതിനെ സാക്ഷീകരിക്കുന്നു. ദുആ ചെയ്യുന്നതിനുള്ള സന്ദർഭം അധികമായി ലഭിക്കുന്നതിനാൽ അല്ലാഹു വിജയം നല്കി അനുഗ്രഹിക്കുമെന്ന് പ്രത്യാശിക്കുന്നു. എന്നാൽ, ഉടനെ ഉത്തരം ലഭിക്കുന്ന സംഗതികളിൽ ഇല്ലെന്നാണ് ഉത്തരമെങ്കിൽപ്പിന്നെ അക്കാര്യം നടക്കാൻ പോകുന്നില്ല. അദ്ദേഹം പറയുന്നു: നമ്മൾ പൊതുവെ ലോകത്ത് കാണാറുണ്ട് ഒരു യാചകൻ ഭിക്ഷ യാചിച്ചുകൊണ്ട് ആരുടെയെങ്കിലും ഉമ്മറത്തു വരുമ്പോൾ വളരെ താണുകേണ് അയാൾ ഭിക്ഷ ചോദിക്കുന്നു. ആട്ടു കിട്ടിയാലും താൻ നിന്നിടത്തുനിന്ന് അയാൾ അനങ്ങുകയില്ല. ഗൃഹനാഥൻ ശാസിച്ച് ആട്ടിയോടിക്കാൻ ശ്രമിച്ചാലും പിന്നേയും അയാൾ അവിടെ നിന്ന് യാചിച്ചുകൊണ്ടേ ഇരിക്കും. ഒടുവിൽ വീട്ടുകാരൻ അറുപിശുക്കനാണെങ്കിലും ലജ്ജ തോന്നി അയാൾക്കെന്തെങ്കിലും നല്കുന്നു. അപ്പോൾ ദുആ ചെയ്യുന്ന വ്യക്തിക്ക് ഒരു സാധാരണ യാചകന്റെ അത്രയെങ്കിലും സ്ഥൈര്യം ഉണ്ടാകേണ്ടതല്ലേ? തന്റെ വിനീത ദാസൻ കുറേ കാലമായി തന്റെ സന്നിധാനത്ത് വന്ന് വീണ് വിലപിക്കുകയാണെന്ന് ഉദാരനും ലജ്ജയുള്ളവനുമായ അല്ലാഹു കാണുമ്പോൾ അവന്റെ പര്യവസാനം ഒരിക്കലും മോശമാക്കുന്നതല്ല.

ഉദാഹരണത്തിന് ഒരു ഗർഭിണി നാലഞ്ചുമാസം കഴിഞ്ഞ് എന്തുകൊണ്ട് കുഞ്ഞ് പിറക്കുന്നില്ലെന്ന് ചോദിക്കുകയും കുഞ്ഞ് പുറത്തുവരണമെന്നാഗ്രഹിച്ച് ഗർഭച്ഛിദ്രത്തിനുള്ള ഗുളിക കഴിക്കുകയും ചെയ്താൽ അന്നേരം കുട്ടി പിറക്കുമോ? അത് അലസിപ്പോകുകയേ ഉള്ളു. അല്ലെങ്കിൽ നിരാശാജനകമായ ഒരു അവസ്ഥയിലായിരിക്കും അവർ സ്വയം അകപ്പെടുക. ഇതുപോലെ സമയം സമാഗതമാകുന്നതിനു മുമ്പേ ധിറുതി കൂട്ടുന്നവർ നഷ്ടം വഹിക്കുകയേയുള്ളു. നഷ്ടം വഹിക്കുക മാത്രമല്ല വിശ്വസത്തിനും ആഘാതമേൽപ്പിക്കും. അത്തരം സാഹചര്യങ്ങളിൽ ചിലർ നിരീശ്വരവാദികളും ആകാറുണ്ട്. അദ്ദേഹം പറയുന്നു: നമ്മുടെ ഗ്രാമത്തിൽ ഒരു ആശാരി ഉണ്ടായിരുന്നു. അയാളുടെ ഭാര്യ രോഗം ബാധിച്ച് മരിച്ചു. അയാൾ പറഞ്ഞു, ദൈവമുണ്ടായിരുന്നെങ്കിൽ ഞാൻ ചെയ്ത പ്രാർഥനകളെല്ലാം സ്വീകരിക്കപ്പെട്ടേനെ. എന്റെ ഭാര്യ മരിക്കില്ലായിരുന്നു. അങ്ങനെ അയാൾ നിരീശ്വരവാദിയായി. അദ്ദേഹം പറഞ്ഞു, എന്നാൽ, സൗഭാഗ്യവാൻ സത്യസന്ധതയോടും ആത്മാർഥതയോടുംകൂടി പ്രവർത്തിക്കുന്നതായാൽ അവന്റെ വിശ്വാസം വർധിക്കുകയും എല്ലാ കാര്യങ്ങളും നടക്കുകയും ചെയ്യുന്നു. ഭൂമിയിലെ സമ്പത്തെല്ലാം അല്ലാഹുവിനു മുമ്പിൽ നിഷ്പ്രഭമാണ്. ഒരു നിമിഷം കൊണ്ട് അവനെന്തും ചെയ്യാൻ സാധിക്കും. അവിടന്ന് പറഞ്ഞു: ആരോരും അറിയാതെ കിടന്ന ഒരു സമൂഹത്തെ രാജാവാക്കിയത് കണ്ടില്ലേ? ഗ്രാമവാസികളായ അറബികളുടെ അവസ്ഥ എന്തായിരുന്നു? എങ്ങനെയുള്ളവരായിരുന്നു അവർ? അവർ ലോകം ഭരിച്ചു. വൻ ഭരണകൂടങ്ങളെ തങ്ങളുടെ കീഴിലാക്കുകയും അറബികളിലെ അടിമളെ രാജാക്കന്മാരാക്കുകയും ചെയ്തു. മനുഷ്യൻ തഖ്‌വാ അവലംബിക്കുകും അല്ലാഹുവിന്റേതായിത്തീരുകയും ചെയ്യുന്ന പക്ഷം ലോകത്തെ ഉന്നതനിലവാരമുള്ള ജീവിതം അവന് ലഭിക്കുന്നതാണ്. എന്നാൽ, സത്യസന്ധതയും സ്ഥൈര്യവും കാണിക്കണമെന്നത് നിബന്ധനയാണ്. മനസ്സ് ചഞ്ചലപ്പെടരുത്. പ്രദർശനപരതയുടേയും അന്യാരാധനയുടേയും കലർപ്പ് ഹൃദയത്തിലുണ്ടാകരുത്. ഹദ്റത്ത് ഇബ്റാഹീമിനെ അബുൽമില്ലത്തെന്നും അബുൽഹുനഫാഅ് എന്നും വിശേഷിപ്പിക്കാൻ അദ്ദേഹത്തിനുണ്ടായിരുന്ന പ്രത്യേകത എന്തായിരുന്നു?അല്ലാഹു അദ്ദേഹത്തിന് അളവറ്റ അനുഗ്രഹങ്ങൾ നല്കി. അദ്ദേഹത്തിന്റെ സത്യസന്ധതയും ആത്മാർഥതയും കൊണ്ടായിരുന്നു അത്.

നോക്കുക! തന്റെ സന്താനങ്ങളിൽനിന്ന് അറബികളിൽ ഒരു പ്രവാചകൻ ഉണ്ടാകേണമേ എന്ന് ഹദ്റത്ത് ഇബ്റാഹീം പ്രാർഥിച്ചിരുന്നു. അന്നേരംതന്നെ അതു സ്വീകരിക്കപ്പെട്ടുവോ? ഈ പ്രാർഥനയുടെ ഫലമെന്തായിരിക്കുമെന്ന് ഹദ്റത്ത് ഇബ്റാഹീമിനുശേഷം നീണ്ട കാലം ആരും ചിന്തിച്ചിട്ടില്ല. നബി(സ)തിരുമേനിയുടെ നിയോഗത്തോടെ ആ പ്രാർഥന പൂർത്തിയാകുകയാണുണ്ടായത്. എത്ര പ്രൗഢിയോടെയാണ് അത് പുലർന്നത്! (മൽഫൂദാത്ത്, വാള്യം 4, പേജ് 419–420,1984 പതിപ്പ്)

ആകയാൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ കേവലം ദുരിതാനുഭവങ്ങളുണ്ടാകുമ്പോൾ ദുആ ചെയ്താൽപോര. അല്ലാഹു സമൃദ്ധിയും സന്തോഷവും നല്കുമ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

ദുആ സ്വീകാര്യതയ്ക്ക് ശരീരവും ആത്മാവും തമ്മിൽ പരസ്പര ബന്ധമുണ്ടായിരിക്കണമെന്നും എങ്ങനെയുള്ളതായിരിക്കണം ആ ബന്ധമെന്നും വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: ആത്മാർഥതയും സത്യസന്ധതയുമില്ലെങ്കിൽ ബാഹ്യമായ നമസ്കാര നോമ്പാദികൾ ഒരു സവിശേഷതയും ഉൾക്കൊള്ളുന്നില്ല. നമസ്കാരത്തിൽ ആത്മാവ് അലിയുന്നില്ലെങ്കിൽ ഒരു പ്രയോജനവുമില്ല. യോഗികളും സന്യാസിമാരും തങ്ങളുടേതായ നിലയിൽ വലിയ തപസ്സുകൾ ചെയ്യാറുണ്ട്. അവരിൽ ചിലർ തങ്ങളുടെ കൈകൾപ്പോലും മരവിപ്പിക്കുന്നത് അധികവും കണ്ടുവരാറുണ്ട്. ദിവസങ്ങളോളം കൈകളുയർത്തി വെക്കുമ്പോൾ അവ മരവിച്ചുപോകുന്നു. കഠിനപ്രവൃത്തികൾ ചെയ്തുകൊണ്ട് അവർ തങ്ങളെ പ്രയാസത്തിലും ദുരിതത്തിലും അകപ്പെടുത്തുന്നുവെങ്കിലും ആ ക്ലേശങ്ങളൊന്നും അവർക്ക് ഒരു വെളിച്ചവുമേകുന്നില്ല. സന്തോഷവും സംതൃപ്തിയും ലഭിക്കുന്നുമില്ല. മറിച്ച് അവരുടെ ആന്തരികാവസ്ഥ ദുഷിച്ചുപോകുകയാണ് ചെയ്യുന്നത്. അവർ ചെയ്യുന്ന ശാരീരിക യത്നങ്ങൾക്ക് ആത്മചൈതന്യവുമായുള്ള ബന്ധം കുറവായിരിക്കും. ആധ്യാത്മികതയിൽ അവ ഒരു സ്വാധീനവും ചെലുത്തുന്നില്ല. അഭ്യാസങ്ങൾ കാണിക്കാൻ അവർക്കു കഴിയും. ബാഹ്യമായ നിലയിൽ കഠിനമായ പ്രവൃത്തികളും ചെയ്യുന്നു. വളരെക്കാലം പട്ടിണി കിടന്ന് ക്ലേശങ്ങളും സഹിക്കാറുണ്ട്. എന്നാൽ, ആധ്യാത്മികതയുടെ സൽമാതൃക കാണിക്കാൻ അവർക്കു സാധിക്കുകയില്ല. അതുകൊണ്ടാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ ഇപ്രകാരം അരുളിയിരിക്കുന്നത്. *ലൻയ്യനാല്ലാഹ ലുഹൂമുഹാ വലാ ദിമാഉഹാ വലാക്കിൻയ്യനാലഹുത്തഖ്‌വാ മിൻകും* അവയുടെ മാംസമോ രക്തമോ അല്ലാഹുവിന് ഒരിക്കലും എത്തുകയില്ല. പക്ഷേ, നിങ്ങളുടെ ഹൃദയഭക്തിയാണ് അവനെത്തുന്നത്(22:38) അല്ലാഹു വാസ്തവത്തിൽ പുറന്തോടു ഇഷ്ടപ്പെടുന്നില്ല. അവൻ അകക്കാമ്പാണ് ആഗ്രഹിക്കുന്നത്. ഇവിടെ ചോദ്യം ഉദിക്കുന്നു. മാംസവും രക്തവുമെത്തുന്നില്ലെങ്കിൽ, തഖ്‌വായാണ് എത്തുന്നതെങ്കിൽ പിന്നെ ബലിയറുക്കേണ്ട ആവശ്യമെന്താണ്. അതുപോലെ നമസ്കാര നോമ്പാദികൾ ആത്മാവുമായി ബന്ധപ്പെട്ടതാണെങ്കിൽ പിന്നെ ബാഹ്യമായി അതനുഷ്ഠിക്കേണ്ട ആവശ്യമെന്ത്? മറ്റു മതങ്ങളിൽ മുമ്പേ ഉണ്ടായിരുന്നതുപോലെ ഒരിടത്തിരുന്ന് മനസ്സിൽത്തന്നെ നമസ്കരിക്കുകയും പ്രാർഥിക്കുകയും കരയുകയും കേണപേക്ഷിക്കുകയും ചെയ്താൽ മതിയല്ലോ? നമസ്കാരത്തിലെ അവസ്ഥകളായ നിൽക്കുക, കുനിയുക, സാഷ്ടാംഗം പ്രണമിക്കുക തുടങ്ങിയവയുടെ ആവശ്യമെന്താണ്? അവിടന്ന് പറഞ്ഞു, അതിനുള്ള മറുപടിയിതാണ്. ശരീരചലനങ്ങൾ പ്രയോജനപ്പെടുത്താതിരിക്കുന്നത് ആത്മാവിനെ ദോഷമായി ബാധിക്കുമെന്നതാണ് സത്യം. പരമലക്ഷ്യമായ വിധേയത്വവും അർപണവും അത്തരം ആളുകളിൽ ഉണ്ടാകുകയില്ല. ശരീരം കൊണ്ടു മാത്രം സേവനം ചെയ്യുകയും ആത്മാവിനെ അതിൽ പങ്കാളിയാക്കാതിരിക്കുകയും ചെയ്യുന്നവർക്കും ഗുരുതരമായ പിഴവ് പറ്റിയിരിക്കുന്നു. യോഗികൾ ഇത്തരത്തിലുള്ളവരാണ്. അവർ തങ്ങളുടെ

ശരീരത്തെ ഉപയോഗപ്പെടുത്തുമെങ്കിലും ആത്മാവുമായി അവർക്ക് ഒരു ബന്ധവുമുണ്ടാകുകയില്ല. ആത്മാവിനും ശരീരത്തിനും പരസ്പരം ഒരു ബന്ധം അല്ലാഹു വെച്ചിട്ടുണ്ട്. ശരീരത്തെ സാധീനിക്കുന്നത് ആത്മാവിനേയും സാധീനിക്കുന്നു, ഉദാഹരണമായി ഒരാൾ കരച്ചിൽ നടിക്കുകയാണെങ്കിൽപോലും ഒടുവിൽ അയാൾക്ക് കരച്ചിൽ വരികതന്നെ ചെയ്യും. അതുപോലെ നാട്യമെന്നോണം ചിരിക്കുന്നവനും ഒടുവിൽ ചിരി വരുന്നതായിരിക്കും. ആ നിലയ്ക്ക് നിൽക്കുക കുനിയുക എന്നിങ്ങനെ നമസ്കാരത്തിൽ ഏതൊക്കെ ശാരീരിക അവസ്ഥകളുണ്ടോ അവയൊക്കെ ആത്മാവിലും പ്രഭാവം ചെലുത്തുന്നു. ശരീരത്തിൽ വിധേയത്വത്തിന്റെ അവസ്ഥ കാണിക്കുന്തോറും ആത്മാവിലും ആ അവസ്ഥ ഉടലെടുക്കുന്നു. വിനയവും വിധേയത്വവും ഉണ്ടാകുന്നതനുസരിച്ച് അവ ആത്മാവിലും ഉണ്ടാകുന്നു. നിരർഥമായ സുജൂദുകൾ അല്ലാഹു സ്വീകരിക്കുന്നതല്ല. വിനയവും താഴ്മയും വിധേയത്വമില്ലാതെയും ആത്മാവിന്റെ പിന്തുണയില്ലാതെയും വെറുതെ ചെയ്യുന്ന സുജൂദ് അല്ലാഹു സ്വീകരിക്കുന്നതല്ല. എന്നാൽ, സുജൂദിന് ആത്മാവുമായി ഒരു ബന്ധമുണ്ട്. അതുകൊണ്ടുതന്നെ സുജൂദാണ് നമസ്കാരത്തിലെ പരമമായ സ്ഥാനം. മനുഷ്യൻ വിധേയത്വത്തിന്റെ പരമമായ അവസ്ഥ പ്രാപിക്കുമ്പോൾ അന്നേരം അവൻ സുജൂദ് ചെയ്യാനായിരിക്കും ആഗ്രഹിക്കുക. വിനയത്തിന്റെ പരമമായ അവസ്ഥ കാണിക്കാൻ ആഗ്രഹിക്കുക സ്വാഭാവികം. അങ്ങനെ അവൻ കുനിഞ്ഞ് സാഷ്ടാംഗം പ്രണമിക്കുന്നു. അദ്ദേഹം പറയുന്നു, മൃഗങ്ങളിൽപോലും ഈ അവസ്ഥ കാണാം. നായ തന്റെ യജമാനനോടുള്ള സ്നേഹാദിരേകത്താൽ സ്വന്തം തല യജമാനന്റെ പാദങ്ങളിൽവെച്ച് പ്രണാമ രൂപത്തിൽ തന്റെ സ്നേഹം പ്രകടിപ്പിക്കുന്നു. ശരീരത്തിന് ആത്മാവുമായി സവിശേഷമായ ബന്ധമുണ്ടെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. അതേപോലെ ആത്മാവിന്റെ അവസ്ഥകൾ ശരീരത്തിലും വെളിപ്പെടാറുണ്ട്. ആത്മാവ് ദുഃഖമയമാകുമ്പോൾ ശരീരത്തിലും അതിന്റെ ലക്ഷണങ്ങൾ വെളിപ്പെട്ട് കണ്ണീരും മ്ലാനതയും പ്രകടമാക്കുന്നു. സ്വഭാവം ഉന്മേഷരഹിതമാകാൻ തുടങ്ങുന്നു. ആത്മാവിൽ വല്ല വ്യഥയുമുണ്ടെങ്കിൽ മനുഷ്യമനസ്സിനുള്ളിൽ വല്ല ദുഃഖവുമുണ്ടെങ്കിൽ ശരീരം പരിക്ഷീണവും ഉന്മേഷരഹിതവുമായിത്തീരുന്നു. അയാളുടെ അവസ്ഥ മറ്റുള്ളവർക്കും മനസ്സിലാകുന്നതാണ്. ഒരു സദസ്സിലും ഇരിക്കാൻ മനസ്സു വരില്ല. ഇരുന്നാൽത്തന്നെ എന്തുപറ്റിയെന്ന് ആളുകൾ ചോദിച്ചു തുടങ്ങുന്നു.

പറയുന്നു, ആത്മാവും ശരീരവും തമ്മിൽ പരസ്പര ബന്ധമില്ലെങ്കിൽ ഇങ്ങനെ സംഭവിക്കുന്നതെന്തുകൊണ്ട്? രക്തചംക്രമണം ഹൃദയത്തിന്റെ ധർമമാണ്. ശരീരത്തെ സംബന്ധിച്ചിടത്തോളം രക്തമെത്തിക്കുന്ന എഞ്ചിനാണ് ഹൃദയമെന്നതിൽ സംശയമില്ല. ഹൃദയം മുഖേനയാണ് രക്തയോട്ടം നടക്കുന്നത്. ഒരു എഞ്ചിൻ എന്ന നിലയിലാണ് ഹൃദയം പ്രവർത്തിക്കുന്നത്. അത് ചുരുങ്ങുകയും വികസിക്കുകയും ചെയ്യുന്നതിലൂടെയാണ് ഇതെല്ലാം നടക്കുന്നത്. ഹൃദയം രക്തം പമ്പു ചെയ്യുന്നതിലൂടെയാണ് എല്ലാ പ്രവർത്തനവും നടക്കുന്നത്.

ചുരുക്കത്തിൽ ശാരീരികവും ആത്മീയവുമായ രണ്ടു ശൃംഖലകളും സമാന്തരമായി നടക്കുന്നു. ഹൃദയം ചിലപ്പോൾ വികസിക്കുന്നു. പിന്നെ ചുരുങ്ങുന്നു. വീണ്ടും വികസിക്കുന്നു. പിന്നെയും ചുരുങ്ങുന്നു. ശരീരവ്യവസ്ഥിതിയെ നടത്തുന്നവനിലൂടെയാണ് രക്തചംക്രമണ വ്യവസ്ഥിതിയും നടക്കുന്നത്.

അവിടന്ന് പറയുന്നു. ഭൗതികവും ആത്മീയവുമായ രണ്ടു സംവിധാനങ്ങളും ഇതുപോലെ സമാന്തരമായി നടന്നുപോകുന്നു. ആത്മാവിൽ വിനയമുണ്ടാകുമ്പോൾ ശരീരത്തിലും അതുണ്ടാകുന്നു. അതുകൊണ്ട് ആത്മാവിൽ ശരിക്കും വിനയവും വിധേയത്വവുമുണ്ടായാൽ ശരീരവും അവയുടെ ലക്ഷണങ്ങൾ സ്വയം വെളിപ്പെടുത്തുന്നു. അതുപോലെ ശരീരത്തിന് വ്യത്യസ്തമായ അനുഭവം ഉണ്ടാകുമ്പോൾ അത് ആത്മാവിലും സ്വാധീനം ചെലുത്തുന്നു. അതുകൊണ്ട് നമസ്കാരത്തിൽ ദൈവസമക്ഷം നിൽക്കുമ്പോൾ സ്വന്തം അസ്തിത്വത്താൽ വിനയവും വിധേയത്വവും പ്രകടിപ്പിക്കുക അനിവാര്യമാണ്. അന്നേരം അതൊരുതരം കപടതയാണ്. അതായത് മനസ്സുകൊണ്ടു താൽപര്യമില്ലെന്ന അർഥത്തിൽ കപടതയാണ് എങ്കിലും മനസ്സാ ശക്തി ചെലുത്തി വിനയം പ്രകടിപ്പിക്കുക. പക്ഷേ, അതു ചെയ്യേണ്ടതുതന്നെയാണ്. എന്തെന്നാൽ അതിന്റെ സ്വാധീനം ക്രമേണ ശാശ്വതമായി ഭവിക്കുകയും അതു ശീലമായിത്തീരുകയും ചെയ്യുന്നു. അതോടെ ആത്മാവും ശരീരവും ഒരുമിച്ച് പ്രവൃത്തിക്കാൻ തുടങ്ങുന്നു.

അദ്ദേഹം പറയുന്നു: ആത്മാവിൽ ശരിക്കും വിനയവും വിധേയത്വവും ഉടലെടുക്കാൻ തുടങ്ങുന്നു. ഈ അവസ്ഥ ഉണ്ടാകാൻ തുടങ്ങുന്നതോടെ മനുഷ്യന് നമസ്കാരത്തിലും അനുഭൂതിയുണ്ടാകാൻ തുടങ്ങുന്നു. പിന്നീട് അവൻ സ്വന്തം കാര്യങ്ങൾക്കു വേണ്ടി മാത്രമല്ല ദൈവസമക്ഷം ഹാജരാകുന്നത്.പ്രത്യുത അല്ലാഹുവുമായുള്ള സ്നേഹബന്ധത്താൽ അവൻ നമസ്കാരത്തിലേക്ക് തിരിയുന്നു.

തുടർന്ന് കൂടുതൽ വിശദീകരിച്ചുകൊണ്ട് പറയുന്നു: പ്രാർഥനയിൽ തങ്ങൾക്ക് അനുഭൂതി ലഭിക്കാറില്ലെന്ന് ചിലർ പറയാറുണ്ട്. എന്നാൽ, അനുഭൂതി തങ്ങളുടെ നിയന്ത്രണത്തിലല്ലെന്ന് അവർക്ക് അറിയില്ല. ആ അനുഭൂതിയുടെ നിലവാരവും വേറിട്ടതാണ്. ഇതെങ്ങനെയുള്ളതാണെന്നാൽ ഒരു വ്യക്തി അതികഠിനമായ വേദനയിൽ അകപ്പെടുന്നു. എന്നാൽ, അയാൾ ആ ബുദ്ധിമുട്ടിനേയും അനുഭൂതിയായിത്തന്നെ മനസ്സിലാക്കുന്നു. അദ്ദേഹം ഇത് വിവരിക്കുന്ന ദിനങ്ങളിൽ ട്രാൻസ്വാളിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം നടക്കുകയായിരുന്നു." നോക്കൂ! ട്രാൻസ്വാളിൽ പോരാടുന്നവർ– അദ്ദേഹം അവരുടെ ഉദാഹരണമാണ് നല്കുന്നത്– അതിൽ ജീവനുകൾ പൊലിഞ്ഞുപോകുകയും സ്ത്രീകൾ വിധവകളാകുകയും കുട്ടികൾ അനാഥരാകുകയും ചെയ്യുന്നു. എന്നാൽ, ദേശത്തിനോടുള്ള അഭിമാനവും രക്ഷയും അവരെ ഒരു അനുഭൂതിയോടും സന്തോഷത്തോടുംകൂടി മരണവക്ത്രത്തിലേക്ക് കൊണ്ടുപോകുകയാണ്." ദേശത്തിനുവേണ്ടി അവർ ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

"അവരെ ദേശത്തിനോടുള്ള അഭിമാനവും രക്ഷയും മരണവക്ത്രത്തിലേക്ക് സന്തോഷത്തോടെ കൊണ്ടുപോകുകയാണ്. ഇവിടെയാണെങ്കിൽ ജനത അവരുടെ കഠിനാധ്വാനങ്ങളേയും ബലിദാനങ്ങളേയും വിലമതിച്ചുകൊണ്ടിരിക്കുന്നു. മറ്റുള്ളവർ അവരെ encourage ചെയ്തുകൊണ്ടിരിക്കുന്നു. അവരെ ആദരിച്ചുകൊണ്ടിരിക്കുന്നു. "അപ്പോൾപ്പിന്നെ അവരുടെ കഠിനാധ്വാനങ്ങളെ എന്തിനാണ് ആദരിക്കുന്നത്? അവർ അനുഭവിക്കുന്ന ദുഃഖവും ബുദ്ധിമുട്ടും കാരണത്താൽ." കാരണം അവർ ദുഃഖം അനുഭവിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് സ്വാതന്ത്ര്യത്തിനുവേണ്ടി ബുദ്ധിമുട്ടുകൾ സഹിക്കുന്ന അവർക്ക് ആദരവുണ്ടാകുന്നു.

"ചുരുക്കത്തിൽ എല്ലാ അനുഭൂതിയും സന്തോഷവും ദുഃഖത്തിനുശേഷമാണ് വരുന്നത്. അതുകൊണ്ട് വിശുദ്ധ ഖുർആനിൽ ഈ നിയമം പറഞ്ഞിരിക്കുന്നു, *ഇന്ന മഅൽ ഉസ്‌രി യുസ്റൻ*(94:7)ഏതെങ്കിലും സന്തോഷത്തിനുമുമ്പേ ബുദ്ധിമുട്ടില്ലെങ്കിൽ ആ സന്തോഷം സന്തോഷമായിട്ടിരിക്കുകയില്ല. ഇപ്രാരംതന്നെ തങ്ങൾക്ക് ആരാധനകളിൽ അനുഭൂതി ഉണ്ടാകുന്നില്ലെന്ന് പറയുന്നവരും ആദ്യം തങ്ങളുടെ സ്ഥാനത്തുനിന്ന് ചിന്തിക്കേണ്ടതാണ്; അവർ ആരാധനയ്ക്കായി എത്രത്തോളം ദുഃഖങ്ങളും ബുദ്ധിമുട്ടുകളും സഹിക്കുന്നുണ്ടെന്ന്! ഒരു വ്യക്തി സഹിക്കുന്ന വേദനകളുടേയും കഷ്ടപ്പാടുകളുടേയും അളവ്, പരിവർത്തനത്തിനുശേഷം അത് അനുഭൂതിയായി മാറുകയാണ്. അദ്ദേഹം പറഞ്ഞു:'ഞാൻ ഉദ്ദേശിക്കുന്നത് മനുഷ്യൻ തന്നെത്താൻ അനാവശ്യമായി ബുദ്ധിമുട്ടുകളിൽ ഇടുന്നതിനേയും ബുദ്ധിമുട്ടുകളുടെ മാല കഴുത്തിലിട്ടുണ്ടെന്ന് വാദിക്കുന്നതിനേയുമല്ല."(മൽഫൂദാത്ത് വാള്യം 4, പേജ് 422–423, 1984 പതിപ്പ്) പ്രത്യുത പറഞ്ഞതിന്റെ ഉദ്ദേശ്യമിതാണ്, നമസ്കാരം അതിന്റെ നേരത്ത് എല്ലാ നിർബന്ധ കാര്യങ്ങളും തയ്യാറാക്കിക്കൊണ്ട്നമസ്കരിക്കുക. അങ്ങനെ ചെയ്യാൻ ശ്രമിക്കുക. ഉറക്കത്തേയും ത്യാഗം ചെയ്യുക. നിങ്ങളുടെ തൊഴിലുകളേയും ത്യാഗം ചെയ്യുക. നേരത്ത് നമസ്കരിക്കാൻ ശ്രമിക്കുക. അല്ലാഹുവിനോടുള്ള ഭയം മനസ്സിലുണ്ടാക്കുക.

സ്വയം ഒരു തരത്തിലുള്ള ബുദ്ധിമുട്ടുകളും സഹിക്കാത്തവരും അല്ലെങ്കിൽ സഹിക്കാനാഗ്രഹിക്കാത്തവരുമായ ചിലയാളുകളുണ്ട്. മറ്റുള്ളവരെക്കൊണ്ട് പ്രാർഥിപ്പിച്ചാൽ തങ്ങളുടെ കാര്യം പരിഹരിക്കപ്പെടുമെന്ന് അവർ കരുതുന്നു. അവരോടു ചിലപ്പോൾ ചോദിക്കുകയാണെങ്കിൽ, അഞ്ചുനേര നമസ്കാരം കൃത്യമായി നമസ്കരിക്കുന്നില്ലെന്നായിരിക്കും മറുപടി. ഒരിക്കൽ ഒരു മകൻ തന്റെ പിതാവിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ദുആയ്ക്ക് പറഞ്ഞു. ഈ ദുആ എന്തെങ്കിലും വ്യക്തിപരമായ കാര്യങ്ങൾക്കുവേണ്ടി ആയിരുന്നില്ല. പ്രത്യുത അവന്റെ ദീനിനുവേണ്ടിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, ശ്രദ്ധയോടെ ദുആ ചെയ്യുക. നീ സ്വയമേവ ശ്രദ്ധയോടെ ദുആ ചെയ്യുക. പിതാവിന്റെ ദുആ മക്കൾക്കുവേണ്ടി എങ്ങനെ സ്വീകരിക്കപ്പെടുന്നുവോ അതേപോലെ മക്കളുടെ ദുആ പിതാവിനുവേണ്ടിയും സ്വീകരിക്കപ്പെടുന്നു. അദ്ദേഹം പറഞ്ഞു: താങ്കളും ശ്രദ്ധയോടെ ദുആ ചെയ്യുകയാണെങ്കിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തോടു പറയുകയാണ്, താങ്കളും ശ്രദ്ധയോടെ ദുആ ചെയ്യുകയാണെങ്കിൽ ആ നേരത്ത് നമ്മുടെ ദുആക്കും സ്വാധീനമുണ്ടാകുന്നതാണ്.(മൽഫൂദാത്ത് വാള്യം 4, പേജ് 187–188, 1984 പതിപ്പ്) സ്വയം ദുആ ചെയ്യുകയാണെങ്കിൽ എന്റെ ദുആകളുടെ സ്വാധീനമുണ്ടാകുന്നതാണ്. ഇല്ലെങ്കിൽ ഒന്നുമുണ്ടാകുകയില്ല. അതുകൊണ്ട് ദുആകൾ ചെയ്യിക്കുന്നവർ മറ്റുള്ളവരുടെ ദുആകളെമാത്രം അവലംബമാക്കരുത്.

ആരാധനയിൽ അനുഭൂതി കരസ്ഥമാക്കുന്ന മാർഗം വിവരിക്കുമ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്നു പറഞ്ഞു: "ഓർത്തുകൊള്ളുക! മനുഷ്യൻ അല്ലാഹുവിനുവേണ്ടി തനിക്ക് പ്രിയപ്പെട്ട വസ്തുക്കൾ, അല്ലാഹുവിന് അനിഷ്ടകരമായതുകൊണ്ട് അത് ഉപേക്ഷിച്ച് പ്രയാസങ്ങൾ അനുഭവിക്കുന്നു. ഈ പ്രയാസങ്ങൾ അനുഭവിക്കുന്ന ശരീരത്തിന്റെ സ്വാധീനം ആത്മാവിലുമുണ്ടാകുന്നു." എന്തു ബുദ്ധിമുട്ടുകൾ സഹിക്കാനാണ്. ആദ്യം വന്നിട്ടില്ലേ പ്രയാസങ്ങൾ സഹിക്കേണ്ടതാണെന്ന്. ഇച്ഛകൾക്ക് വിപരീതമായിക്കൊണ്ട് അല്ലാഹുവിന് അനിഷ്ടകരമായത് ഉപേക്ഷിക്കുന്നതു മൂലമുണ്ടാകുന്ന ബുദ്ധിമുട്ട്! തൽഫലമായി പ്രയാസങ്ങളുണ്ടായാൽപോലും ഉപേക്ഷിക്കേണ്ടതാണെങ്കിൽ ഉപേക്ഷിക്കുക. ബുദ്ധിമുട്ടുകൾ സഹിക്കുന്ന ശരീരത്തിന്റെ സ്വാധീനം ആത്മാവിലുമുണ്ടകുന്ന കാരണത്താൽ കൂടെക്കൂടെ അതിന് വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഏതുവരെയെന്നാൽ പരിപൂർണമായ അനുസരണത്താൽ ഏകനായവന്റെ മുമ്പിൽ വീഴുന്നു. ഇങ്ങനെ അല്ലാഹുവിനുവേണ്ടി ചിലതിനെ ഉപേക്ഷിക്കുകയും ബുദ്ധിമുട്ടുകൾ സഹിക്കുകയും ചെയ്യുന്നതിന്റെ സ്വാധീനം ആത്മാവിലുണ്ടാകുന്നു. ആത്മാവിൽ അതിന്റെ സ്വാധീനമുണ്ടായാൽ തീർച്ചയായും അത് നമസ്കാരത്തിൽ സുജൂദിലും റുക്കൂഇലും അല്ലാഹുവിന്റെ സവിധത്തിലുമുണ്ടാകുന്നു. ആരാധനയിൽ അനുഭൂതി ഉണ്ടാകുന്നതിനുള്ള മാർഗം ഇതാണ്." അദ്ദേഹം പറയുന്നു: ആരാധനയിൽ അനുഭൂതി ലഭിക്കുന്നതിന് പല മാർഗങ്ങളും ധാരാളമാളുകൾ അവലംബിക്കാറുണ്ട്. അവർ മനസ്സിലാക്കിയിരിക്കുന്നത് പാട്ടുകൾ പാടുന്നതുകൊണ്ടും വാദ്യമേളങ്ങൾ മുഖേനയും ആരാധന ആയെന്നാണ്. കണ്ണടച്ചുകൊണ്ട് ധ്യാനനിരതനായാൽ ആരാധനയായെന്ന് വിശ്വസിക്കുന്നു. അതുമല്ലെങ്കിൽ പാട്ടുകൾ ശ്രവിക്കുന്നതിലൂടെ ആരാധന നിർവഹിച്ചുവെന്ന് മനസ്സിലാക്കുന്നു.' അദ്ദേഹം പറയുന്നു: ഇത്തരം അബദ്ധങ്ങളിൽപ്പെട്ടുപോകരുത്. ഇക്കാര്യങ്ങൾകൊണ്ട് ഭൗതിക ശരീരത്തിന് അനുഭൂതിയും ആനന്ദവും ലഭിച്ചേക്കാം. എന്നാൽ, ആത്മാവിന് ഒരുവിധ അനുഭൂതിയും ഇതുമുഖേന ലഭിക്കുകയില്ല. മാത്രവുമല്ല വിനയവും എളിമയും ഉണ്ടാകുകയുമില്ല. ആരാധനയുടെ യഥാർഥ ഉദ്ദേശ്യം പൂർത്തിയാകുകയുമില്ല. വേശ്യകളുടെ സദസ്സിലിരുന്നുകൊണ്ട് അനുഭൂതി കരസ്ഥമാക്കിയാൽ അതിനേയും ആരാധനയുടെ അനുഭൂതി എന്ന് വിശേഷിപ്പിക്കാമോ? ഇത്തരം സൂക്ഷ്മമായ കാര്യങ്ങൾ മറ്റു സമൂഹങ്ങൾ മനസ്സിലാക്കുന്നില്ല.

കാരണം ആരാധനയുടെ യഥാർഥ ഉദ്ദേശ്യലക്ഷ്യങ്ങളെ കുറിച്ച് അവർ മനസ്സിലക്കിയിട്ടില്ല.(മൽഫൂദാത്ത് വാള്യം 4, പേജ് 423–424, 1984 പതിപ്പ്)

ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ കൂറും അല്ലാഹുവിനുവേണ്ടി സ്വയം പ്രയാസങ്ങൾ അനുഭവിക്കുകയും തൽഫലമായി അല്ലാഹു ഏതു രീതിയിലാണ് അദ്ദേഹത്തോടു പെരുമാറിയത് എന്നതിന്റെ ഉദാഹരണം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുവിനോടു സത്യസന്ധത പുലർത്തുക എന്നതാണ് അവന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള മാർഗം. ഈ മാർഗം അവലംബിച്ചുകൊണ്ടാണ് ഹദ്റത്ത് ഇബ്റാഹീം(അ) അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിയത്. അതുകൊണ്ടുതന്നെ പറഞ്ഞു: *വ ഇബ്റാഹീമല്ലദീ വഫ്ഫാ ഇബ്റാഹീം* കൂറു കാണിക്കുകയുണ്ടായി.(53:38) അല്ലാഹുവിനോടു കൂറും സത്യസന്ധതയും ആത്മാർഥതയും കാണിക്കുന്നതിന് മരണം വരിക്കേണ്ടതായിട്ടുണ്ട്. ഏതുവരെ മനുഷ്യൻ ഈ ലോകത്തിന്റെ സുഖവും ആനന്ദവും നിരസിക്കാൻ തയ്യാറല്ലയോ, ഇതുപോലെതന്നെ അല്ലാഹുവിനുവേണ്ടി കഷ്ടതകളും ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സഹിക്കാൻ തയ്യാറല്ലയോ അതുവരെ ഈ ഗുണം തന്നിലുണ്ടാക്കാൻ സാധിക്കുന്നതല്ല. വൃക്ഷങ്ങളേയും കല്ലിനേയും ആരാധിക്കുക എന്നതിൽമാത്രം ബിംബാരാധന നിക്ഷിപ്തമല്ല. പ്രത്യുത അല്ലാഹുവിന്റെ സാമീപ്യത്തിൽനിന്നും തടയുന്ന ഓരോ വസ്തുവും ബിംബമാകുന്നു. അതിനാൽ മനുഷ്യന് തന്റെ ഉള്ളിൽ എത്രത്തോളം ബിംബങ്ങളുണ്ടെന്ന് കാര്യം അവനുപോലും അറിയില്ല. അതിനാൽ പൂർണമായി അല്ലാഹുവിന്റേതായി തീരാതിരിക്കുകയും അവനുവേണ്ടി പ്രയാസങ്ങൾ സഹിക്കാൻ സന്നദ്ധനാകാത്തിടത്തോളവുംകാലം സത്യസന്ധതയുടേയും കൂറിന്റേയും വർണം ചാർത്താൻ സാധിക്കുന്നതല്ല. ഹദ്റത്ത് ഇബ്റാഹീം(അ)ന് വെറുതെ കിട്ടിയ ബഹുമതിയല്ല ഇത്. തന്റെ മകനെ ബലികഴിപ്പിക്കാൻ സന്നദ്ധനായപ്പോഴാണ് *ഇബ്റാഹീമല്ലദീ വഫ്ഫാ* എന്ന ശബ്ദം മുഴങ്ങിയത്. അല്ലാഹു കർമങ്ങളാണ് ആഗ്രഹിക്കുന്നത്. കർമങ്ങളിലൂടെയാണ് സന്തുഷ്ടനാകുന്നത്. കർമങ്ങൾ പൂർണതയിലെത്തുന്നതിന് പ്രയാസങ്ങൾ സഹിക്കേണ്ടിവരും. അല്ലാഹുവിനുവേണ്ടി പ്രയാസങ്ങൾ സഹിക്കാൻ തയ്യാറായാൽ അല്ലാഹു പ്രയാസങ്ങളിൽനിന്ന് സംരക്ഷിക്കുന്നതാണ്. നോക്കുക ഇബ്റാഹീം അല്ലാഹുവിന്റെ കല്പനയാൽ തന്റെ മകനെ ബലിയർപിക്കാൻ തയ്യാറായപ്പോൾ അല്ലാഹു അദ്ദേഹത്തിന്റെ മകനെ രക്ഷിച്ചു. തീയിലിട്ടപ്പോഴും അതിന്റെ ഒരു സ്വാധീനവുമുണ്ടായില്ല.

അല്ലാഹുവിനുവേണ്ടി ത്യാഗങ്ങൾ സഹിക്കാൻ തയ്യാറായാൽ അവൻ എല്ലാ പ്രയാസങ്ങളിൽനിന്നും രക്ഷിക്കുന്നതാണ്. നമ്മുടെ കൈയിൽ ശരീരമുണ്ട്. എന്നാൽ, ആത്മാവില്ല. അദ്ദേഹം പറയുന്നു, നമ്മുടെ കൈയിൽ ശരീരമുണ്ട്. എന്നാൽ, ആത്മാവില്ല. എന്നിരുന്നാലും ആത്മാവിന് ശരീരവുമായി ബന്ധമുണ്ട്.ശരീരത്തിന്റെ സ്വാധീനം ആത്മാവിൽ തീർച്ചയായുമുണ്ടാകുന്നു. അതിനാൽ ശരീരത്തിന് ആത്മാവിൽ ഒരുവിധ സ്വാധീനവും ചെലുത്താൻ സാധ്യമല്ലെന്ന് ഒരിക്കലും വിചാരിക്കരുത്. മനുഷ്യനിൽനിന്നുണ്ടാകുന്ന കർമങ്ങൾ ഈ രീതിയിലാണുണ്ടാകുന്നത്. അതായത് ശരീരവും ആത്മാവും ഒന്നിക്കുമ്പോൾ ശരീരത്തിനും ആത്മാവിനും തനിച്ച് നന്മയും തിന്മയും ചെയ്യാൻ സാധ്യമല്ല. നന്മ തിന്മയുടെ അവസരത്തിലും ഇവയെ ബന്ധപ്പെടുത്തിയായിരിക്കും നോക്കുക. പല ആളുകളും ഈ രഹസ്യം മനസ്സിലാക്കാത്ത കാരണത്താൽ മുസ്‌ലിമീങ്ങളുടെ സ്വർഗം ശാരീരികമാണെന്ന് പറഞ്ഞ് ആക്ഷേപങ്ങൾ ഉന്നയിക്കുന്നു. എന്നാൽ, കർമങ്ങൾ ചെയ്യുന്നപക്ഷം ശരീരം കൂടെയുള്ളപ്പോൾ പ്രതിഫലനാളിൽ എങ്ങനെയാണ് മാറ്റിനിറുത്തപ്പെടുന്നതെന്ന് പോലും അവർ മനസ്സിലാക്കുന്നില്ല. ചുരുക്കത്തിൽ ഇസ്‌ലാം ഈ രണ്ടുമാർഗങ്ങളേയും അതായത് അമിതത്വവും അതിമിതത്വവും വിട്ടുകൊണ്ട് മധ്യമമാർഗം പറഞ്ഞിരിക്കുന്നു. അവ രണ്ടും ഭയാനകമായ കാര്യങ്ങളാണ്. ഇതു വർജിക്കേണ്ടതാണ്. ശരീരത്തെ പീഢിപ്പിക്കുന്നതുകൊണ്ടുമാത്രം ഒന്നുമുണ്ടാകുകയില്ല. മടിയനായി ഇരിക്കുന്നതുകൊണ്ടും ഒരു ഫലവുമുണ്ടാകുകയില്ല."(മൽഫൂദാത്ത് വാള്യം 4, പേജ് 429–430, 1984 പതിപ്പ്). പ്രയാസങ്ങളിൽ ഇടുന്നതുകൊണ്ട്, ശരീരത്തിനും ഒന്നുമാകാൻ സാധിക്കുകയില്ല. വെറും മടിയനായി ഇരിക്കുകയാണെങ്കിലും ഒരു പ്രയോജനവുമില്ല. ആത്മാവിനേയും ശരീരത്തേയും ചേർത്തു നിറുത്തേണ്ടത് അനിവാര്യമാണ്.

ദുആ ചെയ്യുന്ന സന്ദർഭത്തിലും പരീക്ഷണങ്ങളുണ്ടാവുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് മൂസായുടെ(അ) സമൂഹത്തിന്റെ ഉദാഹരണം വിവരിച്ചുകൊണ്ട് അവരിൽ പരീക്ഷണങ്ങൾ ഇറങ്ങിയതും അത് അവരിൽ നീണ്ടകാലം നിലനിന്നതുമായി ബന്ധപ്പെട്ട് പറയുന്നു: ഓരോ പ്രവർത്തനത്തിനും ഓരോ കാലമുണ്ട്. പരിശുദ്ധരായവർ അതിനുവേണ്ടി കാത്തിരിക്കും. എന്നാൽ, ആരാണോ അക്ഷമരായിക്കൊണ്ട് ഉടനെതന്നെ അതിന് ഫലം കാണണമെന്ന് ആഗ്രഹിക്കുന്നത് അവർ ധിറുതിപ്പെടുന്നവരാണ്. അവർക്ക് ലക്ഷ്യം പ്രാപിക്കാൻ സാധ്യമല്ല. എന്റെ അഭിപ്രായത്തിൽ ദുആ ചെയ്യുമ്പോഴും പരീക്ഷണമെന്ന നിലയ്ക്ക് പരീക്ഷണങ്ങളുണ്ടാകുന്നതാണ്. ഏതുപോലെയെന്നാൽ, ഹദ്റത്ത് മൂസാ(അ) ബനൂ ഇസ്റായീലിനെ ഫിർഔനിന്റെ അടിമത്വത്തിൽനിന്ന് രക്ഷിക്കുന്നതിന് ഈജിപ്റ്റിൽ വന്നപ്പോൾ പകുതി ദിവസം ഇഷ്ടിക നിർമിക്കാനും ബാക്കി സമയം സ്വന്തം കാര്യങ്ങൾ ചെയ്യാനും ഫിർഔൻ ജോലി നല്കുകയുണ്ടായി." പകുതി ദിവസം അവർക്ക് അവധിയായിരുന്നു. പകുതി ദിവസം അവർ ഫിർഔനിന്റെ ജോലി ചെയ്യണമായിരുന്നു." പക്ഷേ, മൂസാ(അ) അവരെ രക്ഷിക്കുന്നതിനുവേണ്ടി ശ്രമിച്ചപ്പോൾ ഉപദ്രവകാരികളുടെ ഉപദ്രവംകൊണ്ട് ബനൂ ഇസ്റായീലിന്റെ ജോലി അധികമാക്കപ്പെട്ടു. പകുതി ദിവസം ഇഷ്ടിക വാർക്കുവാനും ബാക്കി സമയം പുല്ലരിഞ്ഞുകൊണ്ടുവരാനും ഫിർഔൻ കല്പിച്ചു. അതുകൊണ്ട് സ്വന്തം കാര്യങ്ങൾ ചെയ്യാൻ അവർക്ക് സമയമുണ്ടായിരുന്നില്ല. ഇക്കാര്യം ഹദ്റത്ത് മൂസാ(അ) തന്റെ സമുദായത്തെ അറിയിച്ചപ്പോൾ അവർ പ്രകോപിതരായി, ഞങ്ങൾക്കു കിട്ടിയ അതേ പ്രയാസങ്ങൾതന്നെയാണ് നിന്റെ അല്ലാഹുവും നിനക്ക് നല്കിയിരിക്കുന്നതെന്ന് പറഞ്ഞ് അവർ മൂസായെ ശപിച്ചു. എന്നാൽ, നിങ്ങൾ സഹനം കൈവിടരുതെന്ന് സന്ദേശം മൂസാ അവർക്കു നല്കുകയാണ് ചെയ്തത്. തൗറാത്തിൽ ഈ മുഴുവൻ കാര്യങ്ങളും രേഖപ്പെട്ടു കിടക്കുന്നു. മൂസാ(അ) അവരെ സമാധാനിപ്പിക്കുമ്പോഴെല്ലാം അവർ കൂടുതൽ പ്രകോപിതരാകുകയാണ് ചെയ്തിരുന്നത്. അവസാനം ഈജിപ്റ്റിൽനിന്ന് പലായനം ചെയ്യാനുള്ള നിർദേശം നല്കുകയുണ്ടായി. ഈജിപ്റ്റുകാരുടെ വസ്ത്രങ്ങളും പാത്രങ്ങളും കൈവശമുണ്ടായിരുന്നതും കൂടെ കൊണ്ടുവന്നു. എന്തെല്ലാമാണോ കിട്ടിയത് അതെല്ലാം എടുത്തു. ഹദ്റത്ത് മൂസാ(അ) തന്റെ അനുയായികളുമായി പുറപ്പെട്ടപ്പോൾ അവരെ പിന്തുടർന്ന് ഫിർഔനും തന്റെ സൈന്യവുമായി നീങ്ങി. ഫിർഔൻ തങ്ങളെ പിന്തുടരുന്നതു കണ്ടപ്പോൾ ബനൂഇസ്റാഈൽ സമൂഹം അസ്വസ്ഥരായി. ആ അവസ്ഥയെ പറ്റി ഖുർആനിൽ പറയുന്നു: *ഇന്നാ ല മുദ്റക്കൂൻ* അവർ ആർത്തുവിളിച്ചുകൊണ്ട് പറഞ്ഞു, മൂസാ നമ്മളിതാ പിടിക്കപ്പെടുന്നു(26:62). എന്നാൽ, ഹദ്റത്ത് മൂസാ(അ)നുബുവ്വത്തിന്റെ കണ്ണുകളാൽ പര്യവസാനം ദർശിച്ചിരുന്നു. അദ്ദേഹം മറുപടി നല്കി: *കല്ലാ ഇന്ന മഇയെ റബ്ബീ സയഹ്ദീൻ* ഒരിക്കലുമില്ല. എന്റെ നാഥൻ എന്റെ കൂടെത്തന്നെയുണ്ട്. തീർച്ചയായും അവനെനിക്ക് വിജയമാർഗം കാണിച്ചുതരുന്നതാണ്.(26:63)

തൗറാത്തിൽ ഇപ്രകാരവും വന്നിരിക്കുന്നു: അവർ പറയുകയുണ്ടായി. ഈജിപ്റ്റിൽ നമുക്കുവേണ്ടി ഖബ്റുകൾ ഉണ്ടായിരുന്നില്ലേ. അവരുടെ പിന്നിൽ ഫിർഔനിന്റെ സൈന്യവും മുമ്പിൽ നൈൽ നദിയുമായിരുന്നു. അവർ പറഞ്ഞു: ഈജിപ്റ്റിൽ നമ്മൾ താമസിച്ചിരുന്നെങ്കിൽ അവിടെ മരിക്കുകയും മറയടക്കപ്പെടുകയും ചെയ്യുമായിരുന്നു. നമ്മുടെ മുമ്പിൽ സമുദ്രവും പിന്നിൽ ഫിർഔനിന്റെ സൈന്യവുമാണ്. അവർ ഇപ്പോൾ നമ്മളെല്ലാവരേയും കൊല്ലുന്നതാണ്. അവർ വളരെയധികം വ്യാകുലരായി. പറയുന്നു, മുമ്പോട്ടുപോയാലും പിന്നോട്ടുപോയാലും രക്ഷയില്ലെന്ന കാര്യം അവർക്കു മനസ്സിലായി. എന്നാൽ, അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണ്. നൈൽസമുദ്രത്തിലൂടെ പോകാനുള്ള വഴി അവർക്ക് ലഭിക്കുകയുണ്ടായി. ബനൂഇസ്റായീൽ സമൂഹം മുഴുവനും അതുമുഖേന രക്ഷപ്പെട്ടു. എന്നാൽ, ഫിർഔനിന്റെ സമൂഹം സമുദ്രത്തിൽ മുങ്ങുകയും ചെയ്തു. ഇതൊരു അത്ഭുതദൃഷ്ടാന്തമായിരുന്നു. അല്ലാഹു അവർക്ക് രക്ഷപ്പെടാനുള്ള വഴി ഉണ്ടാക്കിക്കൊടുത്തു. ഭയഭക്തിയുള്ളവരിൽ സംഭവിക്കുന്നത് ഇതുതന്നെയാണ്. ബുദ്ധിമുട്ടും പ്രയാസങ്ങളും അനുഭവിക്കുമ്പോൾ അതിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗം അല്ലാഹു ഒരുക്കിക്കൊടുക്കുന്നു. *യജ്അൽല്ലഹു മഖ്റജൻ* രക്ഷപ്പെടാനുള്ള മാർഗമുണ്ടാക്കിക്കൊടുക്കുന്നതാണ്(65:3). ദുആ ചെയ്യുന്ന സമയത്തിനും അതു സ്വീകരിക്കപ്പെടുന്ന സമയത്തിനുമിടയിൽ പരീക്ഷണങ്ങളുണ്ടാകുന്നു. ചില പരീക്ഷണങ്ങൾ അസഹനീയവുമായിരിക്കും. എന്നാൽ, പരിശുദ്ധന്മാർ ആ സമയത്തും സ്ഥിരചിത്തരായിക്കൊണ്ട് പ്രയാസങ്ങളിലും തങ്ങളുടെ രക്ഷിതാവിന്റെ സുഗന്ധം ശ്വസിക്കുകയും സൂക്ഷ്മബുദ്ധിയോടെ നോക്കിക്കാണുകയും ചെയ്യുന്നു. അതിനുശേഷം അല്ലാഹുവിന്റെ സഹായമെത്തുകയും ചെയ്യുന്നു.

ഈ പരീക്ഷണങ്ങളിൽ ഒരു രഹസ്യം അടങ്ങിയിരിക്കുന്നു. അതെന്താണെന്നുവെച്ചാൽ ദുആ ചെയ്യാനുള്ള ആവേശം വർധിക്കുന്നു. കാരണം പ്രയാസങ്ങൾ വർധിക്കുന്നതനുസരിച്ച് ആത്മാവ് മൃദുലമായിക്കൊണ്ടിരിക്കും. ഇത് ദുആ സ്വീകാര്യതയുടെ ഘടകങ്ങളിൽ ഒന്നാണ്. മൃദുലത, ആർദ്രത, ശ്രദ്ധ ഇവയെല്ലാം ദുആയിൽ ഉണ്ടാകുന്നുവെങ്കിൽ അത് അല്ലാഹു സ്വീകരിക്കുമെന്നതിന് തെളിവാണ്. അതിനാൽ ഒരിക്കലും തന്നെ ഭയപ്പെടാൻ പാടുള്ളതല്ല. അതുപോലെ സഹനം വെടിഞ്ഞുകൊണ്ട് അല്ലാഹുവിനുമേൽ ദുർഭാവന വെച്ചു പുലർത്തരുത്. എന്റെ ദുആകൾ ഒരിക്കലും സ്വീകരിക്കുന്നില്ല, അല്ലെങ്കിൽ സ്വീകരിക്കപ്പെടുകയില്ല എന്ന ചിന്ത ഉണ്ടാകരുത്. അത്തരം തെറ്റുധാരണ അല്ലാഹു ദുആ സ്വീകരിക്കുന്നവനാണെന്ന സവിശേഷഗുണത്തിന്റെ നിഷേധമാണ്." (മൽഫൂദാത്ത് വാള്യം 4, പേജ് 433–435, 1984 പതിപ്പ്)

അല്ലാഹുവിന്നെതിരിൽ ഇത്തരം അവസ്ഥകളുണ്ടാകുന്നത് നിരീശ്വരവാദത്തിലേക്ക് നയിക്കുന്നതായിരിക്കും. ഇന്ന് പൊതുവെ എല്ലാ ശ്രദ്ധയും മതത്തിനും അല്ലാഹുവിനുമെതിരാണ്. ഞാൻ മുമ്പേ പറഞ്ഞതുപോലെ അല്ലാഹു നമുക്കെന്തു നല്കിയെ

## ത്വാലിബെ ദുആ

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."**

**(സ്വഹീഹ് മുസ്‌ലിം)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

## • അല്ലാഹുവിന്റെ കലാം: •

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."**

**(വിശുദ്ധ ഖുർആൻ 14:36)**

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ന്നുള്ളത് നമ്മുടെ ഹൃദയത്തിലുണ്ടാവേണ്ടതാണ്. മതംകൊണ്ടെന്താണ് പ്രയോജനം? മതം മനുഷ്യരെ അലസരാക്കുകയാണോ? മതം കേവലം സങ്കല്പങ്ങൾ സൃഷ്ടിക്കുകയാണോ? ഈ സന്ദർഭത്തിൽ ഓരോ അഹ്മദിക്കും അല്ലാഹുവുമായി സുദൃഢബന്ധം ഉണ്ടാവേണ്ടത് അനിവാര്യമാണ്. നമുക്ക് ആവശ്യമുള്ള സാഹചര്യങ്ങളിൽ മാത്രം നമസ്കാരവും ബന്ധവുമുണ്ടായാൽ പോര. പ്രത്യുത ശാന്തിയും സമാധാനവും ഉള്ളപ്പോഴും പ്രയാസങ്ങളുള്ളപ്പോഴും അല്ലാഹുവുമായി ബന്ധമുണ്ടാകേണ്ടതാണ്. തങ്ങളുടെ നമസ്കാരത്തെ സംരക്ഷിക്കുന്നവരും ദുആയിൽ വിശ്വാസമുള്ളവരുമായിരിക്കണം. ഇതുതന്നെയാണ് അഹ്മദിയുടെ ഉത്തരവാദിത്വവും. ഇതു തന്നെയാണ് ബയ്അത്തിന്റെ കടമകൾ നിർവഹിക്കലും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നമ്മുടെ ജമാഅത്തിലുള്ളവരുടെ വിശ്വാസത്തിൽ വർധനയുണ്ടാകേണ്ടതാണ്. അല്ലാഹുവുമായി സുദൃഢ വിശ്വാസവും ജ്ഞാനവും ഉണ്ടാവേണ്ടതാണ്. സൽകർമങ്ങളിൽ അലസത പാടില്ല. കാരണം അലസത ഉണ്ടായാൽ വുളു എടുക്കുന്നതും ബുദ്ധിമുട്ടായി തോന്നുന്നതാണ്. തഹ്ജ്ജുദ് അനുഷ്ഠിക്കാനും സാധിക്കുകയില്ല. തഹജ്ജുദിന് എഴുന്നേല്ക്കുക എന്നത് വലിയ കാര്യമാണ്. സാധാരണ നമസ്കാരങ്ങൾക്കുപോലും വുളു എടുക്കുന്നത് ബുദ്ധിമുട്ടായിരിക്കും. അദ്ദേഹം പറയുന്നു: സൽകർമങ്ങളനുഷ്ഠിക്കാനുള്ള കഴിവ് ഉണ്ടാക്കാതിരിക്കുകയും സൽകർമങ്ങളിൽ മുന്നേറാനുള്ള ആവേശമില്ലാതിരിക്കുകയും നന്മയിൽ മുന്നേറാനുള്ള അഭിനിവേശവും ഇല്ലാതിരിക്കുകയാണെങ്കിൽ നാമുമായി ബന്ധം സ്ഥാപിക്കുന്നത് വ്യർഥമായിരിക്കും.(മൽഫൂദാത്ത് വാള്യം 4, പേജ് 439, 1984 പതിപ്പ്)

അതിനാൽ വലിയ ചിന്തയോടുകൂടി നമ്മൾ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാൻ ശ്രമിക്കേണ്ടതാണ്. ഈ ബന്ധം യാഥാർഥ്യമായാൽ തീർച്ചയായും നമ്മൾ ദുആ സ്വീകാര്യതയുടെ ദൃശ്യങ്ങളും കാണുന്നതായിരിക്കും. അല്ലാഹു അതിനുള്ള സൗഭാഗ്യം നല്കുമാറാകട്ടെ.

ഈ ദിനങ്ങളിൽ പാക്കിസ്താനിലെ അഹ്മദികൾക്കുവേണ്ടി വളരെയധികം ദുആ ചെയ്യുക. അവർക്കെതിരിൽ അവിടെ കൂടുതൽ പ്രയാസങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെ അൾജീരിയായിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അവിടേയും അവസ്ഥകൾ മോശമായിക്കൊണ്ടിരിക്കുകയാണ്. ഇതുപോലെ മറ്റു സ്ഥലങ്ങളിൽ വസിക്കുന്ന അഹ്മദികളുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അകറ്റുകയും അവരെ സംരക്ഷിക്കുകയും ശത്രുക്കളുടെ കുതന്ത്രങ്ങളിൽനിന്ന് കാത്തുസൂക്ഷിക്കുകയും ചെയ്യുമാറാകട്ടെ.




**(പേജ് 1ൽനിന്ന്)**

പൂർണമായ ഉത്തരവാദിത്വത്തോടുകൂടി തങ്ങളുടെ ചുമതലകൾ നിർവഹിക്കുമെന്നും പരാതിയ്ക്കുള്ള ഇടം നല്കുകയില്ലെന്നും പ്രതിക്ഷിക്കുകയാണ്." നമസ്കാരങ്ങൾ നിർവഹിക്കുന്നതിലേക്കും ദുആ ചെയ്യുന്നതിലേക്കും എല്ലാ സേവകരുടേയും ശ്രദ്ധ അദ്ദേഹം ക്ഷണിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു, "അല്ലാഹു അവന്റെ ഫള്ൽകൊണ്ട് നമ്മുടെ പോരായ്മകൾ മറച്ചുവെച്ച് ഈ ജൽസയെ വിജയപ്രദവും അനുഗൃഹീതവുമാക്കുമാറാകട്ടെ." അദ്ദേഹം ഹുദൂർ അൻവർ അയ്യദഹുല്ലാഹ് ജൽസസാലാനയെ സംബന്ധിച്ച് നല്കിയിട്ടുള്ള ചില നിർദേശങ്ങളും കേൾപ്പിക്കുകയുണ്ടായി. തന്റെ പ്രസംഗത്തിന്റെ അവസാനം പറഞ്ഞു: "ദിക്റെ ഇലാഹിയിലേക്കും ദുആകളിലേക്കും പ്രത്യേകം ശ്രദ്ധിക്കുക. ജമാഅത്തോടുകൂടിയുള്ള നമസ്കാരത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കുക." കൃത്യം പതിനൊന്നരമണിക്ക് കൂട്ടായ പ്രാർഥനയോടുകൂടി പരിപാടി സമാപിച്ചു. (തുടരും)

**കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച**
**ഖുത്ബ ജുമുഅ 2022 ഡിസംബർ 09**

ഇത് എങ്ങനെയുള്ള പ്രശ്നമായിരുന്നുവെന്നാൽ അതിൽ ദീർഘമായ വാദപ്രതിവാദത്തിന്റെ ആവശ്യമില്ല. അക്കാലത്തെ അവസ്ഥകൾ വായിക്കുക. പിന്നെ ഹദ്റത്ത് അബൂബക്ർ(റ) ഇസ്ലാമിന് ചെയ്ത സേവനങ്ങളെ വിലയിരുത്തുകയും ചെയ്യുക. ഞാൻ സത്യമായും പറയുന്നു. അബൂബക്ർ സിദ്ദീഖ്(റ) ഇസ്ലാമിൽ രണ്ടാമത്തെ ആദമാണെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. നബി(സ)തിരുമേനിക്കുശേഷം അബൂബക്റിന്റെ അസ്തിത്വം ഇല്ലായിരുന്നുവെങ്കിൽ ഇസ്ലാമും ഉണ്ടാകുമായിരുന്നില്ല. അബൂബക്ർ(റ)ന്റെ വലിയ ഒരു ഔദാര്യമെന്തെന്നാൽ, അദ്ദേഹം ഇസ്ലാമിനെ പുനരുജ്ജീവിപ്പിച്ചു. തന്റെ വിശ്വാസ സ്ഥൈര്യം കാരണം എല്ലാ കലാപകാരികൾക്കും ശിക്ഷ നൽകി. സമാധാനം പുനഃസ്ഥാപിച്ചു. അല്ലാഹു പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. താൻ സത്യവാനായ ഖലീഫയ്ക്കുമേൽ സമാധാനം നൽകുന്നതാണെന്ന് അവൻ വാഗ്ദാനം ചെയ്യുന്നു. ഈ പ്രവചനം ഹദ്റത്ത് സിദ്ദീഖിന്റെ ഖിലാഫത്തിൽ പൂർത്തിയായി. ആകാശവും ഭൂമിയും അതിന് കർമ്മ സാക്ഷ്യം നൽകി. ഇതാണ് സിദ്ദീഖിന്റെ നിർവചനം. അതിൽ ഈ നിലവാരംവരെയും സത്യസന്ധത ഉണ്ടാകേണ്ടത് അനിവാര്യമായിരുന്നു. ദൃഷ്ടികളിൽ നിന്ന് പ്രയാസങ്ങൾ വളരെ പെട്ടെന്ന് പരിഹരിക്കപ്പെടുന്നു."(മൽഫദാത്ത് വാള്യം 1, പേജ് 380–381, 1984 പതിപ്പ്)

വീണ്ടും അദ്ദേഹം പറയുന്നു: നബി(സ)തിരുമേനിയുടെ വഫാത്തുവേളയിൽ ആയിരക്കണക്കിനാളുകൾ മുർതദ്ദായി. വാസ്തവത്തിൽ നബി(സ)തിരുമേനിയുടെ കാലത്ത് ശരീഅത്ത് പൂർത്തീകരിക്കപ്പെട്ടിരുന്നു. മതനിരാസം എത്രത്തോളമായെന്നാൽ നമസ്കാരം രണ്ടു മസ്ജിദുകളിൽ മാത്രമായി ഒതുങ്ങി. മറ്റൊരു മസ്ജിദിലും നമസ്കാരംപോലും ഉണ്ടായിരുന്നില്ല. ഇവരെ സംബന്ധിച്ച് അല്ലാഹു പറയുന്നു. *ഖുൽ ല്ലം തുഅ്മിനൂ വലാക്കിൻ ഖൂലൂ അസ്ലംനാ* പറയുക, നിങ്ങൾ വിശ്വസിച്ചിട്ടില്ല. എന്നാൽ, ഞങ്ങൾ മുസ്ലിമായിരിക്കുന്നുവെന്ന് പറഞ്ഞുകൊള്ളുക! പക്ഷേ, അല്ലാഹു ഹദ്റത്ത് അബൂബക്ർ(റ) മുഖേന ഇസ്ലാമിനെ വീണ്ടും സ്ഥാപിച്ചു. അങ്ങനെ അദ്ദേഹം ആദം ഥാനിയായി."

എന്റെ വീക്ഷണത്തിൽ നബി(സ)തിരുമേനിക്കുശേഷം ഈ ഉമ്മത്തിനുമേൽ ഹദ്റത്ത് അബൂബക്റിന്റെ ഔദാര്യം വളരെ വലുതാണ്. അദ്ദേഹത്തിന്റെ കാലത്ത് നാല് കള്ളപ്രവാചകന്മാർ ഉണ്ടായി. മുസയ്ലിമയുടെ കൂടെ ഒരു ലക്ഷം ആളുകളുണ്ടായിരുന്നു. അവരുടെ പ്രവാചകൻ അവരുടെ ഇടയിൽനിന്ന് ഉയർന്നു പോയിരുന്നു. പക്ഷേ, അത്തരം പ്രയാസഘട്ടത്തിലും ഇസ്ലാം അതിന്റെ കേന്ദ്രത്തിൽ നിലകൊണ്ടു. ഹദ്റത്ത് ഉമറിനെ സംബന്ധിച്ചിടത്തോളം എല്ലാ കാര്യങ്ങളും തയ്യാറാക്കപ്പെട്ട നിലയിലാണ് കിട്ടിയത്. പിന്നീട് അദ്ദേഹം അത് വ്യാപിപ്പിച്ചു കൊണ്ടിരുന്നു. എത്രത്തോളമെന്നാൽ അറേബ്യയുടെ ചുറ്റുവട്ടത്തു നിന്ന് ഇസ്ലാം സിറിയയിലും റോമിലുമെത്തി. ഈ രാജ്യങ്ങൾ മുസ്ലിമീങ്ങളുടെ നിയന്ത്രണത്തിലായി. ഹദ്റത്ത് അബൂബക്റിന്റേതുപോലുള്ള പ്രയാസങ്ങൾ ആരും കണ്ടിട്ടില്ല. ഹദ്റത്ത് ഉമറോ(റ), ഹദ്റത്ത് ഉഥമാനോ(റ), ഹദ്റത്ത് അലിയോ(റ) അത് അഭിമുഖീകരിച്ചിട്ടില്ല.(മൽഫൂദാത്ത് വാള്യം 8, പേജ് 277–278, 1984 പതിപ്പ്)

വീണ്ടും അദ്ദേഹം പറയുന്നു: "അല്ലാഹുവിനുവേണ്ടി നിന്ദ്യനാകുന്നവൻ അവസാനം അന്തസ്സിന്റെയും പ്രതാപത്തിന്റെയും സിംഹാസനത്തിൽ അവരോധിതനാകുന്നതായിരിക്കും. ഒരു അബൂബക്റിനെത്തന്നെ നോക്കുക, അദ്ദേഹം ഏറ്റവുമാദ്യം നിന്ദ്യത സ്വീകരിച്ചു. ഏറ്റവുമാദ്യം സിംഹാസനാരൂഢനായി." (മൽഫൂദാത്ത് വാള്യം 7, പേജ് 41, 1984 പതിപ്പ്)

വീണ്ടും അദ്ദേഹം പറയുന്നു: "ലോകത്ത് അത്തരം ഉദാഹരണങ്ങളും ദൃഷ്ടാന്തങ്ങളും കുറവാണോ. അതായത് ആരാണോ അവന്റെ വഴിയിൽ വധിക്കപ്പെട്ടത്, നശിപ്പിക്കപ്പെട്ടത്, അവർ ജീവിച്ചിരിക്കുന്നുവെന്നതിന്റെ തെളിവ് ഭൂമിയിലെ ഓരോരോ അണുവിലും ലഭിക്കുന്നു. ഹദ്റത്ത് അബൂബക്ർ(റ)നെ തന്നെ നോക്കുക. ഏറ്റവുമധികം അല്ലാഹുവിന്റെ മാർഗത്തിൽ നാശങ്ങൾ സഹിച്ചു. അല്ലാഹുവിന്റെ മാർഗത്തിൽ ഏറ്റവുമധികം നൽകുകയും ചെയ്തു. പക്ഷേ, ഇസ്ലാമിന്റെ ചരിത്രത്തിൽ ഹദ്റത്ത് അബൂബക്ർ(റ) തന്നെയാണ് ആദ്യത്തെ ഖലീഫയായത്. അവിടന്ന് പറഞ്ഞു: "പലരും ധരിക്കുന്നത് തങ്ങൾ അല്ലാഹുവിന് വേണ്ടി എല്ലാം വിച്ഛേദിച്ചുകൊണ്ട് അവനവനെത്തന്നെ നശിപ്പിക്കുകയാണെന്നാണ്. പക്ഷേ, ഇതവരുടെ അബദ്ധമാകുന്നു. ആരും നശിക്കുന്നില്ല. ഹദ്റത്ത് അബൂബക്റിനെ തന്നെ നോക്കൂ. അദ്ദേഹം എല്ലാം ഉപേക്ഷിച്ചു. പക്ഷേ, ഏറ്റവുമാദ്യം സിംഹാസനത്തിൽ അവരോധിതനായി."(മൽഫൂദാത്ത് വാള്യം 6, അടിക്കുറിപ്പോടെ, 1984 പതിപ്പ്)

വീണ്ടും പറയുന്നു: "ഈ കാര്യത്തിന് തെളിവിനുള്ള വിശദീകരണമാണ് വേണ്ടതെങ്കിൽ, അല്ലയോ ബുദ്ധിമാന്മാരേ! അറിഞ്ഞു കൊള്ളുക. അല്ലാഹു, എല്ലാ മുസ്ലിം സ്ത്രീപുരുഷന്മാരോടും ഈ ആയത്തുകളിൽ ഇങ്ങനെ വാഗ്ദാനം ചെയ്തിരിക്കുന്നു. അവൻ തന്റെ അനുഗ്രഹത്താൽ അവരിൽ ചില മുഅ്മിനീങ്ങളെ തീർച്ചയായും ഖലീഫ ആക്കുന്നതാണ്. ഖിലാഫത്തിന്റെ ആയത്തിൽ പറയുന്നു, അവരുടെ ഭയത്തെ തീർച്ചയായും സമാധാന അവസ്ഥയിലേക്ക് മാറ്റുന്നതാണ്. ഈ കാര്യത്തിനുള്ള സമ്പൂർണവും തികവുറ്റതുമായ സാക്ഷ്യം ഹദ്റത്ത് സിദ്ദീഖ് അക്ബറിന്റെ ഖിലാഫത്തിലാണ് നമുക്ക് കാണാൻ കഴിയുന്നത്. ഗവേഷകന്മാരെ സംബന്ധിച്ചിടത്തോളം ഈ ഒരു കാര്യം ഗോപ്യമല്ല. അതായത്. അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലഘട്ടം ഭയത്തിന്റെയും പ്രയാസങ്ങളുടെയും സമയമായിരുന്നു. നബി(സ)തിരുമേനി വഫാത്തായപ്പോൾ ഇസ്ലാമിനും മുസ്ലിമീങ്ങൾക്കുമ്മേൽ പ്രയാസങ്ങൾ വന്നു വീഴുകയുണ്ടായി. നിരവധി മുനാഫിഖീങ്ങൾ മുർതദ്ദായി. അവരുടെ നാവുകൾ നീണ്ടു. കറ്റു കെട്ടുന്നവർ നുബുവ്വത്തിന്റെ വാദം ഉന്നയിച്ച് തുടങ്ങി. നിരവധി ഗ്രാമീണവാസികൾ അവരുടെ ചുറ്റും ഒരുമിച്ചുകൂടി. എത്രത്തോളമെന്നാൽ മുസയ്ലിമത്തുൽ കദ്ദാബിനോടൊപ്പം ഒരു ലക്ഷത്തോളം വിവരദോഷികളും മോശസ്വഭാവമുള്ളവരും ചേരുകയുണ്ടായി. ഫിത്ന പൊട്ടിപ്പുറപ്പെട്ടു പ്രയാസങ്ങൾ വർധിച്ചു. പ്രയാസങ്ങൾ ദൂരെ ദേശങ്ങളെപോലും വലയം ചെയ്തു. മുസ്ലിമീങ്ങൾക്ക് ഒരു ശക്തമായ ഭൂകമ്പം വന്നതുപോലെയായി. ആ സമയത്ത് എല്ലാവരും പരീക്ഷിക്കപ്പെട്ടു. ഭയാനകവും ശ്വാസം നിലയ്ക്കുന്നതുമായ അവസ്ഥകൾ സംജാതമായി. മുഅ്മിനീങ്ങളുടെ അവസ്ഥ എത്രമാത്രം മോശമായെന്നാൽ അവരുടെ ഹൃദയങ്ങളിൽ തീക്കനലുകൾ വെച്ചതുപോലെയായി. അഥവാ കത്തികൊണ്ട് അറുക്കുന്ന അവസ്ഥയിലായി. ചിലപ്പോൾ സൃഷ്ടി കുലോത്തമനായ നബി(സ)തിരുമേനിയുടെ വേർപാടു കാരണം തുടരെത്തുടരെ ഫിത്നകൾക്ക് നിമിത്തമായി. ഫിത്നകൾ കത്തിച്ചാമ്പലാക്കുന്ന തീപോലെ വെളിപ്പെടാൻ തുടങ്ങി. സമാധാനത്തിന്റെ അടയാളം പോലും ഇല്ലായിരുന്നു. ഫിത്ന ഉണ്ടാകുന്നത് മൺകട്ടകളിൽ മുളച്ച് പൊന്തുന്ന പച്ചപ്പുപോലെ പരക്കുകയുണ്ടായി. വിശ്വാസികളുടെ ഭയവും പരിഭ്രമവും വർധിച്ചു. ഹൃദയം ഭയവും അസ്വസ്ഥതയും കൊണ്ട് നിറഞ്ഞു. അത്തരം നിർണായക ഘട്ടത്തിൽ ഹദ്റത്ത് അബൂബക്ർ(റ)നെ കാലത്തിന്റെ വിധി കർത്താവും ഹദ്റത്ത് ഖാതമുന്നബിയ്യീനിന്റെ ഖലീഫയുമാക്കി. മുനാഫിഖീങ്ങളുടെയും കാഫിരീങ്ങളുടെയും മുർതദ്ദുകളുടെയും നിലപാടുകളും രീതികളും കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം ദുഃഖത്തിൽ മുങ്ങിപ്പോയി. അദ്ദേഹം വർഷപാതം കണക്കെ കരയാൻ തുടങ്ങി. അദ്ദേഹത്തിന്റെ അശ്രുക്കൾ നീരുറവപോലെ ഒഴുകി. അദ്ദേഹം തന്റെ നാഥനോട് ഇസ്ലാമിന്റെയും മുസ്ലിമീങ്ങളുടെയും നന്മ ആഗ്രഹിച്ചുകൊണ്ടിരുന്നു. അങ്ങനെ അല്ലാഹുവിന്റെ സഹായമെത്തി. കള്ളപ്രവാചകൻ കൊല്ലപ്പെട്ടു. മുർതദ്ദീങ്ങൾ നശിപ്പിക്കപ്പെട്ടു. ഫിത്ന അകന്നു പോയി. പ്രശ്നങ്ങൾ ശമിച്ചു. കാര്യങ്ങളിൽ തീരുമാനമായി. ഖിലാഫത്തിന്റെ കാര്യങ്ങൾ സുശക്തമായി. അല്ലാഹു മുഅ്മിനീങ്ങളെ പ്രയാസത്തിൽ നിന്ന് രക്ഷിച്ചു. അവരുടെ ഭയപ്പാ

ടിന്റെ അവസ്ഥകളെ സമാധാനത്തിലേക്ക് മാറ്റി. അവർക്കുവേണ്ടി അവരുടെ ദീനിനെ പ്രബലമാക്കി. ഒരു ലോകത്തെതന്നെ സത്യത്തിൽ നിലയുറപ്പിക്കുന്നവരാക്കി. കുഴപ്പക്കാരുടെ മുഖങ്ങളെ കരുവാളിപ്പിച്ചു. തന്റെ വാഗ്ദാനം പൂർത്തിയാക്കുകയും തന്റെ ദാസനായ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനെ സഹായിക്കുകയും ചെയ്തു. ദ്രോഹികളായ നേതാക്കന്മാരെയും വിഗ്രഹങ്ങളെയും നശിപ്പിച്ചു. ശത്രുഹൃദയങ്ങളിൽ എത്രമാത്രം ഭയപ്പാടുണ്ടാക്കിയെന്നാൽ അതെല്ലാം നിർവീര്യമായി. അവസാനം അവർ മടങ്ങിവന്നു തൗബ ചെയ്തു. ഇതായിരുന്നു പ്രതാപവനായ അല്ലാഹുവിന്റെ വാഗ്ദാനം. അവനെല്ലാ സത്യസന്ധരിൽവെച്ച് ഏറ്റവും വലിയ സത്യവാനാകുന്നു. അതിനാൽ ഖിലാഫത്തിന്റെ വാഗ്ദാനം എങ്ങനെയാണു അതിന്റെ എല്ലാ പൂർണമായ നിബന്ധനകളോടും അടയാളങ്ങളോടും കൂടി ഹദ്റത്ത് അബൂബക്റിന്റെ വ്യക്തിത്വത്തിൽ പൂർത്തിയായതെന്ന് ചിന്തിച്ച് നോക്കുവിൻ."

അവിടന്ന് പറയുന്നു: "അദ്ദേഹം ഖലീഫയായപ്പോൾ മുസ്‌ലിമീങ്ങളുടെ അവസ്ഥ എന്തായിരുന്നുവെന്ന് ചിന്തിച്ച് നോക്കുക. ഇസ്‌ലാം പ്രയാസങ്ങൾ നിമിത്തം തീകൊണ്ട് കത്തിക്കരിഞ്ഞ വ്യക്തിയെപോലെ ദുർബലാവസ്ഥയിലായിരുന്നു. പിന്നെ അല്ലാഹു ഇസ്‌ലാമിനു അതിന്റെ ശക്തി തിരിച്ചുനൽകി. ആഴമുള്ള കിണറ്റിൽനിന്ന് പുറത്തുകൊണ്ടു വന്നു. കള്ളപ്രവാചകന്മാർ ഭയങ്കരമായ ശിക്ഷയാൽ കൊല്ലപ്പെട്ടു. മൂർത്തദ്ദീങ്ങൾ നാല്കാലികളെ പോലെ നശിപ്പിക്കപ്പെട്ടു."

വീണ്ടും പറയുന്നു: "മുഅ്മിനീങ്ങൾ ഭയം കാരണം മൃതരെ പോലെയായിരുന്നു. അവർക്ക് സമാധാനം നൽകപ്പെട്ടു. ഈ പ്രയാസങ്ങൾ ദൂരെ അകന്നപ്പോൾ മുഅ്മിനീങ്ങൾ സന്തോഷിക്കുകയുണ്ടായി. ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനു ആശംസകൾ നേർന്നു. മർഹബ എന്ന് പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹവുമായി കൂടിക്കാഴ്ചകൾ നടത്തി. അദ്ദേഹത്തെ ഒരു പരിശുദ്ധ രൂപമായും നബിമാരെപോലെ സഹായം ലഭിക്കുന്നവനാണെന്നും മനസ്സിലാക്കിയിരുന്നു. ഇതെല്ലം സംഭവിച്ചത് ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ സത്യസന്ധതയും അഗാധമായ വിശ്വാസദാർഢ്യവും കാരണമായിരുന്നു." (സിർറുൽഖിലാഫ(മുത്തർറജിം) പേജ് 47–51)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: 'നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഇസ്‌ലാമിന്റെ അവസ്ഥ എന്തായിരുന്നു? ഇതിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ സവിശേഷതകൾ വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു. "അദ്ദേഹം പ്രവാചകൻ ഒന്നും അല്ലായിരുന്നു. പക്ഷേ, അദ്ദേഹത്തിൽ റസൂൽമാരുടെ ശക്തികൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ സത്യസന്ധത കാരണം തന്നെയാണ് ഇസ്‌ലാമിന്റെ പൂങ്കാവനത്തിൽ അതിന്റെ എല്ലാ സൗന്ദര്യങ്ങളും തിരിച്ചുവന്നത്. ശരങ്ങളുടെ ദുഖത്തിനു ശേഷം അന്തസ്സാർന്ന ഭംഗി കൈവന്നു. അതിന്റെ വിവിധങ്ങളായ സുഗന്ധപൂരിതങ്ങളായ പൂക്കൾ വിരിഞ്ഞു. അതിന്റെ ശാഖകൾ പൊടിപടലങ്ങളിൽ നിന്ന് ശുദ്ധമായി." അതിനു മുമ്പേ അതി ന്റെ അവസ്ഥ മരിച്ചുകിടക്കുന്നവന്റെമേൽ അലമുറയിട്ടുകരഞ്ഞുകഴിഞ്ഞതുപോലെ ആയിക്കഴിഞ്ഞിരുന്നു.

അതിന്റെ പട്ടിണിക്കോലം പോലെ ആയിട്ടുണ്ടായിരുന്നു. അതിന്റെ പ്രയാസങ്ങൾ വേട്ടയാടപ്പെട്ട മൃഗത്തിന്റെ മാംസം മുറിച്ച് മാറ്റിയതുപോലെ ആയിരുന്നു. അതിന്റെ അവസ്ഥ വിവിധങ്ങളായ പ്രയാസങ്ങളാൽ നിറഞ്ഞതുമായിരുന്നു. ശക്തമായ ഉച്ചവെയിലിൽ കരിവാളിച്ചത് പോലെയായിട്ടുണ്ടായിരുന്നു. പിന്നെ അല്ലാഹു ആ ദുരിതങ്ങളിൽനിന്നു മോചനം നൽകി. ബുദ്ധിമുട്ടുകളിൽനിന്നെല്ലാം സ്വതന്ത്രമാക്കി. അത്ഭുതാവഹമായ പിന്തുണയാൽ സഹായം നൽകി, എത്രത്തോളമെന്നാൽ ഇസ്‌ലാം അതിന്റെ പരാജിതവും ചെളിപുരണ്ടതുമായ ചുറ്റുപാടിനുശേഷം രാജാക്കന്മാരുടെ നേതാവും സാധാരണക്കാരുടെ ഉടമസ്ഥനുമായി. മുനാഫിഖീങ്ങളുടെ നാവുകൾ നിശബ്ദമായി. മുഅ്മിനീങ്ങളുടെ മുഖം പ്രസന്നമായി. എല്ലാവരും തങ്ങളുടെ നാഥനെ സ്തുതിക്കുകയും സിദ്ദീഖ് അക്ബറിനു നന്ദി പ്രകടിപ്പിക്കുകയും ചെയ്തു."(സിർറുൽ ഖിലാഫ(മുത്തർറജിം)പേജ് 52)

അവിടന്ന് വീണ്ടും പറയുന്നു: "ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) വിദ്രോഹികളുടെ ദ്രോഹം കാരണം വീഴാൻ തുടങ്ങുന്ന ഒരു ചുമരുപോലെയാണ് ഇസ്‌ലാമിനെ കണ്ടത്. അപ്പോൾ അല്ലാഹു അദ്ദേഹത്തിന്റെ കൈകളാൽ ആ മതിലുകൾ ലോഹം കൊണ്ടുള്ള ഒരു ശക്തിമത്തായ കോട്ടപോലെ ആക്കിത്തീർത്തു. അതിൽ അടിമകളെ പോലെ അനുസരിക്കുന്ന സൈന്യത്തെയുമാക്കി. നിനക്ക് അതിൽ എന്തെങ്കിലും സംശയമുണ്ടോ? അതല്ല അതുപോലുള്ള മാതൃകകൾ നിനക്ക് മറ്റേതെങ്കിലും കൂട്ടരിൽ കാണിച്ചു തരാൻ കഴിയുമോ?"(സിർറുൽഖിലാഫ(മുത്തർറജിം)പേജ് 54)

അവിടന്ന് വീണ്ടും പറയുന്നു: "അദ്ദേഹം(റ) പരിപൂർണമായ മഅ്രിഫത്ത് ഉൾക്കൊള്ളുന്ന ആരിഫ് ബില്ലായും സഹനശീലത്തിന്റേയും ദയാവായ്പിന്റേയും സ്വഭാവത്തിന്റെ ഉടമയുമായിരുന്നു. വിനയാന്വിതവും അതിഥികളുടേതുപോലുള്ള താഴ്മയുള്ള ജീവിതവുമാണ് അദ്ദേഹം നയിച്ചത്. ഏറെ പൊറുക്കുകയും മാപ്പാക്കുകയും ചെയ്യുന്ന ആളായിരുന്നു. വാത്സല്യത്തിന്റേയും കാരുണ്യത്തിന്റേയും ആൾരൂപമായിരുന്നു.

അദ്ദേഹം തന്റെ നെറ്റിത്തടത്തിലെ പ്രകാശത്താൽ തിരിച്ചറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന് നബി(സ)തിരുമേനിയുമായി ആഴമേറിയ ബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആത്മാവ് മനുഷ്യകുലോത്തമനായ നബി(സ)തിരുമേനിയുടെ ആത്മാവുമായി ബന്ധിതമായിരുന്നു. തന്റെ യജമാനനും ലക്ഷ്യവും സ്നേഹഭാജനവുമായ തിരുനബിയെ ഏതൊരു ദൈവത്തിന്റെ പ്രകാശമാണോ ആവരണം ചെയ്തിരുന്നത് അതെ പ്രകാശമാണ് അദ്ദേഹത്തെയും ആവരണം ചെയ്തിരുന്നത്. അദ്ദേഹം നബി(സ)തിരുമേനിയുടെ പ്രകാശത്തിന്റെ അതിസൂക്ഷ്മമായ ഛായയിലും തിരുനബിയുടെ അതിമഹത്തായ അനുഗ്രഹത്തിൻ കീഴിലും മറഞ്ഞിരിക്കുകയായിരുന്നു. വിശുദ്ധഖുർആനിന്റെ ജ്ഞാനത്തിലും പ്രവാചകൻ(സ)തിരുമേനിയുടെ സ്നേഹത്തിലും അദ്ദേഹം എല്ലാവരേക്കാളും വ്യതിരിക്തനായിരുന്നു. അദ്ദേഹത്തിന് പരലോകത്തിന്റെയും ദൈവികരഹസ്യങ്ങളുടെയും യാഥാർഥ്യം വ്യക്തമായിരുന്നു. അദ്ദേഹം എല്ലാ ഭൗതിക ബന്ധങ്ങളും അറുത്ത് മാറ്റി. ഭൗതികബന്ധങ്ങളെ പിന്നിലേക്കെറിഞ്ഞു. അദ്ദേഹം തന്റെ പ്രേമഭാജനമായ നബി(സ)തിരുമേനിയുടെ വർണം സ്വീകരിച്ചു. ഏകനായ അല്ലാഹുവിനെ ലക്ഷ്യമാക്കികൊണ്ട് എല്ലാ ഇഷ്ടങ്ങളും പരിത്യജിച്ചു. എല്ലാ ഭൗതിക വക്രതകളിൽനിന്നും അദ്ദേഹത്തിന്റെ ആത്മാവ് പരിശുദ്ധമായി. സത്യവാനായ ഏകദൈവത്തിന്റെ വർണം സ്വീകരിച്ചു. റബ്ബുൽ ആലമീനിന്റെ അഭീഷ്ടത്തിൽ ലീനനായി. സത്യഇലാഹിന്റെ സ്നേഹം അദ്ദേഹത്തിന്റെ നാടി ഞരമ്പുകളിലും ഹൃദയത്തിന്റെ അസ്തിത്വത്തിന്റെ സകല കണങ്ങളിലും സന്നിവേശിപ്പിക്കപ്പെടുകയും അദ്ദേഹത്തിന്റെ വാക്കുകളും കർമങ്ങളും അനക്കമടക്കങ്ങളുമെല്ലാം തന്നെ ആ പ്രകാശം പ്രസ്ഫുരിതമാകാനും തുടങ്ങിയപ്പോൾ അദ്ദേഹം സിദ്ദീഖ് എന്ന പേരിനാൽ വിളിക്കപ്പെട്ടു. അദ്ദേഹത്തിനുമേൽ വളരെയേറെ തുടർച്ചയായി പുതുപുത്തൻ അറിവുകൾ എല്ലാം നല്കുന്നവനായ അല്ലാഹുവിന്റെ സന്നിധിയിൽ നിന്ന് ഇറക്കപ്പെടുകയുണ്ടായി. സ്വിദ്ഖ് അഥവാ സത്യസന്ധത അദ്ദേഹത്തിൽ സന്നിവേശിപ്പിക്കപ്പെട്ട യോഗ്യതയും പ്രകൃതിദത്തമായ സവിശേതയുമായിരുന്നു. ആ സ്വിദ്ഖിന്റെ പ്രഭാവങ്ങളും പ്രകാശങ്ങളും അദ്ദേഹത്തിലും അദ്ദേഹത്തിന്റെ വാക്കിലും പ്രവൃത്തിയിലും അനക്കമടക്കങ്ങളിലും നിശ്വാസത്തിലും പ്രകടമായി. അദ്ദേഹം ആകാശ ഭൂമികളുടെ നാഥനായ അല്ലാഹുവിനാൽ അനുഗൃഹീതനായ കൂട്ടരുടെ ഗണത്തിൽ പെടുന്നു. അദ്ദേഹം നുബുവ്വത്താകുന്ന പുസ്തകത്തിന്റെ നേർപകർപ്പായിരുന്നു. അദ്ദേഹം അനുഗൃഹീതരായവരുടെയും യോദ്ധാക്കളുടെയും നേതാവായിരുന്നു. അദ്ദേഹം നബിമാരുടെ സ്വഭാവമുൾക്കൊള്ളുന്ന തിരഞ്ഞെടുക്കപ്പെട്ട ആളുകളിൽപ്പെട്ടവരായിരുന്നു."

അവിടന്ന് പറയുന്നു: "നീ നമ്മുടെ ഈ വാക്കുകളെ അതിശയോക്തി ആണെന്ന് കരുതേണ്ട അത് മൃദുല നിലപാടും കണ്ണടച്ചുകൊണ്ടുള്ള കാര്യമാണെന്നും ഗണിക്കേണ്ട. അത് മേഘത്തിൽ നിന്നു പെയ്തിറങ്ങിയതാണെന്നും കരുതേണ്ടതില്ല. പ്രത്യുത അത് അന്തസ്സുടയവനായ നാഥന്റെ സന്നിധിയിൽ നിന്ന് എനിക്ക് വെളിപ്പെട്ട യാഥാർഥ്യമാകുന്നു. അദ്ദേഹത്തിന്റെ പ്രത്യേകത അദ്ദേഹം റബ്ബിൽ ഭരമേൽപ്പിക്കുന്നതും സാമഗ്രികളിൽ ശ്രദ്ധ കുറക്കുന്നതുമായിരുന്നു. അദ്ദേഹത്തിന്റെ എല്ലാ മര്യാദകളും നമ്മുടെ നേതാവ് നബി(സ)തിരുമേനിയുടെ നിഴൽ പോലെയായിരുന്നു. അദ്ദേഹത്തിന് മനുഷ്യകുലോത്തമനായ നബി(സ)തിരുമേനിയുമായി ആരംഭം മുതലേ ഒരു ബന്ധമുണ്ടായിരുന്നു. അതുകൊണ്ടു തന്നെ അദ്ദേഹത്തിന് നബി(സ)തിരുമേനിയുടെ അനുഗ്രഹത്തിൽ നിന്ന് ഞൊടിയിടയിൽ അനുഗ്രഹങ്ങൾ സിദ്ധിക്കുമാറായി. അത് മറ്റുള്ളവർക്ക് നീണ്ട കാലവും യുഗാന്തരങ്ങളും കഴിഞ്ഞിട്ടും കിട്ടിയില്ല. ആയതിനാൽ അറിയുക, അനുഗ്രഹങ്ങൾ ആർക്കു നേരെയും മുഖം തിരിക്കുന്നത് ആർക്കുമേലും വരുന്നത് അവരുടെ ഉചിതമായ അവസ്ഥക്ക് അനുസരിച്ചാണ്. മുഴുലോകത്തും അല്ലാഹുവിന്റെ ഇതേ ക്രയവിക്രയമാണുള്ളത്. ആർക്കാണോ അല്ലാഹു ഔലിയാക്കളും അസ്ഫിയാക്കളുമായി അല്പം പോലും ബന്ധം നൽകാത്തത് അത് ഏറെ അവഗണിക്കപ്പെട്ട അവസ്ഥയാകുന്നു. അതിനെ അല്ലാഹുവിന്റെ പക്കൽ ദൗർഭാഗ്യം എന്നാണ് പറയപ്പെടുന്നത്. ഏറ്റവും സമുന്നതനായ സൗഭാഗ്യവാൻ അല്ലാഹുവിന്റെ പ്രിയഭാജനമായ നബി(സ)തിരുമേനിയുടെ സ്വഭാവങ്ങളെ വലയം ചെയ്തവനാകുന്നു. എത്രത്തോളമെന്നാൽ വാക്കുകളിലും പ്രവൃത്തികളിലും പൂർണമായും നബി(സ)തിരുമേനിയെ അനുകരിക്കുന്നതായിരിക്കണം. ജന്മനാ അന്ധനായവന് വർണ്ണങ്ങളും രൂപങ്ങളും കാണാൻ കഴിയാത്തതുപോലെ ദൗർഭാഗ്യവാന്മാർക്ക് ഈ ശ്രേഷ്ഠത മനസ്സിലാക്കാൻ കഴിയില്ല. ഉഗ്രപ്രതാപിയും പ്രതികാരം ചെയ്യുന്നവനുമായ ദൈവത്തിന്റെ പ്രതാപമല്ലാതെ മറ്റൊന്നുംതന്നെ ഒരു ദൗർഭാഗ്യവാന്റെ വിഹിതത്തിൽ വരുന്നില്ല. കാരണം അവന്റെ പ്രകൃതത്തിൽ കാരണത്തിന്റെ അടയാളങ്ങൾ കാണാൻ സാധ്യമല്ല. ആകർഷണത്തിന്റെയും സ്നേഹത്തിന്റെയും പരിമളം അവർക്ക് ആസ്വദിക്കാനും കഴിയുന്നില്ല. മാത്രമല്ല ആത്മാർഥമായ നന്മയും സ്നേഹവും വിശാലഹൃദയവും അവർ അറിയുന്നില്ല. കാരണം അവന്റെ പ്രകൃതം അന്ധകാരനിബിഢമാകുന്നു. അതായത് അന്ധമാണ്. എന്നിരിക്കെ അതിലെങ്ങനെയാണ് അനുഗ്രഹത്തിന്റെ പ്രകാശം വർഷിക്കുക. മാത്രമല്ല ദൗർഭാഗ്യവാനായ ഒരാളുടെ അന്തഃകരണം ഒരു ശക്തമായ കൊടുങ്കാറ്റു കണക്കെ തിരമാലകൾ ഉയർത്തുന്നു, അവന്റെ വികാരങ്ങൾ സത്യവും യാഥാർഥ്യവും കാണുന്നതിൽനിന്ന് അവനെ തടയുന്നു. അതിനാൽ അവർ സൗഭാഗ്യവാന്മാരെ പോലെ ദിവ്യജ്ഞാനത്തിലേക്ക് ചായുന്നില്ല. സത്യത്തിലേക്ക് വരുന്നില്ല. എന്നാൽ, സിദ്ദീഖിന്റെ സൃഷ്ടിപ്പ് അനുഗ്രഹങ്ങളിലേക്ക് ശ്രദ്ധ ഊന്നാനും നബി(സ)തിരുമേനിയിലേക്ക് മുഖം കൊടുക്കാനുമുള്ള രൂപത്തിലുമാണുള്ളത്. സിദ്ദീഖിന്റെ സൃഷ്ടിപ്പ് അനുഗ്രഹങ്ങളുടെ ഉറവിടത്തിലേക്ക് ശ്രദ്ധ തിരിയാനും നബി(സ)തിരുമേനിയിലേക്ക് മുഖം തിരിക്കാനുള്ള രൂപത്തിലുമാണ് ഉണ്ടായിട്ടുള്ളത്. അദ്ദേഹം നുബുവ്വത്തിന്റെ സവിശേഷതകളുടെ പ്രകടനത്തിൽ എല്ലാ മനുഷ്യന്മാരെക്കാളും കൂടുതൽ അർഹതയുള്ളവനായിരുന്നു. അദ്ദേഹം നബി(സ)തിരുമേനിയുടെ ഖലീഫയാകാൻ ഏറ്റവും ഒന്നാമനായിരുന്നു. അദ്ദേഹം തന്റെ യജമാനനായ നബി(സ)തിരുമേനിയുമായി ഏറ്റവുമധികം ഐക്യവും താദാത്മ്യവും പ്രാപിക്കാൻ അർഹനായിരുന്നു. മാത്രമല്ല അദ്ദേഹം തിരുനബിയുടെ എല്ലാ സ്വഭാവഗുണങ്ങളും സ്വാംശീകരിക്കാൻ വ്യക്തിഗതവും അല്ലാത്തതുമായ ബന്ധങ്ങൾ ഉപേക്ഷിക്കുന്നതിൽ നബി(സ)തിരുമേനിയുടെ പ്രതീകമായിരുന്നു. എത്രത്തോളമെന്നാൽ വാളുകളുടെയോ അമ്പുകളുടെയോ സമ്മർദ്ദങ്ങൾകൊണ്ട് അവർക്കിടയിലുള്ള ബന്ധം ഇല്ലാതാക്കാൻ കഴിഞ്ഞില്ല. അദ്ദേഹം എല്ലാ സമയത്തും ആ അവസ്ഥയിൽത്തന്നെ നിലകൊണ്ടു. പ്രയാസങ്ങളും ഭയപ്പെടുന്ന അവസ്ഥകളും ശാപവർഷങ്ങളും ഒന്നുംതന്നെ അദ്ദേഹത്തെ പരിഭ്രാന്തനാക്കിയില്ല. അദ്ദേഹത്തിന്റെ

(ശേഷം പേജ് 12ൽ)

# ഖുത്ബ ജുമുഅ

“അല്ലാഹു ഈ ജമാഅത്തിനെ കശ്ഫെ ഹഖാഇഖിനുവേണ്ടിയാണ് സ്ഥാപിച്ചിട്ടുള്ളത്”(ഹദ്റത്ത് മസീഹ് മൗഊദ്(അ))

ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ ഇന്ന് ജൽസകൾ നടക്കുകയാണ്. ആയിരക്കണക്കിന് അഹ്മദികൾ പങ്കെടുക്കുകയും ചെയ്യുന്നു. ഇതും അത്തരം അടയാളങ്ങളിൽ ഒരു അടയാളമാകുന്നു.

ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വീകരിച്ചുകൊണ്ടിരിക്കുന്നവരും എതിർപ്പുകളെ നേരിട്ടുകൊണ്ട് അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നവരും ഭാഗ്യവാന്മാരാണ്.

ശരീരേച്ഛകളെ ഉപേക്ഷിച്ച് സ്വച്ഛമായ തൗഹീദിൽ പദമൂന്നുന്നവരാണ് നമ്മുടെ ജമാഅത്ത്.

ജമാഅത്ത് രൂപീകരിച്ചതിന്റെ യഥാർഥ ഉദ്ദേശ്യം തൗഹീദ് നിലനിറുത്തുകയും ഇലാഹിനോടുള്ള സ്നേഹം ഉണ്ടാക്കുകയുമാണ്.

ഫള്ൽ അഹ്മദ് ഡോഗർ സാഹിബിന്റെ ജനാസ നമസ്കാരം ഹാജർ, മലിക് മൻസ്വൂർ അഹ്മദ് സാഹിബ് ഉമർ(മുബല്ലിഗ് റബ്‌വ), ഈസാ ജൗഫ് സാഹിബ് (മുഅല്ലിം ഗാംബിയ) എന്നിവരുടെ ജനാസ ഗാഇബ്, അവരെ കുറിച്ചുള്ള അനുസ്മരണവും

**ഖുത്ബ ജുമുഅ 2022 ഡിസംബർ 23/1401 ഫതഹ് 23**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്നു മുതൽ ഖാദിയാനിൽ ജൽസയും ആരംഭിക്കുകയാണ്. അതേപോലെ ചില ആഫ്രിക്കൻ രാജ്യങ്ങളിലും ജൽസ സാലാന നടക്കുകയാണ്. അല്ലാഹു എല്ലാ രാജ്യങ്ങളിലും നടക്കുന്ന ജൽസകൾ എല്ലാ നിലയ്ക്കും അനുഗൃഹീതമാക്കുമാറാകട്ടെ. ഇൻശാ അല്ലാഹ് ജൽസസാലാനുടെ സമാപനദിവസമായ ഞായറാഴ്ച ഖാദിയാൻ ജൽസയെ സംബോധന ചെയ്യുന്നതാണ്. ഇതിൽ മറ്റു ആഫ്രിക്കൻരാജ്യങ്ങളും പങ്കെടുക്കുന്നതായിരിക്കും. ഏഴെട്ടു രാഷ്ട്രങ്ങളുണ്ട്. mta മുഖേന ഇവരെയെല്ലാം ഇവിടെ നേരിട്ട് ബന്ധിപ്പിക്കാനും ശ്രമിക്കുന്നതായിരിക്കും. ഏതായിരുന്നാലും ഇപ്പോൾ ഈ രാഷ്ട്രങ്ങളിൽ ജനങ്ങൾ ഒരിടത്ത് ഒരുമിച്ചുകൂടി ഖുത്ബ കേൾക്കുന്നുണ്ടാവും. ശ്രദ്ധാപൂർവ്വം കേൾക്കുന്നതിനുള്ള ഒരു പ്രത്യേക അന്തരീക്ഷം സംജാതമായിട്ടുള്ളതിനാൽ അത് പരിഗണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ അദ്ദേഹം തന്റെ ആഗമനോദ്ദേശ്യത്തെയും ജമാഅത്തിന്റെ ലക്ഷ്യത്തെയും കുറിച്ച് വ്യത്യസ്ത തലങ്ങളിൽ നൽകിയ ഉപദേശങ്ങൾ സമർപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് എനിക്ക് തോന്നുന്നു.

നിരവധി നവഅഹ്മദികളും പുതുതലമുറയിലെ അഹ്മദികളും ഈ ജൽസയിൽ പങ്കെടുക്കുന്നതായിരിക്കും. അവരിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ ഈ കാര്യങ്ങൾ എത്തിയിട്ടുണ്ടാകുകയില്ല. തങ്ങളുടെ വിശ്വാസവും ദൃഢബോധവും ആത്മാർഥതയും കൂറും ഈ ദിവസങ്ങളിൽ പ്രത്യേകമായും അഭിവൃദ്ധിപ്പെടുത്താൻ ശ്രമിക്കുന്നതിന് അവരും ഇക്കാര്യം അറിയേണ്ടത് നിർബന്ധമാണ്. അല്ലാഹുവിന്റെ സഹായം അഭ്യർഥിച്ചുകൊണ്ട് ആ മഹാത്മാവിന്റെ വരവിന്റെ ലക്ഷ്യവും തങ്ങളുടെ ഉത്തരവാദിത്വങ്ങളെ കുറിച്ചുള്ള അവബോധവും കരസ്ഥമാക്കുക.

അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപന ലക്ഷ്യം എന്തായിരുന്നു, എന്തുകൊണ്ടാണ് ഈ കാലഘട്ടത്തിൽ അത് സ്ഥാപിക്കേണ്ടത് അനിവാര്യമായി വന്നത്, എന്നീ കാര്യങ്ങൾ വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “ഈ കാലഘട്ടം എത്രമാത്രം അനുഗൃഹീതമാണ്. അല്ലാഹു കലാപകലുഷിതമായ ഈ ദിനങ്ങളിൽ തികച്ചും അവന്റെ അനുഗ്രഹാതിരേകത്താൽ നബി(സ)തിരുമേനിയുടെ മഹത്ത്വം വെളിപ്പെടുത്തുന്നതിന് വളരെ അനുഗൃഹീതമായ ഒരു തീരുമാനമെടുത്തു. എന്തെന്നാൽ, ഇസ്‌ലാമിനെ അദൃശ്യത്തിൽനിന്ന് സഹായിക്കാനുള്ള സംവിധാനമുണ്ടാക്കുകയും ഒരു ജമാഅത്ത് അഥവാ പ്രസ്ഥാനം സ്ഥാപിക്കുകയും ചെയ്തു. ഇസ്‌ലാമിനുവേണ്ടി തങ്ങളുടെ ഹൃദയങ്ങളിൽ വേദന അനുഭവിക്കുകയും അതിന്റെ അന്തസ്സും അതിന്റെ മൂല്യവും ഹൃദയങ്ങളിൽക്കൊണ്ട് നടക്കുകയും ചെയ്യുന്നവരോട് ഞാൻ ചോദിക്കട്ടെ, ഇതിനുമുമ്പേ വല്ല കാലഘട്ടവും ഇസ്‌ലാമിനുമേൽ ഇത്രമാത്രം അക്രമങ്ങളുണ്ടാകുകയും അപഹസിക്കപ്പെടുകയും വിശുദ്ധ ഖുർആൻ നിന്ദിക്കപ്പെടുകയും ചെയ്ത ദിനങ്ങൾ ഉണ്ടായിട്ടുണ്ടോ? എനിക്ക് മുസ്‌ലിമീങ്ങളുടെ അവസ്ഥയിൽ വളരെ അസ്വസ്ഥതയും മനസ്സിൽ വേദനയും തോന്നുന്നു. ചില സമയത്ത് ഈ വേദനയാൽ ഞാൻ ഏറെ അസ്വസ്ഥഭരിതനാകുന്നു. എന്തെന്നാൽ തങ്ങൾക്കുണ്ടാകുന്ന ഈ അവഹേളനത്തിൽ അവർക്ക് അൽപമെങ്കിലും ബോധം ഉണ്ടാകാത്തതെന്തേ? നബി(സ)തിരുമേനിയുടെ അന്തസിൽ ഇത്രമാത്രം ആക്രമണങ്ങൾ ഉണ്ടാകുമ്പോൾ ഒരു ദൈവികപ്രസ്ഥാനം ആരംഭിക്കാൻ അല്ലാഹുവിനു ഒരിക്കലും സമ്മതമില്ലായിരുന്നുവോ? ഇസ്‌ലാമിന്റെ ഈ എതിരാളികളുടെ വായടച്ചുകൊണ്ട് നബി(സ)തിരുമേനിയുടെ അന്തസ്സും പരിശുദ്ധിയും ലോകത്ത് പരത്താനും അവനു സമ്മതമായിരുന്നില്ലേ? വാസ്തവത്തിൽ അല്ലാഹുവും അവന്റെ മലക്കുകളും നബി(സ) തിരുമേനിയുടെമേൽ സ്വലാത്ത് അഥവാ അനുഗ്രഹാശിസ്സുകൾ ചൊരിയുമ്പോൾ തിരുദൂതരെ അപഹസിക്കുന്ന ഇക്കാലത്ത് ആ സ്വലാത്തിന്റെ വെളിപ്പെടൽ എത്രമാത്രം അനിവാര്യമായിരുന്നു. അതിന്റെ പ്രകടനമാണ് അല്ലാഹു ഈ പ്രസ്ഥാനത്തിന്റെ സ്ഥാപനത്തിലൂടെ നടപ്പാക്കിയത്.”(മൽഫൂദാത്ത് വാള്യം 5, പേജ് 13–14, 1984 പതിപ്പ്)

അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുകയും ഈ പ്രസ്ഥാനത്തിൽ ചേരുകയും ചെയ്ത നമ്മുടെ ഉത്തരവാദിത്വമാണ് നമ്മുടെ അവസ്ഥകൾ നന്നാക്കിത്തീർക്കുന്നതോടൊപ്പം നബി(സ)തിരുമേനിയുടെമേൽ സ്വലാത്തും ചൊല്ലിക്കൊണ്ടിരിക്കുക എന്നത്. ഈ ദിവസങ്ങളിൽ പ്രത്യേകമായി സ്വലാത്തിലേക്ക് ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

നമ്മൾ കൂടുതൽക്കൂടുതൽ നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുമ്പോൾ അവിടന്ന് വിവരിച്ച നബി(സ)തിരുമേനിയുടെ അന്തസ്സും മഹത്ത്വവും സ്ഥാപിക്കുകയെന്ന ലക്ഷ്യം പൂർത്തിയാക്കുന്നവരായി മാറുന്നതാണ്.

തുടർന്ന് തന്റെ ആഗമനോദ്ദേശ്യം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:“ നബി(സ)തിരുമേനിയുടെ നഷ്ടപ്പെട്ടുപോയ മഹത്ത്വം പുനഃസ്ഥാപിക്കാനും വിശുദ്ധ ഖുർആനിന്റെ സത്യങ്ങൾ ലോകത്തിന് കാണിച്ചുകൊടുക്കാനും വേണ്ടിയാണ് എന്നെ അല്ലാഹു അയച്ചിട്ടുള്ളത്. ഇതെല്ലാം നടന്നുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ, കണ്ണുകൾ മൂടിക്കെട്ടിയവർക്ക് അത് കാണാൻ കഴിയുന്നില്ല. വാസ്തവത്തിൽ ഇപ്പോൾ ഈ പ്രസ്ഥാനം സൂര്യനെ പോലെ പ്രകാശിക്കുന്നു. അതിന്റെ ദൃഷ്ടാന്തങ്ങൾക്കും അടയാളങ്ങൾക്കും എത്രമാത്രം സാക്ഷികളുണ്ടെന്നാൽ അവരെയെല്ലാം ഒരുമിച്ചു കൂട്ടുകയാണെങ്കിൽ അവരുടെ എണ്ണത്തിന് സമാനമായി ഭൂമുഖത്തുള്ള ഒരു രാജാവിന്റെയും സൈന്യം ഉണ്ടാകുകയില്ല.”

ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ ഇന്ന് ജൽസകൾ നടക്കുകയാണ്. ആയിരക്കണക്കിന് അഹ്മദികൾ പങ്കെടുക്കുകയും ചെയ്യുന്നു. ഇതും ഇത്തരം അടയാളങ്ങളിൽ ഒരു അടയാളമാകുന്നു.

ആ മഹാത്മാവ് പറയുന്നു: “ഈ ജമാഅത്തിന്റെ സത്യതയ്ക്ക് തെളിവായിട്ടുള്ള മാർഗങ്ങളെല്ലാം വിവരിക്കുക എളുപ്പമല്ല. കാരണം ഇസ്‌ലാം ശക്തമായ നിലയിൽ നിന്ദിക്കപ്പെട്ടിരുന്നു. അതുകൊണ്ട് അല്ലാഹു ആ നിന്ദ്യത പരിഗണിച്ച് ഈ പ്രസ്ഥാനത്തിന്റെ മഹത്ത്വത്തെ കാണിച്ചു.”(മൽഫൂദാത്ത് വാള്യം 5, പേജ് 14, 1984 പതിപ്പ്)

വീണ്ടും അദ്ദേഹം പറയുന്നു: “ഈ കാലഘട്ടവും ആത്മീയയുദ്ധത്തിന്റേതാകുന്നു. ശയ്ത്വാനുമായി യുദ്ധം ആരംഭിച്ചിട്ടുണ്ട്. ശയ്ത്വാൻ തന്റെ ആയുധങ്ങളും ആസൂത്രണങ്ങളുമായി ഇസ്‌ലാമിന്റെ കോട്ടയിൽ ആക്രമണം നടത്തികൊണ്ടിരിക്കുകയാണ്. അവൻ ആഗ്രഹിക്കുന്നത് ഇസ്‌ലാമിനെ പരാജയപ്പെടുത്തണമെന്നാണ്. എന്നാൽ, അല്ലാഹു ഈ സമയത്ത് ശയ്ത്വാനുമായുള്ള യുദ്ധത്തിൽ അവനെ കാലാകാലത്തേക്കും പരാജയപ്പെടുത്താൻ വേണ്ടിയാണു ഈ ജമാഅത്ത് സ്ഥാപിച്ചിട്ടുള്ളത്.” അതുകൊണ്ട് ഇക്കാര്യങ്ങൾ തങ്ങളുടെ ഉത്തരവാദിത്വത്തിലേക്ക് ഓരോ അഹ്മദിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

അവിടന്ന് പറയുന്നു: “ഇതിനെ തിരിച്ചറിയുന്നവൻ ഭാഗ്യവാനാണ്. കാലം കുറച്ചേയുള്ളൂ. ഇനി ഇപ്പോൾ പ്രതിഫലം കിട്ടുന്നതായിരിക്കും. പക്ഷേ, ഈ ജമാഅത്തിന്റെ സത്യത സൂര്യനെക്കാളുമധികം പ്രകാശിക്കുന്നതായി ഉടൻ തന്നെ കാണിക്കും. ഈമാൻ പ്രതിഫലത്തിന് നിമിത്തമാകാത്ത സമയമായിരിക്കുമത്. തൗബയുടെ കവാടം അടക്കപ്പെടുന്നതിനു രേഖയായിരിക്കും. ആ നേരത്ത് എന്നെ വിശ്വസിക്കുന്നവർക്ക് പ്രത്യക്ഷത്തിൽ തന്റെ ആത്മാവിനോട് ഒരു വലിയ യുദ്ധം ചെയ്യേണ്ടി വരും. ചില സമയത്ത് അവന് സഹോദരങ്ങളിൽനിന്ന് അകന്നു മാറേണ്ടി വരുന്നതും അവന്റെ ഭൗതിക കച്ചവടങ്ങളിൽ തടസമുണ്ടാക്കാൻ അവർ പരിശ്രമിക്കുന്നതും കാ

ണ്ടേണ്ടിവരും. അവന് ശകാരങ്ങളും ശാപവർഷങ്ങളും കേൾക്കേണ്ടി വരും. എന്നാൽ, ഈ എല്ലാ കാര്യങ്ങളുടെയും പ്രതിഫലം അല്ലാഹുവിന്റെ പക്കൽ അവനു കിട്ടുന്നതാണ്."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "പക്ഷേ, രണ്ടാമത്തെ സമയം വന്നു." അതായത് ആ സമയം വരുമ്പോൾ, "വളരെ ശക്തമായി ലോകം ഇതിലേക്ക് മടങ്ങി. ഉയർന്ന ഒരു മൺകൂനയിൽനിന്ന് താഴേക്ക് പതിക്കുന്ന വെള്ളം പോലെ."അതായത് പുരോഗതിയുടെ കാലഘട്ടം വരുന്നതായിരിക്കും. "നിഷേധിക്കുന്ന ഒരുത്തനേയും കാണുന്നതല്ല. ആ സമയത്ത് വിശ്വസിക്കുന്നതുകൊണ്ട് എന്ത് പ്രയോജനം! ആ സമയത്ത് അംഗീകരിക്കുന്നത് ധീര പ്രവർത്തനമല്ല. പ്രതിഫലം എപ്പോഴും ദുഃഖത്തിന്റെ കാലഘട്ടത്തിലാണ് ഉണ്ടാകുന്നത്."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:"ഹദ്റത്ത് അബൂബക്ർ(റ) നബി(സ)തിരുമേനിയെ സ്വീകരിച്ച് മക്കയുടെ അധികാരസ്ഥാനം ഉപേക്ഷിച്ചപ്പോൾ അല്ലാഹു അദ്ദേഹത്തിന് ഒരു ലോകത്തിന്റെ തന്നെ രാജാധിപത്യം നൽകി. പിന്നീട് ഹദ്റത്ത് ഉമർ(റ) ഒരു കമ്പിളി പുതക്കുകയും തോണി വെള്ളത്തിലിറക്കുകയും ഇനി എന്തും സംഭവിക്കട്ടെ എന്ന അവസ്ഥയിൽ മുന്നോട്ടുപോകുകയും ചെയ്തു. അങ്ങനെ നബി(സ)തിരുമേനിയെ സ്വീകരിച്ചപ്പോൾ അല്ലാഹു അദ്ദേഹത്തിന്റെ പ്രതിഫലത്തിൽ എന്തെങ്കിലും നൽകാതെ ബാക്കി വെക്കുകയുണ്ടായോ? ഒരിക്കലുമില്ല. അല്ലാഹുവിനുവേണ്ടി അല്പമെങ്കിലും ചലിക്കുന്നവൻ അതിന്റെ പ്രതിഫലം പറ്റാതെ മരിക്കുകയില്ല. പ്രവർത്തനം നിബന്ധനയാകുന്നു. ആരെങ്കിലും അല്ലാഹുവിലേക്ക് സാധാരണവേഗത്തിൽ വരുകയാണെങ്കിൽ അല്ലാഹു അവനിലേക്ക് ഓടി വരുന്നതാണെന്ന് ഒരു ഹദീഥിൽ വന്നിട്ടുണ്ട്.

വിശ്വാസമെന്ന് പറയുന്നത് കുറച്ച് മറഞ്ഞിരിക്കുമ്പോൾ വിശ്വസിക്കുക എന്നതാണ്. പിറവി ചന്ദ്രനെ കാണുന്നവന്റെ കണ്ണുകൾ തീവ്രമാണെന്നു പറയാറുണ്ട്. അതായത് ആദ്യദിവസത്തെ ചന്ദ്രനെ കാണുന്നവന്റെ ദൃഷ്ടികൾ അതിശക്തമായിരിക്കും. എന്നാൽ, പതിനാലാം രാവിലെ ചന്ദ്രനെ കാണുന്നവർ താൻ ചന്ദ്രനെ കണ്ടിരിക്കുന്നു എന്ന് വിളിച്ചുകൂവുകയാണെങ്കിൽ അവൻ ഭ്രാന്തനെന്ന് പറയപ്പെടുന്നതാണ്."(മൽഫൂദാത്ത് വാല്യം 5, പേജ് 25 –26, 1984 പതിപ്പ്)

അതുകൊണ്ട് ഇന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വീകരിക്കുന്നവർ സൗഭാഗ്യവാന്മാരാകുന്നു. അവർ എതിർപ്പിനെ നേരിട്ട് ദൈവസ്നേഹം സ്വായത്തമാക്കിക്കൊണ്ടിരിക്കുന്നവരായിത്തീരുന്നു.

വെറും വിശ്വസിച്ചാൽ മാത്രം മതിയാകുകയില്ല പ്രത്യുത പരിശുദ്ധ മാറ്റമുണ്ടാകണമെന്നതാണ് യഥാർഥ ഉദ്ദേശ്യം. തനി തൗഹീദിൽ ചുവടു വെക്കുന്ന മനുഷ്യനായിത്തീരുക. അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹം വർധിച്ചു കൊണ്ടു പോകുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ഓരോ വ്യക്തിയും അല്ലാഹുവിനെ മാത്രം ഭയപ്പെടുകയും അവന്റെ അന്വേഷണത്തിൽ പരിശ്രമിക്കുകയും അവനോടു അതിന്റെ കെട്ടുകൾ അഴിഞ്ഞു പോകാൻ ദുആ ചെയ്യുകയും ചെയ്യുമ്പോൾ അല്ലാഹു തന്റെ നിയമമായ *വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ*, നമ്മുടേതായി തീർന്ന് പരിശ്രമങ്ങൾ നടത്തുന്നവർക്ക് നമ്മുടെ മാർഗങ്ങൾ നാം കാണിച്ച് കൊടുക്കുകയും അതിലേക്ക് നാം കൈപിടിച്ച്വഴിനടത്തുകയുംചെയ്യുന്നതാണ്.അവന് മനസ്സമാധാനം നൽകുന്നതായിരിക്കും. പക്ഷേ, ഹൃദയം അന്ധകാരഭരിതവും നാവ് ദുആ ചെയ്യുന്നതിൽ ഭാരം അനുഭവിക്കുകയും വിശ്വാസം ശിർക്കിലും അനാചാരങ്ങളിലും മലീമസമാകുകയുമാണെങ്കിൽ ആ ദുആയും ആ തേട്ടവും നല്ല പരിമിതി ഉണ്ടാക്കാൻ പര്യാപ്തമാണോ?ഏതുവരെ മനുഷ്യൻ പരിശുദ്ധ ഹൃദയത്തോടും ആത്മാർഥതയോടും സത്യസന്ധതയോടുംകൂടി അഹിതമായ എല്ലാ മാർഗങ്ങങ്ങളും പ്രതീക്ഷകളുടെ കവാടങ്ങളും സ്വന്തം കൈകൊണ്ട് കൊട്ടിയടച്ച് അല്ലാഹുവിന്റെ മുന്നിൽ മാത്രം കൈ നീട്ടുന്നില്ലയോ അതുവരെ അവന് അല്ലാഹുവിൽനിന്ന് സഹായവും തുണയും ലഭിക്കുകയില്ല. എന്നാൽ, അവൻ അല്ലാഹുവിന്റെ സവിധത്തിൽ മാത്രം വീഴുകയും അവനോടു ദുആ ചെയ്യുകയുമാണെങ്കിൽ അവന്റെ ഈ അവസ്ഥ സഹായത്തേയും കരുണ്യത്തേയും ആകർഷിക്കുന്നതായിത്തീരും.

അല്ലാഹു ആകാശത്തുനിന്ന് മനുഷ്യന്റെ ഹൃദയത്തിന്റെ മുക്കിലും മൂലയിലും എത്തി നോക്കുന്നു. മുക്കിലും മൂലയിലും ഏതെങ്കിലും വിധത്തിലുള്ള അന്ധകാരമോ ശിർക്കോ അനാചാരമോ അല്പമെങ്കിലുമുണ്ടെങ്കിൽ അവന്റെ പ്രാർഥനകളെയും ആരാധനകളെയും അവന്റെ മുഖത്തേക്കുതന്നെ വലിച്ചെറിയുന്നു. എന്നാൽ, അവന്റെ ഹൃദയം എല്ലാവിധ സ്വേച്ഛകളിൽനിന്നും അന്ധകാരങ്ങളിൽനിന്നും പരിശുദ്ധമാണെങ്കിൽ അവനുവേണ്ടി കാരുണ്യത്തിന്റെ കവാടങ്ങൾ തുറക്കുമാറാകുന്നു. അവനെ തന്റെ തണലിൽ കൊണ്ടുവന്നു പരിപാലിക്കുന്നതിനുള്ള ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുന്നു."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ഈ പ്രസ്ഥാനത്തെ അല്ലാഹു സ്വകരങ്ങളാൽ സ്ഥാപിച്ചിരിക്കുന്നു. ഇതിലും നിരവധിപേർ വരുന്നതായി നാം കാണുന്നു. അവർ ലക്ഷ്യങ്ങളുള്ളവരാകുന്നു. ലക്ഷ്യങ്ങൾ പൂർത്തിയായാൽ നല്ലത്. അല്ലെങ്കിൽ എവിടെത്തെ ദീനാണ്? എവിടത്തെ വിശ്വാസമാണ്?" ചിലയാളുകൾ ബയ്അത്തു ചെയ്യുന്നതുതന്നെ ഏതോ ഉദ്ദേശ്യത്തിനുവേണ്ടിയാണ്. ഇതിന്റെ കൂടുതൽ വിശദീകരണം മറ്റൊരിടത്ത് ഇങ്ങനെയുണ്ട്, ശരീരേച്ഛപരമായ ഉദ്ദേശ്യങ്ങൾ ശിർക്കാകുന്നു. അത് ഹൃദയത്തിൽ മറ കൊണ്ടുവരുന്നു. മനുഷ്യൻ ബയ്അത്ത് ചെയ്തിട്ടുണ്ടെങ്കിൽത്തന്നെ അത് അവനു കാലിടറാൻ നിമിത്തമാകുന്നു. മനുഷ്യൻ ശരീരേച്ഛകളെ ഉപേക്ഷിച്ച് യഥാർഥ തൗഹീദിൽ ചുവടു വെക്കുക എന്നതാണ് നമ്മുടെ ജമാഅത്ത്.

സത്യസന്ധമായ സത്യാന്വേഷണമാകണം. അല്ലാത്തപക്ഷം യഥാർഥ ഉദ്ദേശത്തിൽ വ്യത്യാസമുണ്ടാകുകയാണെങ്കിൽ അവൻ ഉടൻതന്നെ വേറിട്ട് പോകുന്നതായി കാണാൻ കഴിയും. സ്വഹാബാക്കൾ നബി(സ)തിരുമേനിയെ സ്വീകരിച്ചത് ഭൗതിക സമ്പത്തിൽ പുരോഗതി നേടാനായിരുന്നുവോ? അല്ല. അവിടന്ന്(അ) പറയുന്നു: "സ്വഹാബാക്കളുടെ ചരിത്രത്തിൽ കണ്ണോടിക്കുകയാണെങ്കിൽ അവയിൽ ഒരു സംഭവംപോലും അങ്ങനെ കാണാൻ സാധ്യമല്ല. അവർ ഒരിക്കലും അങ്ങനെ ചെയ്തിട്ടില്ല. നമ്മുടെ ബയ്അത്ത് പശ്ചാത്താപത്തിന്റെ അനുസരണപ്രതിജ്ഞയാകുന്നു. അവരുടേത് അതായത് സ്വഹാബാക്കൾ ചെയ്ത ബയ്അത്ത് തല അറുത്തുമാറ്റാൻ കൊടുക്കുന്നതായിരുന്നു. ഞാൻ സ്വഹാബാക്കളുടെ ഒരു ഖുത്ബ പരമ്പരതന്നെ സംഭവങ്ങൾ വിവരിച്ച് കൊണ്ട് നടത്തിയിരുന്നു. അവരെങ്ങനെയാണ് തങ്ങളുടെ ശിരസ്സുകൾ കൊയ്യാൻ വേണ്ടി നൽകിയത്? ഒരു ഭാഗത്ത് അവർ ബയ്അത്ത് ചെയ്യുന്നു ഒരു ഭാഗത്ത് തങ്ങളുടെ എല്ലാ സമ്പത്തും അന്തസ്സും ആഭിജാത്യവും ജീവനും സ്വത്തുമെല്ലാം കൈയൊഴിക്കുന്നു. ഒരു വസ്തുവിന്റെയും ഉടമസ്ഥർ അല്ലാത്തതു പോലെയാകുന്നു. അങ്ങനെ ഭൗതിക ലോകത്തിന്റെ എല്ലാ പ്രതീക്ഷകളിൽനിന്നും അവർ അറുത്തുമാറ്റപ്പെട്ടവരായിത്തീരുന്നു. എല്ലാതരം അന്തസ്സും മഹത്ത്വവും പ്രതാപവും കരസ്ഥമാക്കാനുള്ള ആഗ്രഹം അവസാനിച്ചുപോകുന്നു. തങ്ങൾ രാജാക്കന്മാർ ആകുമെന്നും ഏതെങ്കിലും രാജ്യത്തിന്റെ വിജയശില്പികൾ ആകുമെന്നും ആരാണ് കരുതിയിരുന്നത്? അക്കാര്യങ്ങൾ ഒന്നുംതന്നെ അവരുടെ ചിന്തയിൽ പോലും വന്നിരുന്നില്ല. പ്രത്യുത അവരെല്ലാത്തരം പ്രതീക്ഷകളിൽനിന്ന് അകന്നവരായിത്തീർന്നിരുന്നു. സദാസമയവും അല്ലാഹുവിന്റെ മാർഗത്തിൽ എല്ലാ ദുഃഖങ്ങളും പ്രയാസങ്ങളും സന്തോഷപൂർവ്വം സഹിക്കാൻ തയ്യാറായിരുന്നു. എത്രത്തോളമെന്നാൽ ജീവൻപോലും നൽകാൻ തയ്യാറായി. അവരുടെ അവസ്ഥകൾ ഈ ലോകത്ത് നിന്ന് തികച്ചും വേർപെട്ടവരുടെയും മുറിച്ച് മാറ്റിയവരുടേതുമായിരുന്നു. അല്ലാഹു അവർക്കുമേൽ തന്റെ ഔദാര്യങ്ങളും കാരുണ്യങ്ങളും ചൊരിഞ്ഞു എന്നത് വേറെ കാര്യം. ഈ മാർഗത്തിൽ തങ്ങളുടെ സർവ്വവും ത്യജിച്ചപ്പോൾ അല്ലാഹു അവരെ അതിസമ്പന്നരാക്കി."(മൽഫൂദാത്ത് വാല്യം 5, പേജ് 396–398, അടിക്കുറിപ്പോടൊപ്പം, 1984 പതിപ്പ്)

ജമാഅത്ത് സ്ഥാപിക്കുന്നതിനുള്ള യഥാർഥ ഉദ്ദേശ്യം തൗഹീദിന്റെ സ്ഥാപനവും ദൈവസ്നേഹം സൃഷ്ടിക്കലുമാണെന്നു വിശദമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുള്ള സ്നേഹം കൊണ്ടുദ്ദേശിക്കുന്നതെന്താണ്? തങ്ങളുടെ മാതാപിതാക്കളെയും തങ്ങളുടെ മക്കളെയും തങ്ങളുടെ അസ്തിത്വത്തേയും ചുരുക്കിപ്പറഞ്ഞാൽ സർവ്വതിനേക്കാളും അല്ലാഹുവിന്റെ തൃപ്തിയെ മുന്തിക്കുക എന്നതുതന്നെ. വിശുദ്ധ ഖുർആനിൽ പറയുന്നു. ഫദ്ക്കുറുല്ലാഹ കദിക്രിക്കും ആബാഅക്കും ഔ അശദ്ധ ദിക്റാ. അതായത് നിങ്ങളുടെ പിതാക്കന്മാരെ അനുസ്മരിക്കുന്നതുപോലെ അല്ലാഹുവിനെയും അനുസ്മരിക്കുക. പ്രത്യുത അതിനെക്കാൾ കൂടുതൽ ശക്തമായ സ്നേഹത്തോടുകൂടി അനുസ്മരിക്കുക. ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ്. അല്ലാഹു ഇവിടെ നൽകിയ അധ്യാപനം നിങ്ങൾ അല്ലാഹുവിനെ പിതാവെന്ന് വിളിക്കുക എന്നല്ല. മറിച്ച് ഇവിടെ പഠിപ്പിക്കുന്നത് ക്രിസ്തീയരെ പോലെ വഞ്ചിതരാകരുതെന്നാണ്. ദൈവത്തെ പിതാവെന്ന് വിളിക്കരുത്. ഇനിയാരെങ്കിലും പിതാവിനെക്കാളും കുറഞ്ഞ തലത്തിലാണ് ഈ സ്നേഹമെന്നു പറയുകയാണെങ്കിൽ ഈ ആക്ഷേപത്തെ ദൂരീകരിക്കുന്നതിനുവേണ്ടി ഔ അശദ്ധ ദിക്റാ എന്ന് പറഞ്ഞിരിക്കുന്നു. ഔ അശദ്ധ ദിക്റാ എന്ന് ഇല്ലായിരുന്നെങ്കിൽ അത് ആക്ഷേപാർഹമായിരുന്നു. എന്നാൽ, ഇവിടെ അവൻ അത് പരിഹരിച്ചിരിക്കുന്നു.(മൽഫൂദാത്ത് വാല്യം 3, പേജ് 188, 1984 പതിപ്പ്)

ഒരു വിശ്വാസിയുടെ ഹൃദയത്തിൽ ഉണ്ടായിരിക്കേണ്ട അല്ലാഹുവിനോടുള്ള സ്നേഹം മറ്റെല്ലാ ഭൗതിക ബന്ധങ്ങളേക്കാളും കൂടുതലായിരിക്കണം. ഈ സ്നേഹം, നമ്മൾ നമ്മുടെയുള്ളിൽ ഉണ്ടാക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടോ? അല്ലെങ്കിൽ അതിനുവേണ്ടി നമ്മുടെ ഹൃദയത്തിൽ എന്തെങ്കിലും ആഗ്രഹമോ പിടച്ചിലോ ഉണ്ടോ എന്ന് നമ്മൾ ആത്മപരിശോധന നടത്തേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ സ്നേഹത്തെ കുറച്ചുകൂടി വിശദീകരിച്ചും അതിന്റെ നിലവാരം വിശദീകരിച്ചുകൊണ്ടും പറയുന്നു: "യഥാർഥ തൗഹീദ് സ്ഥാപിക്കാൻ അനിവാര്യമായിട്ടുള്ളതെന്തെന്നാൽ അല്ലാഹുവിനോടുള്ള സ്നേഹത്തിൽ പൂർണമായും ഭാഗഭാക്കാകുക എന്നതാണ്. ഈ സ്നേഹം പ്രാവർത്തിക തലത്തിൽ പൂർണമാകാത്തിടത്തോളം സ്ഥാപിതമാകുന്നതല്ല. കേവലം അധരവ്യായാമം കൊണ്ട് അത് സ്ഥാപിതമാകില്ല. കൽക്കണ്ടം എന്ന് പറഞ്ഞതുകൊണ്ട്, പഞ്ചസാരയുടെയോ ശർക്കരയുടെയോ പേര് ഉച്ചരിച്ചത് കൊണ്ട് മധുരം അനുഭപ്പെടില്ലല്ലോ. അതൊരിക്കലും മധുരമുണ്ടാക്കുന്നില്ല. അതല്ലെങ്കിൽ വായകൊണ്ട് മാത്രം സൗഹൃദം പ്രഖ്യാപിക്കുകയും അംഗീകരിക്കുകയും ചെയ്യുകയും പ്രയാസത്തിന്റെ അല്ലെങ്കിൽ ആവശ്യം വരുന്ന നേരത്ത് സഹായിക്കുകയും പിന്തുണക്കുകയും ചെയ്യേണ്ട ഘട്ടത്തിൽ മുഖം തിരിക്കുകയുമാണെങ്കിൽ അവൻ സത്യസന്ധനായ സുഹൃത്തായിരിക്കാൻ സാധ്യതയില്ല. അതുപോലെതന്നെ അല്ലാഹുവിന്റെ തൗഹീദിനെ കുറിച്ച് കേവലം വായാടിത്തം നടത്തുകയും അതോടൊപ്പം സ്നേഹത്തെ കുറിച്ച് വാക്കാൽ പ്രഖ്യാപനമുണ്ടെങ്കിലും അത് പ്രയോജനകരമല്ല. മറിച്ച് ഈ വാക്കുകൾകൊണ്ട് പങ്കാളികളാകുന്നതിന് പകരം കർമപരമായ ഭാഗം വർധിപ്പിക്കേണ്ടതാണ്. ഇതുകൊണ്ടുള്ള വിവക്ഷിതം വാക്കാലുള്ള പ്രഖ്യാപനം ഒന്നുമല്ല, എന്നല്ല. പ്രത്യുത ഞാനുദ്ദേശിച്ചത് വാക്കുകൊണ്ടുള്ള പ്രഖ്യാപനത്തോടൊപ്പം കർമപരമായ സാക്ഷ്യവും അനിവാര്യമാണെന്നാണ്. അതുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ജീവിതം സമർപ്പിക്കുവിൻ."

അതായത് അല്ലാഹുവിനെ എല്ലാ കാര്യത്തിലും മുന്തിക്കേണ്ടതാണ്. അവന്റെ കൽപനകളെ എല്ലാ കാര്യത്തിലും മുന്തിക്കേണ്ടതാണ്. എല്ലാ കാര്യത്തിലും അവനയച്ച ദീൻ മുൻപന്തിയിലുണ്ടാകണം. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരാകണം."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇതുതന്നെയാണ് ഇസ്ലാം. ഈ ഉദ്ദേശ്യങ്ങൾക്കുവേണ്ടിത്തന്നെയാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. ചുരുക്കത്തിൽ ഈ സമയത്ത് ഈ അരുവിയുടെ

അടുത്ത് വരാത്തവൻ-അതാകട്ടെ ഈ ഒരേയൊരു ആവശ്യത്തിനുവേണ്ടി അല്ലാഹു ഒഴുക്കിയതുമാണ്- തീർച്ചയായും ദൗർഭാഗ്യവാനായി തുടരുന്നതാണ്. എന്തെങ്കിലും കരസ്ഥമാകാനും തന്റെ ഉദ്ദേശ്യം സഫലമാകാനുമാണെങ്കിൽ സത്യാന്വേഷി ആ അരുവിയുടെ ഭാഗത്ത് ചുവടു വെക്കേണ്ടതാണ്. മുന്നോട്ട് ഗമിക്കേണ്ടതാണ്. ഈ ഒഴുകുന്ന അരുവിയുടെ തീരത്ത് തന്റെ ശിരസ്സ് വെക്കേണ്ടതാണ്. അല്ലാഹുവിന്റെ മുമ്പിൽ സ്വന്തംശീലത്തിന്റെ കുപ്പായം അഴിച്ചുമാറ്റി, ദൈവിക പരിപാലനത്തിന്റെ സവിധത്തിൽ വീഴുകയും തന്റെ ഭൗതിക അന്തസ്സ് നഷ്ടപ്പെട്ടാലും മുസീബത്തുകളുടെ പർവ്വതംതന്നെ വീഴുകയാണെങ്കിലും അല്ലാഹുവിനെ കൈവിടുകയില്ലെന്നും പ്രതിജ്ഞ ചെയ്യുന്നതുവരെ അതു നടക്കുകയില്ല." എന്തുതന്നെ വന്നാലും അല്ലാഹുവിനെ ഉപേക്ഷിക്കുകയില്ല. "അല്ലാഹുവിന്റെ മാർഗത്തിൽ എല്ലാതരം ത്യാഗങ്ങളും വരിക്കാൻ തയ്യാറായിരിക്കും. ഇബ്റാഹീം(അ)ന് ഉണ്ടായിരുന്നതും ഈ അതിമഹത്തായ ആത്മാർഥതയായിരുന്നു. അതായത് മകനെ ത്യജിക്കാൻ തയ്യാറായി.

ഇസ്‌ലാം ഉദ്ദേശിക്കുന്നത് നിരവധി ഇബ്റാഹീമുമാരെ സൃഷ്ടിക്കുക എന്നതാണ്. അതിനാൽ നിങ്ങളിൽ ഓരോരുത്തരും ഇബ്റാഹീം ആകാൻ പരിശ്രമിക്കേണ്ടതാണ്. ഞാൻ നിങ്ങളോട് സത്യം സത്യമായും പറയുന്നു. വൊലിയെ ആരാധിക്കുന്നവനല്ല മറിച്ച് വൊലിയായി മാറുവിൻ. പീറിനെ പൂജിക്കുന്നവനല്ല പീറായി മാറുവിൻ. നിങ്ങൾ ഈ മാർഗങ്ങളിലൂടെ വരിക. തീർച്ചയായും ഇത് ഇടുങ്ങിയ വഴികളാകുന്നു. അതായത് തങ്ങളുടെ സ്ഥാനം അതാക്കി മാറ്റുവിൻ. അതല്ലാതെ പീർ മുരീദുമാരാകുന്ന ശൃംഖല ഉണ്ടാക്കുകയല്ല വേണ്ടത്. മറിച്ച് തങ്ങളെ വൊലി ആക്കിക്കൊണ്ടുതന്നെ മനുഷ്യൻ എന്ന് പറയപ്പെടുന്ന തലത്തിലേക്ക് ഉയർത്തുവിൻ. അതെ! ഇത് ആ വ്യക്തിതന്നെയാണെന്നും അയാളെയാണ് പിന്തുടരേണ്ടതെന്നും ആളുകൾ പറയുന്നവരാകണം. നിങ്ങൾ ഈ വഴികളിലൂടെ വരിക. തീർച്ചയായും അത് ഇടുങ്ങിയ വഴികളായിരിക്കും. എന്നാൽ, ഇതിലൂടെ പ്രവേശിച്ച് സമാധാനവും സംതൃപ്തിയും കിട്ടുന്നതാണ്. പക്ഷേ, ഈ കവാടത്തിലൂടെ തികച്ചും മെലിഞ്ഞ രൂപത്തിൽ കടന്നു വരേണ്ടതും അനിവാര്യമാകുന്നു. വലിയ ഭാണ്ഡക്കെട്ട് തലയിലുണ്ടെങ്കിൽ അതിലൂടെ കടക്കുക ദുഷ്കരമായിരിക്കും." അതായത് ഭൗതിക ആഗ്രഹങ്ങളുടെയും ഭൗതികതയ്ക്ക് പ്രത്യേകതകൾ നല്കന്നതിന്റേയും ഭാണ്ഡക്കെട്ട് തലയിൽ ഏറ്റുകയാണെങ്കിൽ ഭൗതികത അതിജീവിക്കുകയും ദീൻ പിന്തള്ളപ്പെടുകയും ചെയ്യുന്നതാണ്. അങ്ങനെയായാൽ ഇവിടെനിന്ന് പോകാൻ വളരെ പ്രയാസമായിരിക്കും. ഇതിലൂടെ കടന്നു പോകണമെങ്കിൽ ഭൗതിക ബന്ധങ്ങളുടെയും ഭൗതികതയെ ദീനിനേക്കാൾ മുന്തിക്കുന്നതിന്റേയും ഭാണ്ഡം വലിച്ചെറിയുവിൻ. നമ്മുടെ ജമാഅത്ത് അല്ലാഹുവിനെ സന്തോഷിപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർ അതിനെ വലിച്ചെറിയേണ്ടതാണ്.

നിങ്ങൾ തീർച്ചയായും ഓർമിക്കുക! നിങ്ങളിൽ കൂറും ആത്മാർഥതയുമില്ലെങ്കിൽ നിങ്ങൾ വ്യാജന്മാരായി ഗണിക്കപ്പെടുന്നതാണ്. ദൈവസവിധത്തിൽ സത്യസന്ധരായിരിക്കില്ല. അങ്ങനെയാകുമ്പോൾ ശത്രുക്കളേക്കാൾ മുമ്പേ അവർ അതായത് ആത്മാർഥത ഉപേക്ഷിച്ചുകൊണ്ട് കലാപമാർഗ്ഗം സ്വീകരിക്കുന്നവർ നശിപ്പിക്കപ്പെടുന്നതാണ്. അല്ലാഹു വഞ്ചിതനാകുന്നതല്ല. ആർക്കും അവനെ വഞ്ചിക്കാൻ സാധ്യമല്ല. അതുകൊണ്ട് നിങ്ങൾ ശരിയായ ആത്മാർഥതയും സത്യസന്ധതയും ഉണ്ടാക്കുവിൻ.(മൽഫൂദാത്ത് വാല്യം 3, പേജ് 188-190, 1984 പതിപ്പ്)

മാത്രമല്ല തൗഹീദിന്റെ സ്ഥാപനത്തോടൊപ്പം അല്ലാഹുവിനോടുള്ള സ്നേഹത്തോടൊപ്പം അല്ലാഹുവിന്റെ ഹബീബിനോടുള്ള സ്നേഹബന്ധവും അനിവാര്യമാകുന്നു. അദ്ദേഹം മുഖേനയാണ് അല്ലാഹു നമുക്ക് തന്റെ തൗഹീദിന്റെ മാർഗങ്ങൾ കാണിച്ചുതന്നത്. നബി(സ)തിരുമേനിയോടുള്ള ബന്ധത്തിലേക്കും അവിടത്തെ അന്തസ്സും മഹത്ത്വവും സ്ഥാപിക്കുന്നതിലേക്കും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ആ മഹാത്മാവ് ഒരിടത്ത് പറയുന്നു: "അല്ലാഹു ഈ ജമാഅത്തിനെ സ്ഥാപിച്ചത് നബി(സ)തിരുമേനിയുടെ നുബുവ്വത്തും അന്തസ്സും വീണ്ടും സ്ഥാപിക്കുന്നതിനുവേണ്ടിയാണ്." പീർപൂജയിൽ ആണ്ടു കിടക്കുന്നവരും, ഖബ്റുകളെ പൂജിക്കുന്നവരും എന്നിട്ട് തങ്ങൾ നബി(സ)തിരുമേനിയിൽ ലയിച്ചവരാണെന്ന് പറയുന്നവരും നമ്മളെ കാഫിർ എന്ന് പറയുന്നവരും അഹ്മദി നഊദുബില്ലാഹ് നബി(സ) തിരുമേനിയെ നിന്ദിക്കുന്നവരാണെന്ന് വിളംബരം ചെയ്യുന്നു. അവരെക്കുറിച്ച് ആ മഹാത്മാവ് പറയുന്നു: "ഒരാൾ ആരുടെയെങ്കിലും പ്രേമിയാണെന്ന് പറയുന്നു. അയാളെപ്പോലെ ആയിരക്കണക്കിന് ഏതെങ്കിലും വ്യക്തി ആരുടെയെങ്കിലും പ്രേമി എന്ന് പറയപ്പെടുന്നു. അയാളെപ്പോലെ ആയിരക്കണക്കിന് വേറെയുമുണ്ട്. അങ്ങനെ വരുമ്പോൾ അയാളുടെ സ്നേഹത്തിനും പ്രേമത്തിനും എന്ത് പ്രത്യേകതയാണുള്ളത്?"

അതായത് ഒരാൾ ആരുടെയെങ്കിലും പ്രേമിയാണെന്ന് പറയപ്പെടുന്നു. പക്ഷേ, അതിനോടൊപ്പം അയാൾ ധാരാളം പ്രേമഭാജനങ്ങളെ ആക്കിയിട്ടുമുണ്ട്. അപ്പോൾപ്പിന്നെ ആരെയാണോ സ്നേഹിക്കുന്നത് അവനെന്ത് പ്രത്യേകതയാണ് അവശേഷിക്കുന്നത്? നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിലും അനുരക്തിയിലും ലീനരാണെങ്കിൽ അതായത് നബി(സ)തിരുമേനിയുടെ പ്രേമികളാണെന്നു പറയുമ്പോൾ നബി(സ)തിരുമേനിയുടെ സ്നേഹത്തിൽ ലീനരാണെന്നു വാദിക്കുമ്പോൾ ആയിരക്കണക്കിന് ദർഗകളേയും ഖബ്റുളേയും പൂജിക്കുന്നതെന്തിനാണ്. നിരവധി ദർഗകളിലും ഖബറുകളിലും പോവുകയും അവിടെ നേർച്ചകൾ നേരുകയും പ്രാർഥിക്കുകയും ചെയ്യുന്നു. മാത്രമല്ല അവിടെ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നു. പരിശുദ്ധ മദീനയിൽ പോകുന്നില്ല, മറിച്ച് അജ്മീറിലും മറ്റു ദർഗകളിലും തലമറക്കാതെയും നഗ്നപാദരായും പോകുന്നു. തങ്ങൾ കരുതുന്ന പുണ്യസ്ഥലങ്ങളിലൂടെ കടന്ന് പോകുന്നതുതന്നെ മോക്ഷത്തിന് മതിയായതാണെന്നു അവർ കരുതുന്നു. ചിലർ എന്തെങ്കിലും കൊടി നാട്ടിയിട്ടുണ്ടാകും. ചിലർ മറ്റെന്തെങ്കിലും രൂപം സ്വീകരിച്ചിട്ടുണ്ടാകും,. അവരുടെ നേർച്ചകളും മേളകളും കാണുമ്പോൾ സത്യവാനായ മുസ്‌ലിമിന്റെ ഹൃദയം വിറ കൊള്ളുകയാണ്. ഇവർ ഇത് എന്തൊക്കെയാണ് സ്വീകരിച്ചുവെച്ചിരിക്കുന്നത്! ഇൻഡോ പാക്ക് ഉപഭൂഖണ്ഡത്തിൽ ഈ കാര്യങ്ങളെല്ലാം പൊതുവെ കാണപ്പെടുന്നു. അല്ലാഹുവിന് ഇസ്‌ലാമിനെ കുറിച്ച് അഭിമാനം ഇല്ലായിരുവെങ്കിൽ *ഇന്നദ്ദീന ഇൻദല്ലാഹിൽ ഇസ്‌ലാം* എന്നത് ദൈവ വചനം അല്ലായിരുന്നെങ്കിൽ *ഇന്നാ നഹ്നു നസ്സൽനദ്ദിക്റാ വ ഇന്നാ ലഹു ല ഹാഫിളൂൻ* എന്ന് അവൻ പറഞ്ഞില്ലായിരുന്നുവെങ്കിൽ തീർച്ചയായും ഇന്ന് ഇസ്‌ലാമിലുണ്ടായിട്ടുള്ള ഈ അവസ്ഥകൾക്കനുസരിച്ച് അത് ഉടച്ചു വാർത്തിട്ടുണ്ടാകുമെന്നതിൽ ഒരു സംശയവുമില്ല. എന്നാൽ, അല്ലാഹുവിന്റെ ആത്മാഭിമാനം അലയടിച്ചുയരുകയും അവന്റെ കാരുണ്യവും സംരക്ഷണ വാഗ്ദാനവും ആവശ്യപ്പെടുകും ചെയ്തത് നബി(സ)തിരുമേനിയുടെ പ്രതിരൂപം വീണ്ടും അവതരിക്കണമെന്നാണ്. ഈ കാലഘട്ടത്തിൽ തിരുനബിയുടെ നുബുവ്വത്ത് പുതുതായി ജീവിപ്പിച്ചു കാണിക്കണമെന്നാണ്. ആയതിനാൽ അവൻ ഈ ജമാഅത്ത് സ്ഥാപിച്ചു. എന്നെ ദൈവനിയോഗിതനും മഹ്ദിയുമായി അയച്ചു."(മൽഫൂദാത്ത് വാല്യം 3, പേജ് 92,സ 1984 പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അവൻ എന്നെ ദൈവനിയോഗിതനും മഹ്ദിയുമായി അയച്ചിരിക്കുന്നു."അതിനാൽ നമ്മളിലും മറ്റുള്ളവരിലും വ്യക്തമായ വ്യത്യാസം ഉണ്ടാക്കിക്കാണിക്കുക എന്നത് നമ്മുടെ നിർബന്ധകടമയാണ്. അപ്പോൾ മാത്രമെ നമുക്ക് ബയ്അത്തിനോടുള്ള കടമകൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ദൈവത്തോടുള്ള സ്നേഹത്തിലും തിരുനബി(സ)യോടുള്ള പ്രേമത്തിലും അനിതരസാധാരണമായ മാതൃകകൾ സ്ഥാപിക്കുവിൻ.

സ്വന്തം നാവുകളെ തസ്ബീഹ്, തഹ്മീദ് സ്വലാത്ത് എന്നിവകൊണ്ട് ആർദ്രമാക്കിവെക്കാൻ ശ്രമിക്കുക. സ്വഹാബക്കളുടെ മാതൃക സ്വായത്തമാക്കാനും അവരിലുണ്ടായിരുന്നതുപോലുള്ള ആത്മാർഥതയും കൂറും സൃഷ്ടിക്കുവാനും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹു ഈ ജമാഅത്ത് സ്ഥാപിക്കുകയും ഇതിനെ സഹായിച്ചുകൊണ്ട് ആയിരക്കണക്കിന് ദൃഷ്ടാന്തങ്ങൾ പ്രകടമാക്കുകയും ചെയ്തു. അതുകൊണ്ടുള്ള ഉദ്ദേശ്യം ഈ ജമാഅത്ത് സ്വഹാബാക്കളുടെ ജമാഅത്തായിരിക്കണം എന്നതാണ്. പിന്നീട് ഖയ്റുൽഖുറൂനിന്റെ അതായത് ഉത്തമനൂറ്റാണ്ടുകളുടെ കാലം വരണം. ഈ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളവർ ആഖരീനെ മിൻഹുമിൽ പ്രവേശിക്കുന്നു. അതിനാൽ അവർ വ്യാജമായ പണികളുടെ കുപ്പായം ഊരിവെക്കുക. അഹ്മദി ആകുന്നതിന് വ്യാജമായ പണികൾ അവസാനിക്കേണ്ടതാണ്. "നിങ്ങളുടെ എല്ലാ ശ്രദ്ധയും അല്ലാഹുവിലേക്കാക്കുക. ഫയ്ജ് അഅ്വജിന്റെ അതായത് കളവിന്റെ കാലത്തിന്റെ ശത്രുവാകണം. ഇസ്‌ലാമിൽ മൂന്ന് കാലഘട്ടം കഴിഞ്ഞുപോയി. ഒന്ന് മൂന്ന് നല്ല നൂറ്റാണ്ട്, അതിനുശേഷം കളവിന്റെ കാലഘട്ടം അതിനെ സംബന്ധിച്ച് നബി(സ)തിരുമേനി പറഞ്ഞത് *ലയ്സുമിന്നീ വ ലസ്തു മിൻഹും* എന്നാണ്. അതായത് അവർ എന്നിൽ പെട്ടവരല്ല ഞാൻ അവരിൽ പെട്ടവനുമല്ല. മൂന്നാമത്തെ കാലഘട്ടം മസീഹ് മൗഊദിന്റെ കാലഘട്ടമാണ്. അത് നബി(സ)തിരുമേനിയുടെ കാലവുമായി ബന്ധപ്പെട്ടതാണ്. അല്ലെങ്കിൽ യഥാർഥത്തിൽ അത് നബി(സ)തിരുമേനിയുടെ കാലഘട്ടമാണ്. കളവിന്റെ കാലഘട്ടത്തെ കുറിച്ച് നബി(സ)തിരുമേനി പറഞ്ഞില്ലായിരുന്നെങ്കിൽത്തന്നെയും വിശുദ്ധ ഖുർആൻ നമ്മുടെ കൈകളിലുണ്ട്. അതിൽ വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം(62:4) വ്യക്തമായും പ്രകടിപ്പിക്കുന്നത് ഏതോ കാലം സ്വഹാബാക്കളുടെ നീരുറവിന് വിരുദ്ധമായിട്ടുണ്ടെന്നാണ്." അതായത് ഇവരുടെ കർമം അവരിൽനിന്ന് വ്യത്യസ്തമായിരിക്കും. സംഭവങ്ങളും പറഞ്ഞുതരുന്നത് ഈ ആയിരം വർഷങ്ങൾക്കിടയിൽ ഇസ്‌ലാമിന് പല ബുദ്ധിമുട്ടുകൾക്കും പ്രയാസങ്ങൾക്കും കുറിമാനമാകേണ്ടിവന്നുവെന്നാണ്." ദീൻ ദുഷിച്ചുകൊണ്ടിരുന്നു. "കുറച്ചാളുകൾ ഒഴികെ മറ്റെല്ലാവരും ഇസ്‌ലാമുപേക്ഷിച്ചു. മുഅ്തസല, അബാഹത്തി തുടങ്ങി ധാരാളം കക്ഷികളുണ്ടായി."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അതേപോലെ ഇസ്‌ലാമിന്റെ അനുഗ്രഹങ്ങളുടെ മാതൃക ഇല്ലാതായ ഒരു കാലവും അതിനുമുമ്പേ ഉണ്ടായിട്ടില്ലെന്ന് നാം സമ്മതിക്കുന്നു. എന്നാൽ, ആ ഇടക്കാലഘട്ടത്തിലും മഹാത്മാക്കളായ അബ്ദാലുകളും വലിയുല്ലാഹ്മാരും കഴിഞ്ഞുകടന്നിട്ടുണ്ട്. അവരുടെ അംഗസംഖ്യ സിറാത്തെമുസ്തഖീമിൽനിന്ന്

**• അല്ലാഹുവിന്റെ കലാം: •**

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല." (വിശുദ്ധ ഖുർആൻ 51:57)**

**താലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• അല്ലാഹുവിന്റെ കലാം: •**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?" (വിശുദ്ധ ഖുർആൻ 54:18)**

**താലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 26 January 2022 Issue-4

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

വ്യതിചലിച്ചു ദൂരത്തുപോയ കോടിക്കണക്കിന് മനുഷ്യരെ നോക്കുമ്പോൾ തുലോം കുറവായിരുന്നു. അവർ ഒന്നും തന്നെ അല്ലായിരുന്നു. അതിനാലാണ് നബി(സ)തിരുമേനി നുബുവ്വത്തിന്റെ കണ്ണുകളിലൂടെ ഈ കാലഘട്ടത്തെ ദർശിച്ചുകൊണ്ട് കളവിന്റെ കാലഘട്ടം എന്ന് പേര് നൽകിയത്. എന്നാൽ, അല്ലാഹു ഒരു വലിയ കൂട്ടം ആളുകളെ സൃഷ്ടിച്ചുകൊണ്ട് അവരെ സ്വഹാബാക്കളുടെ സമൂഹം എന്ന വിളിക്കാൻ ഉദ്ദേശിച്ചിരുന്നു. അതിനാൽ അല്ലാഹുവിന്റെ പ്രകൃതിനിയമമാണ് അവനാൽ സ്ഥാപിതമായ ജമാഅത്തും ഘട്ടം ഘട്ടമായി ഉന്നതി കൈവരിക്കുകയെന്നത്. അതിനാൽ നമ്മുടെ ജമാഅത്തിന്റെ ഉന്നതിയും ഘട്ടം ഘട്ടമായും 'ഗുസറഅ്' അതായത് കൃഷിപോലെയുമായിരിക്കും." എപ്രകാരം വിളവ് പതുക്കെപ്പതുക്കെ വർധിക്കുന്നുവോ അതുപോലെ വർധിക്കുന്നതായിരിക്കും. "ആ ഉദ്ദേശ്യങ്ങളും അർഥങ്ങളും നിലത്ത് വിതയ്ക്കപ്പെട്ട വിത്തുപോലെയാണ്. അല്ലാഹു ഇതിനെ എത്തിക്കാൻ ആഗ്രഹിക്കുന്ന ഉന്നതമായ പദവികളും സ്ഥാനങ്ങളും ഇപ്പോൾ വളരെ ദൂരത്താണ്. ഈ ജമാഅത്ത് രൂപീകരിച്ചതുകൊണ്ടുള്ള അല്ലാഹുവിന്റെ ഇച്ഛയുടെ പ്രത്യേകതകൾ ഉണ്ടാകാത്തിടത്തോളം അതു കരസ്ഥമാകുകയില്ല.

തൗഹീദിന്റെ ഏറ്റുപറച്ചിലിലും പ്രത്യേക വർണംവേണം. തബ്ത്തുൽ ഇലല്ലായും ഒരു പ്രത്യേക വർണത്തിലുള്ളതാവണം. ദിക്റെ ഇലാഹിയിലും പ്രത്യേക വർണം വേണം. നമ്മുടെ സഹോദരങ്ങളോടുള്ള കടമ നിർവഹിക്കുന്നതിലും ഒരു "പ്രത്യേക വർണംവേണം."(മൽഫൂദാത്ത് വാല്യം 3, പേജ് 94–95,1984 പതിപ്പ്) അതുകൊണ്ട് ഇതാണ് നമ്മുടെ ഉദ്ദേശ്യം. അത് സ്വായത്തമാക്കാനായി നമ്മൾ പരിശ്രമിക്കേണ്ടതാണ്. അപ്പോൾ ജമാഅത്തിന്റെ പുരോഗതിയും നമ്മൾ കാണുന്നതായിരിക്കും.

പിന്നീട് വിശുദ്ധ ഖുർആൻ ശ്രദ്ധയോടും മനസ്സിലാക്കിയും പഠിക്കുന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:"വിശുദ്ധ ഖുർആൻ പൂർവ ഗ്രന്ഥങ്ങളുടേയും നബിമാരുടേയും മേൽ നന്മ ചെയ്തിരിക്കുന്നുവെന്ന കാര്യം ഓർക്കേണ്ടതാണ്. അതിൽ കഥകളുടെ അടിസ്ഥാനത്തിൽ അടങ്ങിയിരുന്ന അധ്യപനങ്ങൾക്ക് അറിവിന്റെ നിറം ചാർത്തിയിരിക്കുന്നു. ഞാൻ സത്യമായും പറയുന്നു, വിശുദ്ധ ഖുർആൻ പഠിക്കാത്തിടത്തോളം ആർക്കും ആ കഥകളിൽനിന്നും വൃത്താന്തങ്ങളിൽനിന്നും മോക്ഷം ലഭിക്കുകയില്ല. കാരണം വിശുദ്ധ ഖുർആനിന്റെ മഹിമാവിലാസമാണ് അത് *ഇന്നഹു ലഖൗലുൻ ഫസ്‌ലുൻ വ്വമാ ഹുവാ ബിൽ ഹസ്‌ൽ* എന്നത്. അതായത് നിശ്ചയമായും ഇതൊരു ഖണ്ഡിതമായ വചനമാകുന്നു. ഇതു വിനോദവാക്കല്ല. അത് തുലാസ്സാണ്, രക്ഷാപാലകനാണ്, പ്രകാശമാണ്, രോഗശമനമാണ്, കാരുണ്യമാണ്. ആരാണോ വിശുദ്ധ ഖുർആൻ പഠിക്കുകയും അതിനെ കഥകളായി മനസ്സിലാക്കുകയും ചെയ്യുന്നത് അവർ വിശുദ്ധ ഖുർആൻ പഠിക്കുകയല്ല മറിച്ച് അനാദരവാണ് കാണിച്ചിരിക്കുന്നത്. നമ്മുടെ എതിരാളികൾക്ക് എന്തുകൊണ്ടാണ് നമ്മോടുള്ള എതിർപ്പിൽ ഇത്രയധികം തീവ്രതയുള്ളത്? അല്ലാഹു വിശുദ്ധ ഖുർആനിനെ സംബന്ധിച്ച് അത് പ്രകാശവും തത്ത്വസംഹിതയുമാണെന്ന് പറഞ്ഞിരിക്കുന്നത് നാം കാണിക്കാൻ ശ്രമിക്കുന്നു. എന്നാൽ, മറ്റുള്ളവർ വിശുദ്ധ ഖുർആനിനെ സാധാരണ കഥകൾക്കുള്ള സ്ഥാനമാണ് നൽകുന്നത്. പക്ഷേ, ഇത്തരം പ്രവൃത്തികൾ നമുക്ക് അസഹനീയമാണ്. വിശുദ്ധ ഖുർ ആൻ ജീവനുള്ളതും പ്രകാശപൂരിതവുമായ ഗ്രന്ഥമാണെന്ന യാഥാർഥ്യം അല്ലാഹു അവന്റെ കാരുണ്യത്താൽ നമ്മിലൂടെ കാണിച്ചിരിക്കുന്നു. അതിനാൽ നാം അവരുടെ എതിർപ്പിനെ എന്തിന് വിലവെക്കണം. ഞാനുമായി ബന്ധം പുലർത്തുന്നവരോട് ഞാൻ വീണ്ടും വീണ്ടും ഉപദേശിക്കുകയാണ്. "അല്ലാഹു ഈ ജമാഅത്തിനെ കശ്ഫെ ഹഖാഇഖിനുവേണ്ടിയാണ് സ്ഥാപിച്ചിട്ടുള്ളത്"

യാഥാർഥ്യങ്ങൾ പ്രകടിപ്പിക്കുന്നതിനുവേണ്ടിയാണ് സ്ഥാപിച്ചിട്ടുള്ളത്. വെളിപ്പെടുത്തുന്നതിനാണ് സൃഷ്ടിച്ചിരിക്കുന്നത്. അതായത് സത്യത്തെ കാണിച്ചുകൊടുക്കുന്നതിനായിട്ടാണ് സ്ഥാപിച്ചിരിക്കുന്നത്. അതിന് ആവശ്യമായ അറിവുകൾ വിശുദ്ധ ഖുർആൻ മുഖേനയെ നമുക്ക് ലഭിക്കുകയുള്ളൂ. ഇതില്ലാതെ കർമജീവിതത്തിൽ പ്രകാശവും തേജസ്സും ഉണ്ടാവുകയില്ല. സത്യമായ പ്രവർത്തനങ്ങളിലൂടെ ഇസ്ലാമിന്റെ സൗരഭ്യം ഭൂമിയിൽ പരത്താൻ ഞാനാഗ്രഹിക്കുന്നു. ഈ ഉദ്ദേശ്യസാഫല്യത്തിനായിട്ടാണ് അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നത്. അതിനാൽ വിശുദ്ധ ഖുർആൻ ധാരാളമായി പഠിക്കുക. ഒരു കഥ എന്നതിനുപകരം തത്ത്വശാസ്ത്രമാണെന്ന് മനസ്സിലാക്കിക്കൊണ്ട് പഠിക്കുക.(മൽഫൂദാത്ത് വാല്യം 3,പേജ് 155, 1984 പതിപ്പ്)

അതുകൊണ്ട് അതിന്റെ ഉദ്ദേശ്യങ്ങളും അർഥങ്ങളും വ്യാഖ്യാനങ്ങളും മനസ്സിലാക്കുന്നതിലേക്ക് ഓരോ അഹ്മദിയും ശ്രദ്ധിക്കേണ്ടതാണ്. പിന്നീട് കർമങ്ങളിലേക്ക് ശ്രദ്ധതിരിച്ചുകൊണ്ട് അതിന്റെ സൽകർമം എന്നതിനെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: വിശുദ്ധ ഖുർആനിൽ അല്ലാഹു വിശ്വാസത്തോടൊപ്പം സൽകർമവും വെച്ചിരിക്കുന്നു. ഒരുതരത്തിലുള്ള കലഹവും കുഴപ്പവും ഇല്ലാത്തതിനെയാണ് സൽകർമം എന്ന് പറയുന്നത്. ഓർമിച്ച് കൊള്ളുക! മനുഷ്യന്റെ കർമങ്ങളിൽ എപ്പോഴും കളവുകൾ ഒളിഞ്ഞു കിടക്കുന്നു. അതെന്താണ്? കളവുകൾ എന്തൊക്കെയാണ്? പ്രദർശനപരത അതായത് മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ചെയ്യുന്ന പ്രവൃത്തികൾ. അത്തരം പ്രവൃത്തികൾ ചെയ്തുകൊണ്ട് തങ്ങൾ വലിയ നന്മ ചെയ്തു എന്ന് സ്വന്തം മനസ്സിൽ സന്തോഷിക്കുന്നു. അതുമുഖേന തിന്മകളും ദുഷിച്ച പ്രവൃത്തികളും ഉണ്ടാവുന്നു. ഇതെല്ലാം തന്നെ കളവാകുന്നു. ഇതുമൂലം പ്രവൃത്തികൾ വൃത്തികെട്ടതായി തീരുന്നു. സൽകർമം എന്ന് പറഞ്ഞാൽ അതിൽ അക്രമമോ കപടതയോ അഹങ്കാരമോ അവകാശ ധ്വംസനമോ ചെയ്യാനുള്ള ചിന്ത ഉണ്ടാവുകയില്ല. ഏതുപോലെ പരലോകത്ത് മനുഷ്യൻ സൽകർമങ്ങൾ മുഖേന രക്ഷ പ്രാപിക്കുന്നുവോ അതുപോലെ ഈ ലോകത്തും രക്ഷപ്പെടുന്നതാണ്. ഒരു വീട്ടിൽ ഒരാളെങ്കിലും സൽകർമിയായിട്ടുണ്ടെങ്കിൽ വീട്ടിലുള്ള എല്ലാവരും രക്ഷപ്പെടുന്നതാണ്.

മനസ്സിലാക്കുക! നിങ്ങളിൽ സൽകർമം ഇല്ലാത്തിടത്തോളം കേവലവിശ്വാസം ഒരു ഫലവും ചെയ്യുകയില്ല. ഒരു വൈദ്യൻ മരുന്നു കുറിച്ച് നൽകുന്നു. അതിന്റെ അർഥം അതിൽ എന്താണോ കുറിച്ചിരിക്കുന്നത് അതിനനുസരിച്ച് മരുന്ന് സേവിക്കുക എന്നാണ്. എന്നാൽ, അതിലുള്ള മരുന്നുകൾ ഉപയോഗപ്പെടുത്താതെ ആ കുറിപ്പ് ഉപേക്ഷിക്കുകയാണെങ്കിൽ എന്ത് ഫലമാണ് ഉണ്ടാകുക?"

അതിനാൽ നമ്മുടെ ജോലി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ അനുസരിച്ച് പ്രവൃത്തിക്കുന്നവരായി മാറുക എന്നതാണ്. ഇത് വളരെ അധികം നിർബന്ധമാണ്. അതല്ലെങ്കിൽ ബയ്അത്തുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാവുന്നതല്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഈ അവസരത്തിൽ നിങ്ങൾ തൗബ ചെയ്തിരിക്കുന്നു. തൗബമൂലം നിങ്ങൾ എത്രമാത്രം പരിശുദ്ധി കൈവരിച്ചിരിക്കുന്നുവെന്ന് അല്ലാഹു കാണാനാഗ്രഹിക്കുന്നു. ഇക്കാലത്ത് അല്ലാഹു തഖ്‌വാ അഥവാ ഭയഭക്തി മുഖേന വ്യത്യാസം കാണിക്കാനാഗ്രഹിക്കുന്നകയാണ്. അല്ലാഹുവിനെ കുറിച്ച് പരാതിപ്പെടുന്ന ധാരാളമാളുകളുണ്ട്. സ്വന്തം ആത്മാവിലേക്ക് നോക്കുന്നുമില്ല. മനുഷ്യന്റേത് അവൻ തന്നെ ചെയ്യുന്ന അക്രമങ്ങളാണ്. അല്ലാഹു കാരുണ്യവാനും ഉദാരനുമാകുന്നു.

ചിലയാളുകളുണ്ട്. അവർക്ക് പാപത്തെ കുറിച്ച് അറിവുണ്ടാകുന്നു. ചിലർക്ക് പാപത്തെ കുറിച്ച് അറിവുണ്ടാകുകയില്ല. അതുകൊണ്ടാണ് അല്ലാഹു എപ്പോഴും ഇസ്തിഗ്ഫാർ ചൊല്ലാൻ കൽപിച്ചിരിക്കുന്നത്. മനുഷ്യൻ തിന്മയിൽ അകപ്പെടുന്ന എന്തുകാര്യം എപ്പോൾ പറയുമെന്ന അറിവില്ല. അതിനാൽ, മനുഷ്യൻ എപ്പോഴും ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്. എന്നാൽ, മാത്രമേ അറിവുള്ളതാണെങ്കിലും അറിവില്ലാത്തതാണെങ്കിലും പ്രകടമായതാണെങ്കിലും അല്ലാത്തതാണെങ്കിലും അത്തരം തിന്മകളിൽ നിന്നും കൈകാലുകളിൽ നിന്നും ചെവി കണ്ണ് നാവ് എന്നിവയിൽ നിന്നുണ്ടാവുന്ന തിന്മകളിൽ നിന്നും രക്ഷകിട്ടുകയുള്ളു. ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ഇക്കാലത്ത് ആദം(അ)ന്റെ ദുആ ചെയ്യേണ്ടതാണ്." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ആദം(അ)ന്റെ ദുആ ചൊല്ലേണ്ടതാണ്. എന്താണ് ആ ദുആ. *റബ്ബനാ ളലംനാ അൻഫുസനാ വ ഇൻല്ലം തഗ്ഫിർലനാ വ തർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ*(7:24). ഈ ദുആ ആദ്യമെതന്നെ സ്വീകരിച്ചു കഴിഞ്ഞതാണ്. അശ്രദ്ധനായിക്കൊണ്ട് ജീവിക്കരുത്. ആരാണോ ശ്രദ്ധയോടുകൂടി ജീവിക്കുന്നത് അവർ ഒരു തരത്തിലുള്ള ബുദ്ധിമുട്ടുകളിലും അകപ്പെടുന്നതല്ല. പ്രയാസങ്ങൾ അനുമതി ഇല്ലതെ വരുകയില്ല. എനിക്ക് *റബ്ബി കുല്ലി ശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസുർനീ വർഹംനീ* എന്ന ദുആ ഇൽഹാമുണ്ടായി.(മൽഫൂദാത്ത് വാല്യം 4, പേജ് 274–276, 1984 പതിപ്പ്) ഈ ദൂആയും ചൊല്ലിക്കൊണ്ടിരിക്കാൻ അവിടന്ന് ഉപദേശിക്കുകയുണ്ടായി.

പിന്നീട് അവിടന്ന് പറയുന്നു: "ഓർത്തുകൊള്ളുക! ആത്മാവിന്റെ പരിശുദ്ധിയിലൂടെയാണ് ബുദ്ധി ഉണ്ടാവുക. മനുഷ്യൻ തന്റെ ആത്മാവിനെ പരിശുദ്ധമാക്കുന്നതിനനുസരിച്ച് ബുദ്ധി വർധിക്കുന്നതാണ്. മലക്കുകൾ മുന്നിൽനിന്നുകൊണ്ട് സഹായിക്കുന്നതാണ്. നീചമായ നിലയിൽ വസിക്കുന്നവന്റെ തലച്ചോറിൽ പ്രകാശം ഉണ്ടാവുന്നതല്ല. അല്ലാഹു നിങ്ങളുടെ കൂടെ ഉണ്ടാവണമെങ്കിൽ തഖ്‌വാ അഥവാ ഭയഭക്തി കൈക്കൊള്ളുക.

(തുടരും)

---

**(പേജ് 8ൽനിന്ന്)**

ആത്മാവിൽ സത്യസന്ധതയും പരിശുദ്ധിയും സ്ഥൈര്യവും ദൈവഭയവും ഉണ്ടായിരുന്നു. എല്ലാ ലോകവും മുർതദ്ദാകുകയാണെങ്കിലും അദ്ദേഹം അത് ഗൗനിക്കുമായിരുന്നില്ല, പിന്മാറുകയും ചെയ്തിരുന്നില്ല. മറിച്ച് സദാസമയവും തന്റെ ചുവടുകൾ മുന്നോട്ടുതന്നെ വെച്ചു. ഇതായിരുന്നു ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ). അദ്ദേഹം അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിൽ തന്നെ ലീനനാക്കി.

ബദ്രീ സ്വഹാബാക്കളെ കുറിച്ചുള്ള അനുസ്മരണത്തിൽ അവസാനമുണ്ടായിരുന്ന ഈ ഭാഗം ഇവിടെ തീരുകയാണ്. ചില സ്വഹാബാക്കളെ കുറിച്ച് ഞാൻ തുടക്കത്തിൽ വിവരിച്ചതിൽ ചില വിശദീകരണങ്ങൾ പിന്നീട് വന്നിട്ടുണ്ട്. അത് പിന്നീട് അവസരം കിട്ടുമ്പോൾ വിവരിക്കുന്നതാണ്. അല്ലെങ്കിൽ പിന്നീട് ബദ്രി സ്വഹാബാക്കളെ കുറിച്ചുള്ള ഈ കാര്യങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ ഈ കാര്യങ്ങൾ ഉൾപെടുത്തുന്നതാണ്.

അല്ലാഹു നമുക്ക് ഈ സ്വഹാബാക്കളുടെ ചവിട്ടടികളിലൂടെ നടക്കാൻ സൗഭാഗ്യം നൽകുമാറാകട്ടെ. നമുക്ക് നക്ഷത്രങ്ങളെപോലെ പ്രകാശം നൽകുന്നവർ ഇവർ തന്നെയാകട്ടെ. അവർ സ്ഥാപിച്ചെടുത്ത നിലവാരം നമുക്കും സ്ഥാപിക്കാൻ സൗഭാഗ്യം നൽകുമാറാകട്ടെ.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin